34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 06, 2026 Vol. XXXIV No. 14


- 3 ദേവസ്വം ക്ഷേത്രങ്ങളിലെ സ്വർണം കാണാനില്ലെന്ന്
- 6 ചരിത്രത്തിലേക്ക് പറന്നുയർന്ന് ആർട്ടെമിസ് 2
- 10 എഫ്സിആർഎ ബിൽ മാറ്റിവെച്ചു
- 14 സിഎംഎ കലാമേള 2026 വിസ്മയമായി
- 22 വാർദ്ധക്യത്തിലെ വീട്


# തെരഞ്ഞെടുപ്പ്: പരസ്യപ്രചാരണം അവസാനഘട്ടത്തിൽ

തിരുവനന്തപുരം: അടുത്ത അഞ്ചു വർഷം കേരളം ആര് ഭരിക്കണമെന്ന് ജനം വിധിയെഴുതാൻ ഇനി രണ്ട് ദിവസംകൂടി മാത്രം. തുടക്കത്തിൽ പ്രതി



പക്ഷ നേതാവ് വി.ഡി. സതീശൻ തൊടുത്തുവിട്ട സിപിഎം–ബിജെപി ഡീൽ ആരോപണം അവസാന ഘട്ടത്തിലും നിന്നു കത്തുകയാണ്. ഒപ്പംതന്നെ ഈ തെരഞ്ഞെടുപ്പിൽ ഗാരന്റികളും സജീവ ചർച്ചാവിഷയമാകുന്നു. ഓരോ നിമിഷവും മാറിമറിയുന്ന രാഷ്ട്രീയ വിവാദങ്ങളും. എസ്ഡിപിഐ, ജമാഅത്ത് ഇസ്‌ലാമി ബന്ധവുമൊക്കെ എരിതീയിൽ എണ്ണയാകുന്നു. ശബരിമല സ്വർണക്കൊള്ളയും തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ തൃശൂരിലെ സൗജന്യ കിറ്റ് വിതരണവുമൊക്കെ വിഷയങ്ങളായി. പ്രചാരണം അവസാന ഘട്ടത്തിലേക്ക് അടുക്കുമ്പോൾ മൂന്നു മുന്നണികളും ആത്മവിശ്വാസത്തിലാണ്.

ഭരണവിരുദ്ധ വികാരവും സിപിഎം–ബിജെപി ഡീലും ശബരിമല സ്വർണക്കൊള്ളയും ഇന്ദിരാ ഗാരന്റിയുമൊക്കെ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളമെമ്പാടും വോട്ടായി അലയടിക്കുമെന്നാണ് യുഡിഎഫ് പ്രതീക്ഷ. ഇതാണ് നൂറിലധികം സീറ്റുകൾ നേടി തിരിച്ചെത്തുമെന്ന യുഡിഎഫ് അവകാശവാദത്തിന്റെ കരുത്ത്. സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി, സർക്കാരിന്റെ ധൂർത്ത്, വിലക്കയറ്റം, കെട്ടിട, ഭൂനികുതി, വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവ കുത്തനെ ഉയർത്തിയതുമൊക്കെ ഭരണവിരുദ്ധ വികാരം ആളിക്കത്തിക്കുമെന്നും സർക്കാർ ആശുപത്രികളിലെ ദൈന്യാവസ്ഥ, ഗുണ്ടായിസം, സ്വജന പക്ഷപാതം എന്നിവയും സർക്കാർ വിരുദ്ധ വോട്ടുകളാകുമെന്നാണ് യുഡിഎഫ് ക്യാമ്പ് പറയുന്നത്.

രാഹുൽ ഗാന്ധിയടക്കമുള്ള ദേശീയ നേതാക്കളാണ് യുഡിഎഫ് പ്രചാരണം നയിച്ചത്. എല്ലാവരും ലക്ഷ്യമിടുന്നത് മുഖ്യമന്ത്രി പിണറായി വിജയനെയാണ്. ഇതോടൊപ്പം സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യയാത്ര അടക്കമുള്ള ഇന്ദിരാ ഗാരന്റിയും ക്ഷേമപെൻഷൻ 3000 രൂപയാക്കി ഉയർത്തുമെന്നും സർക്കാർ ജീവനക്കാരുടെ മാതൃകയിൽ ക്ഷേമപെൻഷൻ കമ്മീഷൻ രൂപീകരിക്കുമെന്നുമൊക്കെയുള്ള പ്രകടനപത്രികയിലെ പ്രഖ്യാപനങ്ങളും താഴെത്തട്ടിൽ വലിയ പ്രതികരണമുണ്ടാക്കുന്നുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറയുന്നു.

കഴിഞ്ഞ പത്ത് വർഷമായി ജനങ്ങൾ നേരിട്ട് അനുഭവിച്ച ഭരണനേട്ടങ്ങളാണ് തുടർഭരണമെന്ന എൽഡിഎഫ് ക്യാമ്പിന്റെ പ്രതീക്ഷയ്ക്കു പിന്നിൽ. (ശേഷം 34–ാം പേജിൽ)

# 45 ദിവസത്തെ വെടിനിർത്തൽ ചർച്ചകൾ പുരോഗമിക്കുന്നു

വാഷിങ്ടൺ: പശ്ചിമേഷ്യൻ യുദ്ധം അവസാനിക്കാൻ വഴിതെളിച്ചേക്കാവുന്ന 45 ദിവസത്തെ വെടിനിർത്തൽ കരാറിന്റെ വ്യവസ്ഥകൾക്കായുള്ള ചർച്ചയിൽ യുഎസും ഇറാനും മധ്യസ്ഥരാജ്യങ്ങളും ഏർപ്പെട്ടിരിക്കുന്നതായി റിപ്പോർട്ട്. യുഎസ്, ഇസ്രയേൽ ചർച്ചകളെക്കുറിച്ച് അറിവുള്ള പ്രാദേശിക വൃത്തങ്ങൾ എന്നിവരെ ഉദ്ധരിച്ച് ആക്സിയോസ് ആണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

രണ്ട് ഘട്ടമായി നടപ്പാക്കാവുന്ന കരാറിനു വേണ്ടിയുള്ള ചർച്ചയാണ് പുരോഗമിക്കുന്നത്. ഇതിന്റെ ആദ്യഘട്ടത്തിൽ താത്കാലിക വെടിനിർത്തൽ കൊണ്ടുവരികയും ആ സമയത്ത് യുദ്ധം അവസാനിപ്പിക്കാനുള്ള ഉടമ്പടികളിൽ എത്തിച്ചേരുകയും ചെയ്യുക, രണ്ടാം ഘട്ടത്തിൽ യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള സമഗ്രമായ കരാർ കൊണ്ടുവരിക. ചർച്ചകൾക്ക് കൂടുതൽ സമയം ആവശ്യമാണെങ്കിൽ വെടിനിർത്തൽ ദീർഘിപ്പിക്കും.

പാക്കിസ്ഥാൻ, ഈജിപ്റ്റ്, തുർക്കി എന്നിവരാണ് ചർച്ചകളിൽ മധ്യസ്ഥത വഹിക്കുന്നതെന്നാണ് സൂചന. കൂടാതെ യുഎസിന്റെ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫും ഇറാന്റെ വിദേശകാര്യമന്ത്രി അബ്ബാസ് അഘ്രാചിയും തമ്മിൽ സന്ദേശങ്ങൾ കൈമാറിയതായും വിവരമുണ്ട്. ഹോർമുസ് കടലിടുക്ക് പൂർണമായി തുറക്കൽ, ഇറാന്റെ യുറേനിയം സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കൽ എന്നിവ രണ്ടാം ഘട്ടത്തിലേ സാധ്യമാകൂ എന്നാണ് മധ്യസ്ഥർ വിലയിരുത്തുന്നത്. (ശേഷം 34–ാം പേജിൽ)

# 'അഞ്ച് കിലോ സിലിണ്ടർ' വിപണിയിലിറക്കി ഐഒസി

പരവൂർ: പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് ഇന്ത്യയിൽ പാചകവാതക വിതരണത്തിൽ നേരിടുന്ന കടുത്ത പ്രതിസന്ധിക്ക് ആശ്വാസവുമായി ഇന്ത്യൻ ഓയിൽ കോർപറേഷൻ. സാധാരണ ഗ്യാസ് സിലിണ്ടറുകൾക്കായി കാത്തുനിൽക്കാതെ പെട്ടെന്ന് ലഭ്യമാകുന്ന അഞ്ച് കിലോയുടെ 'ചോട്ടു' സിലിണ്ടറുകൾ വിപണിയിൽ സജീവമാക്കാനാണ് കമ്പനിയുടെ തീരുമാനം. ഇറാൻ ഉൾപ്പെട്ട യുദ്ധസാഹചര്യം കാരണം ഹോർമുസ് കടലിടുക്ക് വഴിയുള്ള പാചകവാതക ഇറക്കുമതി തടസപ്പെട്ടതോടെ ഇന്ത്യയിലെ പല നഗരങ്ങളിലും ഗ്യാസ് ഏജൻസികൾക്ക് മുന്നിൽ ഉപഭോക്താക്കളുടെ നീണ്ട ക്യൂ ദൃശ്യമാണ്. ഈ സാഹചര്യത്തിലാണ് സാധാരണക്കാർക്കും കുറഞ്ഞ വരുമാനക്കാർക്കും ഒരുപോലെ ഉപകാരപ്പെടുന്ന പദ്ധതിയുമായി എണ്ണക്കമ്പനി രംഗത്തെത്തിയത്. 'ചോട്ടു' സിലിണ്ടർ സ്വന്തമാക്കാൻ മുൻകൂട്ടി ബുക്കിംഗോ സ്ഥിരം ഗ്യാസ് കണക്ഷനോ ആവശ്യമില്ലെന്നതാണ് പ്രധാന സവിശേഷത. (ശേഷം 34–ാം പേജിൽ)




# ആർട്ടെമിസ് 2 ചന്ദ്രന് അരികിലേക്ക്

വാഷിംഗ്ഡൺ ഡിസി: നാസയുടെ ചാന്ദ്രദൗത്യമായ ആർട്ടെമിസ് 2 വിജയകരമായി വിക്ഷേപിച്ചു. ഇന്ത്യൻ സമയം ഏപ്രിൽ മൂന്നിന് പുലർച്ചെ 4.30–ഓടെ കെന്നഡി സ്പേസ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം. റീഡ് വൈസ്മാൻ, വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോച്ച് എന്നീ നാസയുടെ ബഹിരാകാശ യാത്രികരും കനേഡിയൻ സ്പേസ് ഏജൻസിയുടെ ബഹിരാകാശയാത്രികനായ ജെറമി ഹാൻസനുമടക്കം നാലു യാത്രികരുമായാണു നാസയുടെ കരുത്തുറ്റ റോക്കറ്റ് സ്പേസ് ലോഞ്ച് സിസ്റ്റം (എസ്എൽഎസ്) ചന്ദ്രനെ ലക്ഷ്യമാക്കി യാത്ര തിരിച്ചത്. ഭൂമിയിൽനിന്നു കാണാൻ സാധിക്കാത്ത ചന്ദ്രന്റെ വിദൂരവശത്തിന്റെ ചിത്രങ്ങൾ യാത്രികർ എടുക്കും. ചന്ദ്രന് 6000 കിലോമീറ്റർ അടുത്തുവരെ പേടകം എത്തും.

അപ്പോളോ 8 ദൗത്യത്തിൽ ചിത്രീകരിച്ച എർത്ത്റൈസ് എന്ന ചിത്രം ആധുനിക കാമറകൾ ഉപയോഗിച്ച് വീണ്ടും പകർത്താനും ലക്ഷ്യമിടുന്നു. ആറ് മണിക്കൂർ വരെ നീളുന്നതാകും ഈ ഘട്ടം. ഇതിനിടെ 40 മിനിറ്റോളം ഭൂമിയിൽനിന്നു പേടകത്തിലേക്കും തിരിച്ചുമുള്ള ആശയവിനിമയം അസാധ്യമാകും.

വിദൂരവശത്തായതിനാൽ പേടകത്തിനും ഭൂമിക്കും ഇടയിൽ ചന്ദ്രൻ മറ സൃഷ്ടിക്കുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇതു ചന്ദ്രയാത്രയിൽ പതിവുള്ളതാണെന്നും ഇതിനെ നേരിടാനുള്ള എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടെന്നും നാസ അറിയിച്ചു.

ലൂണാർ ഫ്ളൈബൈയ്ക്ക്ശേഷം ദൗത്യസംഘം ഭൂമിയിലേക്കു മടക്ക യാത്ര തുടങ്ങും. ഇതിനായി പേടകത്തിന്റെ ദിശ ക്രമീകരിക്കും. ഭൂമിയിൽ 4,00,171 കിലോമീറ്റർ പിന്നിട്ട അപ്പോളോ 13 ദൗത്യത്തിന്റേതാണ് ഏറ്റവും



**കെന്നഡി സ്പേസ് സെന്ററിൽനിന്ന് ആർട്ടെമിസ് 2 കുതിച്ചുയർന്നപ്പോൾ.**

കൂടുതൽ ദൂരം താണ്ടിയ ചന്ദ്രയാത്രയ്ക്കുള്ള റെക്കോർഡ്. ഇതിനെക്കാൾ 6002 കിലോമീറ്റർ കൂടി കടന്ന് 4,06,773 കിലോമീറ്റർ ആർട്ടെമിസ് 2 സഞ്ചരിക്കുമെന്നാണു കണക്കാക്കപ്പെടുന്നത്. (ശേഷം 34–ാം പേജിൽ)

SUNNY
FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



Tom Sunny, CFP®, CLU®, RICP®
*Financial Planner & Wealth Advisor*

*Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- 401(k) & IRA Investment Optimization
- Risk Management & Insurance
- Business & Employee Benefits
- Retirement Income Strategy
- Estate Planning & Trusts
- Tax Planning Strategies
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*
847-414-9116 tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

# Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

## Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating
Better Business Bureau

# ദേവസ്വം ക്ഷേത്രങ്ങളിലെ സ്വർണം കാണാനില്ലെന്ന് വിവരാവകാശ രേഖ

തിരുവനന്തപുരം: ശബരിമല സ്വർണ കൊള്ളയ്ക്കു സമാനമായി സംസ്ഥാനത്തെ മറ്റു ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള പ്രധാന ക്ഷേത്രങ്ങളിലും സ്വർണം നഷ്ടപ്പെട്ടതായി വിവരാവകാശ രേഖ. കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള പുള്ള് ദേവീക്ഷേത്രം, തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രം, തിരുവനന്തപുരം ശ്രീവരാഹം ക്ഷേത്രം എന്നിവിടങ്ങളിലാണ് സ്വർണം കാണാതായത്. കൊച്ചി ദേവസ്വം ബോർഡിന്റെ തൃശൂർ ഗ്രൂപ്പ് പഴുവം ദേവസ്വത്തിനു കീഴിലുള്ള പുള്ള് ദേവീക്ഷേത്രത്തിൽ 5 പവൻ 500 മില്ലിഗ്രാം തൂക്കം വരുന്ന ഏഴ് സ്വർണ മാലകളാണ് നഷ്ടമായത്. തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രത്തിലെ സ്വർണമകുടത്തിൽ നിന്നും 663 മില്ലിഗ്രാം, ശ്രീവരാഹം ക്ഷേത്രത്തിലെ പൈതൃക മൂല്യമുള്ള 7.750 ഗ്രാം തൂക്കമുള്ള രണ്ട് മാലകൾ എന്നിവയും നഷ്ടമായി.

പൈതൃകമൂല്യമുള്ളവയായതിനാൽ തൂക്കത്തിനപ്പുറം വൻ വിലമതിക്കുന്നവയാണ് ഇവ. മിക്ക ദേവസ്വം ബോർഡുകളിലും തിരുവാഭരണങ്ങളുടെ കണക്ക് രേഖപ്പെടുത്തുന്ന തിരുവാഭരണ രജിസ്റ്റർ ഇല്ലെന്നും മറുപടിയിൽ പറയുന്നു.

പുള്ള് ദേവീക്ഷേത്രത്തിൽ 2014 മെയ് മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിലാണ് ,സ്വർണം നഷ്ടമായത്. കൊച്ചി സ്വദേശിയായ കെ. ഗോവിന്ദൻ നമ്പൂതിരിക്ക് കൊച്ചി ദേവസ്വം തൃശൂർ ഗ്രൂപ്പ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നല്കിയ വിവരാവകാശ രേഖയിലാണ് സ്വർണം നഷ്ടമായ വിവരമുള്ളത്.

തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രത്തിലെ രജിസ്റ്ററിൽ മകുടത്തിന്റെ ഭാരം 954.563 ഗ്രാം എന്നാണ് രേഖപ്പെടുത്തിയത്. സ്വർണ മോഷണം പോയതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ മകുടത്തിന്റെ തൂക്കം 954 ഗ്രാം മാത്രമാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ശബരിമല വികസനത്തിനായി സ്വദേശ് ദർശൻ പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുവദിച്ച 46.53 കോടി രൂപയിൽ ചെലവഴിച്ചത് 36.27 കോടി മാത്രമാണ്. സ്വദേശ് ദർശൻ പദ്ധതിയിൽ ഒന്നാം ഘട്ടത്തിന് ആദ്യം 100 കോടി രൂപ അനുവദിച്ചെങ്കിലും അതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസികൾ വരുത്തിയ പിഴവുകൾ നിമിത്തം 46.53 കോടി രൂപയുടെ പദ്ധതിയേ നടപ്പാക്കാൻ കഴിയുമായിരുന്നുള്ളൂ. അതിൽ 36.27 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ എന്നാണ് വിവരാവകാശ രേഖയിൽ പറയുന്നത്.


# തെരഞ്ഞെടുപ്പ് ഹർജികൾ വസ്തുതാപരമായി പരിഗണിക്കണം: സുപ്രീം കോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പുഫലം ചോദ്യംചെയ്തുള്ള ഹർജികൾ പരിഗണിക്കുമ്പോൾ രേഖാപരമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കണമെന്ന് സുപ്രീം കോടതി. 2025 ഫെബ്രുവരിയിലെ പഞ്ചാബ് ഹരിയാന ഹൈക്കോടതി ഉത്തരവ് ചോദ്യംചെയ്ത് സമർപ്പിച്ച അപ്പീലിലാണ് ജസ്റ്റിസ് വിക്രംനാഥ് അദ്ധ്യക്ഷനായ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്. പുതിയ തെളിവ് കണ്ടെത്തിയാൽ അത് ഹാജരാക്കുന്നതുവരെ നടപടിക്രമങ്ങൾ തടസപ്പെടുന്നത് അനുവദിക്കാനാകില്ലെന്നും കോടതി വ്യക്തമാക്കി.

പാനിപ്പത്തിലെ ഖലില മജ്ര ഗ്രാമ പഞ്ചായത്തിലെ സർപഞ്ചിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസാണ് സുപ്രീംകോടതി പരിഗണിച്ചത്. ഹർജിക്കാരനും എതിർ സ്ഥാനാർത്ഥിക്കും 302 വോട്ടുവീതം കിട്ടിയപ്പോൾ വിജയിയെ നറുക്കിട്ട് തീരുമാനിച്ചതാണ് തർക്കത്തിന് ഇടയാക്കിയത്. കീഴ്കോടതിയും തെരഞ്ഞെടുപ്പ് ട്രൈബ്യൂണലും പരിഗണിച്ചശേഷം വിഷയം ഹൈക്കോടതിയിലെത്തി. പ്രസക്തമായ തെളിവ് ശേഖരിച്ച് വീണ്ടും കേസ് പരിഗണിക്കാൻ ഹൈക്കോടതി കീഴ്കോടതിയിലേക്ക് അയയ്ക്കുകയാണ് ചെയ്തത്. ഈ നടപടി സ്റ്റേ ചെയ്തുകൊണ്ടാണ് ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് ഹർജികളിൽ തീരുമാനമാക്കാൻ സുപ്രീംകോടതി നിർദേശിച്ചത്.

# എൽഡിഎഫ് സർക്കാർ 97 ശതമാനം വാഗ്ദാനങ്ങളും നടപ്പാക്കിയെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിന്റെ പത്ത് വർഷത്തെ ഭരണനേട്ടങ്ങളുടെ പ്രോഗ്രസ് കാർഡ് പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. നാലരലക്ഷം കുടുംബങ്ങൾക്ക് പട്ടയം നൽകി. ലൈഫ് പദ്ധതിപ്രകാരം അഞ്ച് ലക്ഷം വീടുകൾ പൂർത്തിയാക്കിയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. എൽഡിഎഫ് സർക്കാരിന്റെ പ്രകടനപത്രികയിലെ 900 വാഗ്ദാനങ്ങളിൽ 97 ശതമാനവും നിറവേറ്റി.



16 ലക്ഷത്തിൽപരം സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകി. കേരളത്തെ നിക്ഷേപ സൗഹൃദമാക്കി. 3,13,202 പേർക്ക് പിഎസ്‌സി വഴി നിയമനം നൽകി.

26,000 പേർക്ക് തൊഴിൽ അവസരം നൽകി. 82 ലക്ഷം അപേക്ഷകൾ തീർപ്പാക്കി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഡിഗ്രിതലം വരെ സൗജന്യമാക്കി. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കി. വയനാട് തുരങ്കപ്പാത നിർമാണം തുടങ്ങി.

അനാഥാലയങ്ങളിലെ അന്തേവാസികളുടെ ധനസഹായം വർധിപ്പിച്ചു. പിഎസ്‌സി വഴി നിയമനം ലഭിക്കാനുള്ള അപേക്ഷകരുടെ പ്രായപരിധി വർധിപ്പിച്ചു.

ഇടുക്കിയിലെ ഭൂപ്രശ്നങ്ങളിൽ ശാശ്വത പരിഹാരം കണ്ടെത്തി. പുനർഗേഹം പദ്ധതി പ്രകാരം ഫ്ളാറ്റുകളും വീടുകളും കൈമാറി. മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമിച്ചു നൽകി. ഏകകിടപ്പാട സംരക്ഷണ നിയമം നടപ്പിലാക്കി. മുതിർന്ന പൗരൻമാർക്കുവേണ്ടി വയോജന കമ്മീഷൻ നടപ്പാക്കി.

വാർത്താസമ്മേളനത്തിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ സർക്കാരിന്റെ ഭരണ നേട്ടങ്ങളുടെ പ്രോഗ്രസ് കാർഡ് പ്രഖ്യാപിച്ചത്.

# ട്രക്കിംഗിനിടയിൽ കാണാതായ ശരണ്യയെ കണ്ടെത്തി



കുടക് വനത്തിൽനിന്ന് ശരണ്യ പുറത്തേക്കെത്തിയപ്പോൾ.

കോഴിക്കോട്: മലകയറിയ പ്രാർത്ഥനകൾക്കൊടുവിൽ, ട്രക്കിംഗിനിടയിൽ കാണാതായ മലയാളി ഐടി ഉദ്യോഗസ്ഥയെ കണ്ടെത്തി. ഏപ്രിൽ അഞ്ചിന് വൈകുന്നേരത്തോടെ പുറംലോകം വിവരമറിഞ്ഞപ്പോൾ അതുവരെ യുവതിക്കായി ഉള്ളുരുകി പ്രാർത്ഥനയോടെ കാത്തിരുന്ന നാടിന് അത് ഈസ്റ്റർ ദിനത്തിൽ കിട്ടിയ വലിയ സമ്മാനമായി. മടിക്കേരിയിൽ ട്രക്കിംഗിനിടെ കാണാതായ കോഴിക്കോട് നാദാപുരം ഇയ്യങ്കോട് സ്വദേശിനി ജി.എസ്. ശരണ്യയെ (36) യാണ് കണ്ടെത്തിയത്. നാലാം ദിവസത്തെ തെരച്ചിലിനൊടുവിൽ കർണാടക കുടക് വനമേഖലയിൽനിന്നാണ് വൈകുന്നേരത്തോടെ ശരണ്യയെ കണ്ടെത്തിയതെന്നാണ് വനം-പോലീസ് ഉദ്യോഗസ്ഥർ നൽകുന്ന വിവരം. പ്രദേശവാസികളാണ് ശരണ്യയെ ആദ്യം കണ്ടെത്തിയത്. തുടർന്ന് വിവരം അധികൃതർക്ക് കൈമാറുകയായിരുന്നു.

ശരണ്യ സുരക്ഷിതയാണെന്നും ആരോഗ്യപ്രശ്നങ്ങളില്ലെന്നും മടിക്കേരി മെഡിക്കൽ കോളജിലേക്ക് മാറ്റുന്നതായും ഉദ്യോഗസ്ഥർ ബന്ധുക്കളെ അറിയിച്ചു. രക്ഷാസംഘം വൈകുന്നേരം ആറര കഴിഞ്ഞാണ് ശരണ്യയെ വനത്തിന് പുറത്തെത്തിച്ചത്. മരത്തിനുതാഴെ വിശ്രമിക്കുകയായിരുന്നുവെന്ന് ശരണ്യ പിന്നീട് മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഇതിലും വലിയ ട്രക്കിംഗ് നടത്തിയിട്ടുണ്ട്. എല്ലാം ഓക്കെയാണെന്നും താൻ സന്തോഷവതിയാണെന്നും ശരണ്യ പറഞ്ഞു. നാട്ടിലുള്ള അമ്മയോട് ശരണ്യ ഫോണിൽ സംസാരിച്ചു.

ട്രക്കിംഗിൽ ഏറെ താത്പര്യം പുലർത്തിയിരുന്ന ശരണ്യ ട്രക്കിംഗിന് പോകുന്ന വിവരം വീട്ടിൽ അറിയിച്ചിരുന്നില്ല. കൊച്ചിയിൽ ഐടി കമ്പനിയിൽ ജോലിചെയ്യുന്ന ശരണ്യ കുടകിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ തഡിയൻഡമോൾ കയറാനാണ് ഈ മാസം ഒന്നിന് ഇവിടെ എത്തിയത്. ഓൺലൈനായി ബുക്ക്ചെയ്ത് ഏപ്രിൽ ഒന്നിന് ട്രക്കിംഗിനെത്തിയ ശരണ്യ പുറപ്പെടാൻ ഒരുങ്ങിയെങ്കിലും കാട്ടാന ശല്യമുള്ളതിനാൽ ഒറ്റയ്ക്ക് കടത്തിവിടാനാകില്ലെന്ന് വനംവകുപ്പ് ജീവനക്കാർ അറിയിക്കുകയായിരുന്നു. തുടർന്ന് ട്രക്കിംഗ് തുടങ്ങുന്നയിടത്തിന് 500 മീറ്റർ അകലെ യാവകപ്പാടി യിലെ ഹോംസ്റ്റേയിൽ മുറിയെടുത്തു. തുടർന്ന്, ട്രക്കിംഗിന് എത്തിയ 10 അംഗ സംഘത്തോടൊപ്പം ഏപ്രിൽ രണ്ടിന് വ്യാഴാഴ്ച രാവിലെ വനത്തിലേക്കു പോയി. സംഘത്തിലുണ്ടായിരുന്ന മറ്റുള്ളവരെ ശരണ്യക്കു മുൻപരിചയമില്ല. സംഘത്തിൽനിന്ന് മാറി അല്പം പിന്നാലെയാണ് ശരണ്യ സഞ്ചരിച്ചതെന്നാണ് ഇവർ കാണാതായ സമയത്ത് പോലീസിനോടു പറഞ്ഞത്.

അപരിചിതരായ സംഘത്തിനൊപ്പം യാത്രചെയ്തതും ഒരുവശം ജനവാസമേഖലയും മറുവശം റിസർവ് വനവും ഉൾപ്പെടുന്ന ട്രക്കിംഗ് പാതയാണെന്നതും ശരണ്യയെ കാണാതായ ദിനം മുതൽ ആശങ്കയുണ്ടാക്കിയിരുന്നു. ശരണ്യയെ എത്രയുംപെട്ടെന്ന് കണ്ടെത്താനാവശ്യപ്പെട്ട് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയുമായി എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഉൾപ്പെടെ സംസാരിച്ചിരുന്നു.

# ഇറാൻ വീഴ്ത്തിയ വിമാനത്തിലെ യുഎസ് സൈനികനെ രക്ഷപ്പെടുത്തി

വാഷിംഗ്ടൺ ഡിസി: ഇറാൻ വെടിവെച്ചു വീഴ്ത്തിയ യുഎസ് യുദ്ധവിമാനത്തിൽനിന്നു പുറത്തുചാടിയ യുഎസ് സൈനികനെ രക്ഷപ്പെടുത്തി. ഇറാനിലെ ദുർഘട പർവതമേഖലയിൽ 7000 അടി ഉയരത്തിലാണ് സൈനികനെ കണ്ടെത്തിയത്.

യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ആണ് ഇക്കാര്യം അറിയിച്ചത്. വിമാനത്തിലെ വെപ്പൺ സിസ്റ്റം ഓഫീസറായ സൈനികനു പരുക്കേറ്റെങ്കിലും ആരോഗ്യനില തൃപ്തികരമാണെന്ന് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് പറഞ്ഞു. വിമാനത്തിന്റെ പൈലറ്റിനെ നേരത്തേ രക്ഷപ്പെടുത്തിയിരുന്നു.

നൂറുകണക്കിനു സ്പെഷൽ ഫോഴ്സ് അംഗങ്ങളും ഡസൻകണക്കിന് യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും രക്ഷാദൗത്യത്തിൽ പങ്കാളികളായി. ബോംബുകളും മറ്റ് ആയുധങ്ങളും ഉപയോഗിച്ച് ഇറേനിയൻ സൈനികരെ അകറ്റിയശേഷമായിരുന്നു യുഎസ് സൈന്യം തെരച്ചിൽ നടത്തിയത്.

അതിനിടെ, ഇറേനിയൻ സൈന്യവുമായി ഏറ്റുമുട്ടലുണ്ടായി. അഞ്ച് ഇറേനിയൻ സൈനികർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്. രക്ഷാദൗത്യത്തിനിടെ അമേരിക്കക്കാർ ആരും കൊല്ലപ്പെട്ടില്ലെന്ന് ട്രംപ് പറഞ്ഞു. അമേരിക്കൻ വൈമാനികനെ പിടികൂടുന്നവർക്ക് ഇറാൻ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു.

ഏപ്രിൽ മൂന്നിന് വെള്ളിയാഴ്ചയാണ് എഫ്-15 ഇസ്ട്രൈക്ക് ഈഗിൾ വിമാനവും എ-10 വിമാനവും ഇറേനിയൻ സൈന്യം വെടിവെച്ചിട്ടത്. യുഎസ്-ഇസ്രയേൽ സഖ്യം ഇറാനെതിരെ യുദ്ധം ആരംഭിച്ചശേഷം ആദ്യമായാണ് യുഎസ് യുദ്ധവിമാനം ഇറാൻ വെടിവെച്ചിട്ടത്.

സൈനികനെ രക്ഷിക്കാനുള്ള നീക്കത്തിനിടെ അമേരിക്കയ്ക്ക് കനത്ത പ്രഹരമേൽപ്പിച്ചെന്ന അവകാശവാദവുമായി ഇറാൻ രംഗത്തെത്തി. അമേരിക്കയുടെ രണ്ട് സി-130 ട്രാൻസ്പോർട്ട് വിമാനങ്ങളും രണ്ട് ബ്ലാക്ക് ഹോക്ക് ഹെലികോപ്റ്ററുകളും ഉൾപ്പെടെയുള്ളവ തകർത്തെന്ന് റവലൂഷണറി ഗാർഡ് അവകാശപ്പെട്ടു.

ഇസ്ഫഹാനു തെക്ക് നടത്തിയ ആക്രമണത്തിലാണ് വിമാനങ്ങളും ഹെലികോപ്റ്ററുകളും തകർത്തതെന്ന് ഇറാൻ സായുധസേനയുടെ ആസ്ഥാനമായ ഖതം അൽ അൻബിയയുടെ വക്താവ് അറിയിച്ചു.

ഹോർമുസ് കടലിടുക്ക് തുറന്നില്ലെങ്കിൽ ഇറാനിൽ എല്ലാം നരകമാക്കുമെന്ന് ഡോണൾഡ് ട്രംപ് അന്ത്യശാസനം നല്കി.

# യുദ്ധം: നിർമാണമേഖല പ്രതിസന്ധിയിൽ

ആലപ്പുഴ: ഗൾഫ് മേഖലയിലെ യുദ്ധം സൃഷ്ടിച്ച പ്രതിസന്ധി കേരളത്തിലെ റോഡ് ഉൾപ്പെടെയുള്ള നിർമാണ മേഖലയെയും സാരമായി ബാധിക്കുന്നു. പെട്രോളിയം ഇന്ധനങ്ങളിൽ നിന്നുൽപാദിപ്പിക്കുന്ന ടാർ ഉൾപ്പെടെയുള്ളവയ്ക്കാണു വില കൂടിയത്.

മാർച്ച് ഒന്നിന് ഒരു ടൺ ബിറ്റുമിൻ വിജി 30 (VG30) എന്ന ടാർ മിശ്രിതത്തിന് 49,520 രൂപയായിരുന്നു വില. എന്നാൽ, ഏപ്രിൽ ഒന്നിന് 81,691 രൂപയായി. വിജി 40 ടാറിന് 51,650 രൂപയായിരുന്നത് 86,534 രൂപയുമായി. ഭൂരിഭാഗം ടാർ ഇനങ്ങൾക്കും 60 ശതമാനം വിലയാണു കൂടിയത്. കടുത്ത ക്ഷാമവും നേരിടുന്നുണ്ട്. ക്രൂഡ് ഓയിലിന്റെ വില കൂടിയിരുന്ന കാലത്തെക്കാൾ ഉയർന്നാണ് ഇപ്പോൾ ടാർ വില.

ഇതിനു പുറമേ കേരളത്തിലെ പകുതിയിലേറെ ക്വാറികളും ക്രഷർ യൂണിറ്റുകളും അടഞ്ഞുകിടന്നതിനാൽ നിർമാണമേഖലയിൽ പ്രതിസന്ധി രൂക്ഷമായിട്ടുണ്ട്. ചെറുകിട, ഇടത്തര റോഡുപണികൾ കരാർ എടുത്തവർക്കു വൻ നഷ്ടമുണ്ടാകുമെന്നു കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് വർഗീസ് കണ്ണമ്പള്ളി പറയുന്നു. 18 മാസത്തിലേറെ നിർമാണ കാലാവധിയുള്ള പദ്ധതികൾക്കുമാത്രമേ വില വ്യതിയാന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളൂ.

# വീണ്ടും പാക്–അഫ്ഗാൻ ഏറ്റുമുട്ടൽ; ആറ് പാക് സൈനികർ കൊല്ലപ്പെട്ടു

കാബൂൾ: പാക്-അഫ്ഗാൻ അതിർത്തിയിൽ വീണ്ടും സംഘർഷം. ഏറ്റുമുട്ടലിൽ ആറ് പാക് സൈനികരെ വധിച്ചതായി താലിബാൻ സൈന്യം അവകാശപ്പെട്ടു. ഖോസ്ത് പ്രവിശ്യയിലെ താനി ജില്ലയിലെ അതിർത്തി പ്രദേശത്താണ് ഏറ്റുമുട്ടലുണ്ടായത്.

അഞ്ചിന് രാത്രിയോടെ ആരംഭിച്ച സംഘർഷം വൈകാതെ രൂക്ഷമായെന്നാണ് റിപ്പോർട്ട്. ഇരുവിഭാഗവും പരസ്പരം രൂക്ഷമായ വെടിവെപ്പും ഷെല്ലിങ്ങും നടത്തി. നിരവധി പാക് സൈനികർക്ക് പരുക്കേറ്റതായും താലിബാൻ ഭരണകൂടം പറയുന്നു. അതിർത്തിയിലെ ഒരു പാക് സൈനിക പോസ്റ്റ് പിടിച്ചെടുത്തതായും താലിബാൻ അവകാശപ്പെട്ടു.

ഒരിടവേളയ്ക്കു ശേഷമാണ് പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിൽ ഏറ്റുമുട്ടലുണ്ടാകുന്നത്. പാക്കിസ്ഥാനിൽ ആക്രമണങ്ങൾ നടത്തുന്ന തെഹ്‌രികെ താലിബാൻ പാകിസ്ഥാൻ (ടിടിപി) എന്ന സംഘടനയ്ക്ക് അഫ്ഗാനിലെ താലിബാൻ ഭരണകൂടമാണ് പിന്തുണ നല്കുന്നതെന്ന് ആരോപിച്ചാണ് പാകിസ്ഥാൻ അഫ്ഗാനെതിരെ ആക്രമണങ്ങൾ നടത്തിയിരുന്നത്.

ഇതേച്ചൊല്ലി കഴിഞ്ഞ ഒക്ടോബർ മുതൽ അതിർത്തിയിൽ നിരന്തരം സംഘർഷമുണ്ടായിരുന്നു. അഫ്ഗാൻ തലസ്ഥാനമായ കാബൂളിലടക്കം പാക്കിസ്ഥാൻ വ്യോമാക്രമണം നടത്തി. ഇസ്‌ലാമാബാദിലും റാവൽപിണ്ടിയിലും വ്യോമാക്രമണം നടത്തിയാണ് താലിബാൻ തിരിച്ചടിച്ചത്. ഇതിനിടെ അഫ്ഗാനിലെ ആശുപത്രിയെ ലക്ഷ്യമിട്ടും പാക്കിസ്ഥാൻ ആക്രമണം നടത്തിയിരുന്നു.

# ചവറ്റുകുട്ടയിൽ ഉപേക്ഷിച്ച ടിക്കറ്റിന് ഒരു കോടി

കോട്ടയം: പെസഹാദിനത്തിൽ ഭാഗ്യദേവത കുഞ്ഞ് അച്ചാമ്മയെ കടാക്ഷിച്ചു. ചവറ്റുകുട്ടയിൽ ഉപേക്ഷിച്ച ടിക്കറ്റിന് ഒരു കോടി രൂപ സമ്മാനം. ഏപ്രിൽ രണ്ടിന് വ്യാഴാഴ്ച നടന്ന കാരുണ്യ ലോട്ടറി നറുക്കെടുപ്പിലാണ് എടത്വാ കൊച്ചമ്മനം ജംഗ്ഷനു സമീപം ടിക്കറ്റിന്റെ നമ്പർ കുഞ്ഞ് അച്ചാമ്മ പരിശോധിച്ചെങ്കിലും 5000 രൂപയുടെ പ്രോത്സാഹന സമ്മാനം മാത്രമാണ് ശ്രദ്ധയിൽപ്പെട്ടത്. സമ്മാനം ലഭിച്ചില്ലെന്നു കരുതി രണ്ടാമത്തെ ടിക്കറ്റ് ചവറ്റുകുട്ടയിലിട്ടു. ഒന്നാം സമ്മാനം അടിച്ച വിവരം കുഞ്ഞ് അച്ചാമ്മയുടെ സ



സമ്മാനാർഹമായ ടിക്കറ്റുമായി കുഞ്ഞ് അച്ചാമ്മ.

പെട്ടിക്കട നടത്തുന്ന തലവടി പഞ്ചായത്ത് 15-ാം വാർഡിൽ മംഗലത്ത് കുഞ്ഞ് അച്ചാമ്മയ്ക്ക് ഒരു കോടി രൂപ സമ്മാനം ലഭിച്ചത്. സമ്മാനാർഹമായ ടിക്കറ്റിനൊപ്പം എടുത്ത മറ്റൊരു ടിക്കറ്റിന് പ്രോത്സാഹന സമ്മാനമായി 5000 രൂപയും കിട്ടി. തിരുവല്ലയിലെ ഏജൻസിയിൽ നിന്ന് കോതപ്പുഴശേരി ജോർജുകുട്ടി വിറ്റ കാരുണ്യ ലോട്ടറിയുടെ രണ്ട് ടിക്കറ്റുകൾ കുഞ്ഞ് അച്ചാമ്മ വാങ്ങിയിരുന്നു. നറുക്കെടുപ്പിനു ശേഷം ഹോദരൻ അറിയിച്ചതിനെത്തുടർന്ന് രാത്രിയിൽ ഇരുവരും കടയിലെത്തി ലോട്ടറിടിക്കറ്റ് തെരഞ്ഞു. ഒടുവിൽ ചവറ്റുകുട്ടയിൽനിന്ന് ടിക്കറ്റ് കണ്ടെത്തുകയായിരുന്നു. അമ്പലപ്പുഴ-തിരുവല്ല സംസ്ഥാന പാതയിൽ കൊച്ചമ്മനം ജംഗ്ഷനു സമീപം ചെറുകിട കച്ചവടം നടത്തിയാണ് കുഞ്ഞ് അച്ചാമ്മ ഉപജീവനം തേടിയിരുന്നത്. പെസഹാ ദിനത്തിൽ ഭാഗ്യദേവത കടാക്ഷിച്ചതാണെന്ന് അച്ചാമ്മ പറയുന്നു.

# നോട്ടുമാറ്റിയെടുക്കാൻ ഇനിയും അവസരം

പരവൂർ: ഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്ന 2,000 രൂപ നോട്ടുകളുടെ 98.45 ശതമാനവും തിരിച്ചെത്തിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. 2023 മേയ് 19-ന് നോട്ടുകൾ പിൻവലിക്കുന്നതായി പ്രഖ്യാപിക്കുമ്പോൾ 3.56 ലക്ഷം കോടി രൂപയുടെ നോട്ടുകളായിരുന്നു വിപണിയിലുണ്ടായിരുന്നത്. എന്നാൽ, 2026 മാർച്ച് 31-ലെ കണക്കുകൾ പ്രകാരം ഇതിന്റെ മൂല്യം 5,501 കോടി രൂപയായി കുറഞ്ഞുവെന്ന് റിസർവ് ബാങ്ക് വ്യക്തമാക്കി. നിലവിൽ പ്രചാരത്തിലുള്ള നോട്ടുകൾക്ക് നിയമസാധുത തുടരുമെന്നും അധികൃതർ അറിയിച്ചു.

ബാങ്കുകൾ വഴി നോട്ടുകൾ മാറുന്നതിനുള്ള കാലാവധി അവസാനിച്ചെങ്കിലും റിസർവ് ബാങ്കിന്റെ 19 ഇഷ്യൂ ഓഫീസുകൾ വഴി നോട്ടുകൾ മാറുന്നതിനോ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനോ ഇപ്പോഴും സൗകര്യമുണ്ട്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തങ്ങളുടെ പക്കലുള്ള നോട്ടുകൾ പോസ്റ്റ് ഓഫീസുകൾ വഴി ആർബിഐ ഇഷ്യൂ ഓഫീസുകളിലേക്ക് അയച്ച് ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യാനുള്ള സംവിധാനവും നിലവിലുണ്ട്. 2023 ഒക്ടോബർ മുതൽ ആർബിഐ ഓഫീസുകളിൽ നേരിട്ട് നിക്ഷേപിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വിപണിയിൽനിന്ന് നോട്ടുകൾ ഭൂരിഭാഗവും തിരിച്ചെത്തിയെങ്കിലും ശേഷിക്കുന്ന നോട്ടുകൾ കൂടി ബാങ്കിംഗ് സംവിധാനത്തിലേക്ക് എത്തിക്കാനുള്ള നടപടികളുമായി റിസർവ് ബാങ്ക് മുന്നോട്ട് പോകുകയാണ്.

# ബിജെപിക്കെതിരെ കിറ്റ് വിതരണ ആരോപണം

തൃശൂർ: ബിജെപിക്കെതിരെ തൃശൂർ ജില്ലയിൽ കിറ്റ് ആരോപണം. വോട്ടർമാരെ സ്വാധീനിക്കാൻ സൂപ്പർ മാർക്കറ്റിന്റെ ഗോഡൗണിൽ ബിജെപിയുടെ നേതൃത്വത്തിൽ ഭക്ഷ്യകിറ്റ് തയ്യാറാക്കുന്നെന്ന ആരോപണത്തെ തുടർന്ന് വാടാനപ്പള്ളിയിൽ കോൺഗ്രസ്-ബിജെപി പ്രവർത്തകർ തമ്മിൽ മണിക്കൂറുകൾ നീണ്ട സംഘർഷമുണ്ടായി. മണലൂരിലെ യുഡിഎഫ് സ്ഥാനാർത്ഥി ടി.എൻ. പ്രതാപൻ ഉൾപ്പെടെയുള്ള അഞ്ച് യുഡിഎഫ് പ്രവർത്തകരെ പോലീസ് കസ്റ്റഡിയിൽ എടുത്തു. പിന്നീട് വിട്ടയച്ചു. സ്ഥാപന ഉടമയെയും കിറ്റ് ഓർഡർ ചെയ്ത ആർഎസ്എസ് പ്രവർത്തകനെയും സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യം ചെയ്തു വിട്ടയച്ചു. ഗോഡൗണിൽനിന്ന് ഭക്ഷ്യവസ്തുക്കളുടെ ഏതാനും കിറ്റുകളും പോലീസ് കണ്ടെടുത്ത് സ്റ്റേഷനിലെത്തിച്ചു. ഗോഡൗണിനു മുകളിൽ സ്ഥാപന ഉടമയുടെ വീട്ടിലെത്തിയ ബിജെപി നേതാവായ നടൻ ദേവനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പോട്ട് റോഡ് ഉപരോധിച്ച 12 യുഡിഎഫ് പ്രവർത്തകർക്കെതിരെയും കേസെടുത്തിട്ടുണ്ട്. വാടാനപ്പള്ളിയിലെ ചാംപ്യൻ ട്രേഡേഴ്സിലെ ഗോഡൗണിൽ കിറ്റ് തയ്യാറാക്കുന്നതറിഞ്ഞ് ഡിസിസി സെക്രട്ടറി സി.എം. നൗഷാദും പ്രവർത്തകരും സ്ഥാപനത്തിൽ എത്തി ബഹളമുണ്ടാക്കി. പരാതിയെത്തുടർന്ന് സ്ഥാപനത്തിലെത്തിയ പോലീസ് ഗോഡൗൺ അടച്ചിട്ടു. ഇതിനിടെ ദേവനും ഒബിസി മോർച്ച സംസ്ഥാന ജനറൽസെക്രട്ടറി ഭഗീഷ് പൂരാടനും കാറിൽ ഇവിടെയെത്തി ഗോഡൗൺ സ്ഥിതിചെയ്യുന്ന കെട്ടിടത്തിനു മുകളിലെ വീട്ടിലേക്കു പോയി. താഴെ കൂടുൽ ബിജെപി പ്രവർത്തകരും കോൺഗ്രസ് പ്രവർത്തകരും സംഘടിച്ചതോടെയാണ് സംഘർഷം ഉടലെടുത്തത്.

# വയനാട് പുനരധിവാസം: കോൺഗ്രസിന് 5.38 കോടി കിട്ടി

കണ്ണൂർ: വയനാട് ദുരിതബാധിതർക്ക് വീട് നിർമ്മിക്കാൻ ലഭിച്ച ഫണ്ടിന്റെ കണക്കുമായി കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫ്. കെപിസിസി പിരിച്ച ഫണ്ടിന്റെ കണക്ക് എവിടെയെന്ന മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എൽഡിഎഫ് നേതാക്കളുടെ ചോദ്യങ്ങൾക്കാണ് ഈ മറുപടി. 5,38,21,632 രൂപയാണ് ലഭിച്ചതെന്ന് സണ്ണി ജോസഫ് പത്രസമ്മേളനത്തിൽ പറഞ്ഞു.

തോട്ടംഭൂമി സർക്കാർ ഏറ്റെടുത്തു നല്കേണ്ടതായിരുന്നു. സർക്കാർ അതിനു മുതിരാതിരുന്നപ്പോൾ വ്യക്തികളിൽ നിന്നാണ് ഭൂമി വാങ്ങിയത്. ആദ്യഘട്ടത്തിൽ 3.245 ഏക്കറിന് 3,68,36,388 രൂപയും രണ്ടാം ഘട്ടത്തിൽ 2.18 ഏക്കറിന് 2,50,30,272 രൂപയും കെപിസിസി നല്കി.

യൂത്ത് കോൺഗ്രസ് നടത്തിയ ഫണ്ട് സമാഹരണത്തിൽ ലഭിച്ച 1.05 കോടിയും കെപിസിസിക്ക് കൈമാറിയിരുന്നു. ഈ രണ്ട് തുകയും തികയാതെ വന്നപ്പോൾ കെപിസിസിയുടെ തനത് ഫണ്ടിൽ നിന്നും 97,51,212 രൂപയും വിനിയോഗിച്ചതായി അദ്ദേഹം പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 14
April 06, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara


DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

വിശ്വാസമാണ് ജീവിതത്തിന്റെ ശക്തി.
**ടോൾസ്റ്റോയി**

വിശ്വാസത്തിന്റെ മുമ്പിൽ എല്ലാ തത്വശാസ്ത്രങ്ങളും തകർന്നുവീഴും.
**നെപ്പോളിയൻ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

# കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago


## ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

ജനാധിപത്യം എന്നത് ജനങ്ങളുടെ കൃത്യമായ ഇച്ഛാശക്തി പ്രതിഫലിക്കേണ്ട വേദിയാണ്. എന്നാൽ, വോട്ടർമാരെ കബളിപ്പിച്ചും ആശയക്കുഴപ്പത്തിലാക്കിയും ഈ പ്രക്രിയയെ അട്ടിമറിക്കാൻ രാഷ്ട്രീയ പാർട്ടികൾ പയറ്റുന്ന 'അപരൻ' എന്ന കുതന്ത്രം നമ്മുടെ രാഷ്ട്രീയ സംസ്കാരത്തിന് തീരാക്കളങ്കമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചിരിക്കുന്നു. സ്ഥാനാർത്ഥികളുടെ അതേ പേരോ സമാനമായ പേരോ ഉള്ളവരെ കണ്ടെത്തി മത്സരരംഗത്തിറക്കി എതിരാളിയുടെ വോട്ട് ചോർത്തുന്ന രീതി ജനാധിപത്യത്തെ കൂട്ടക്കൊല ചെയ്യുന്നതിന് തുല്യമാണെന്ന ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ വാക്കുകൾ കാലഘട്ടം ആവശ്യപ്പെടുന്ന ഒരു താക്കീതാണ്.

ഒരു പൗരൻ തന്റെ വോട്ട് രേഖപ്പെടുത്തുന്നത് സ്ഥാനാർത്ഥിയുടെ നയങ്ങളിലും പ്രവർത്തനങ്ങളിലും വിശ്വസിച്ചാണ്. എന്നാൽ, ബാലറ്റ് പേപ്പറിലോ വോട്ടിങ് യന്ത്രത്തിലോ ഒരേ പേരുള്ള ഒന്നിലധികം ആളുകളെ കാണുമ്പോൾ സാധാരണക്കാരായ വോട്ടർമാർ ആശയക്കുഴപ്പത്തിലാകുന്നു. ഈ ആശയക്കുഴപ്പത്തിൽനിന്ന് ലഭിക്കുന്ന ഏതാനും വോട്ടുകൾ കൊണ്ട് വിജയിയെ നിശ്ചയിക്കാം എന്നത് രാഷ്ട്രീയ കുബുദ്ധികളുടെ കണക്കുകൂട്ടലാണ്. കോടതി നടത്തിയ പരാമർശങ്ങൾ ഈ ദുഷിച്ച രീതിയുടെ ആഴം വ്യക്തമാക്കുന്നു. അർഹതപ്പെട്ട ഒരാൾക്ക് പോലും വോട്ട് നഷ്ടപ്പെടരുത് എന്ന കോടതിയുടെ നിലപാട് വോട്ടർമാരുടെ അവകാശ സംരക്ഷണത്തിനായുള്ള സുപ്രധാന ഇടപെടലാണ്. കേരള രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ അപരന്മാർ അട്ടിമറിച്ച ജനവിധികളുടെ നിരവധി ഉദാഹരണങ്ങൾ കാണാം. ഒരു രാഷ്ട്രീയ കക്ഷിയുടെ മാത്രം കുറ്റമല്ല. എല്ലാ മുന്നണികളും തങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങളിൽ ഈ രീതി പ്രയോഗിക്കുന്നുണ്ട്. പേര് മാറ്റിയും ഇനീഷ്യലുകളിൽ മാറ്റം വരുത്തിയും വോട്ടർമാരെ കബളിപ്പിക്കുന്നത് രാഷ്ട്രീയ ധാർമികതയ്ക്ക് നിരക്കാത്തതാണ്. ഹൈക്കോടതി ചൂണ്ടിക്കാട്ടിയതുപോലെ, ജനാധിപത്യത്തെ ഒരു പ്രഹസനമാക്കി മാറ്റുന്ന ഈ രീതി രാഷ്ട്രീയ പാർട്ടികൾ സ്വയം അവസാനിപ്പിക്കണം. കേവലം ജയപരാജയങ്ങൾക്കപ്പുറം, ജനവിധിയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ പാർട്ടികൾക്ക് ബാധ്യതയുണ്ട്. അപരന്മാരെ ഉപയോഗിച്ചുള്ള വിജയം യഥാർത്ഥ വിജയമല്ല. മറിച്ച് വഞ്ചനയിലൂടെ നേടിയെടുക്കുന്ന അധികാരമാണ്. ഒരു വോട്ട് പോലും തെറ്റായ പെട്ടിയിൽ വീഴാതിരിക്കാനുള്ള ജാഗ്രത ജനാധിപത്യ സംവിധാനത്തിന് അനിവാര്യമാണ്. ഹൈക്കോടതിയുടെ ഈ താക്കീത് ഉൾക്കൊള്ളാനും കുതന്ത്രങ്ങളില്ലാതെ ശുദ്ധമായ ഒരു രാഷ്ട്രീയ സംസ്കാരം വളർത്തിയെടുക്കാനും കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ തയാറാകണം. അല്ലാത്തപക്ഷം, ജനാധിപത്യം എന്ന മഹത്തായ സങ്കൽപം വെറും കടലാസ് പുലിയായി മാറും.

അഴിമതിരഹിത ഭരണസംവിധാനമെന്ന ജനാധിപത്യ സങ്കൽപത്തിന് കരുത്തുപകരാൻ രൂപം നൽകിയ ലോകായുക്ത സംവിധാനം, നിയമഭേദഗതിയുടെയും കോടതി വിധിയുടെയും പുതിയൊരു വഴിത്തിരിവിലാണ്. ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കുന്ന രീതിയിൽ സർക്കാർ കൊണ്ടുവന്ന നിയമഭേദഗതി ഹൈക്കോടതി ശരിവെച്ചിരിക്കുന്നു. ലോകായുക്തയ്ക്ക് ജുഡീഷ്യൽ അധികാരമില്ലെന്നും സമിതിയുടെ റിപ്പോർട്ടുകൾ ബന്ധപ്പെട്ട അധികാരികൾക്ക് (എക്സിക്യൂട്ടീവ്) പുനഃപരിശോധിക്കാമെന്നുമുള്ള വിധി സങ്കീർണമായ നിയമപ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരമാകുന്നുണ്ടെങ്കിലും അഴിമതിക്കെതിരായ ഈ 'കാവൽനായ' നിശബ്ദനാക്കപ്പെടുമോ എന്ന ആശങ്ക പൊതുസമൂഹത്തിൽ അവശേഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, പുതിയ നിയമം നടപ്പിലാക്കുമ്പോൾ ഭരണകൂടം അതീവ ജാഗ്രതയും നൈതികതയും പുലർത്തേണ്ടതുണ്ട്. കോടതി വിധിയിൽ അടിവരയിട്ടു പറയുന്ന ചില നിർണായക കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. ലോകായുക്ത നൽകുന്ന റിപ്പോർട്ടുകൾ പൂഴ്ത്തിവെക്കാൻ ഇനി സർക്കാരിന് കഴിയില്ല. 90 ദിവസത്തിനകം തീരുമാനമെടുത്തില്ലെങ്കിൽ റിപ്പോർട്ട് അംഗീകരിച്ചതായി കണക്കാക്കപ്പെടുമെന്ന കോടതിയുടെ വ്യാഖ്യാനം സ്വാഗതാർഹമാണ്. ലോകായുക്തയുടെ ശിപാർശകൾ തള്ളണമെങ്കിൽ അതിന് വ്യക്തമായ കാരണങ്ങൾ ബോധിപ്പിക്കാൻ അധികാരികൾക്ക് ബാധ്യതയുണ്ട്. ഈ കാരണങ്ങൾ യുക്തിസഹമല്ലെങ്കിൽ പരാതിക്കാർക്ക് വീണ്ടും നീതിപീഠത്തെ സമീപിക്കാനുള്ള വാതിൽ തുറന്നുതന്നെ കിടക്കുന്നു എന്നത് ആശ്വാസകരമാണ്.

അഴിമതിക്കെതിരായ പോരാട്ടത്തിൽ നിയമത്തിലെ സാങ്കേതികത്വങ്ങൾ സംരക്ഷണമൊരുക്കാൻ ഉപയോഗിക്കപ്പെടരുത്. നിയമസഭയ്ക്കും മുഖ്യമന്ത്രിക്കും ലഭിച്ചിരിക്കുന്ന ഈ പുനഃപരിശോധനാ അധികാരം രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള കവചമായി മാറിയാൽ, അത് കേരളം ദശാബ്ദങ്ങളായി കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങൾക്ക് വലിയ തിരിച്ചടിയാകും. ലോകായുക്തയുടെ അന്തസ്സും ഉദ്ദേശലക്ഷ്യങ്ങളും പൂർണമായും സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഭരണകൂടത്തിന് നിയമപരമായല്ല, ധാർമികമായ ബാധ്യതയുണ്ട്. പ്രലോഭനങ്ങളില്ലാത്ത നീതിനിർവഹണവും അഴിമതിക്കെതിരേയുള്ള വീട്ടുവീഴ്ചയില്ലാത്ത നിലപാടുമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ആ പ്രതീക്ഷ കാത്തുസൂക്ഷിക്കാൻ ഈ പുതിയ നിയമവ്യാഖ്യാനങ്ങൾ തടസ്സമാകരുത്.

# ചരിത്രത്തിലേക്ക് പറന്നുയർന്ന് ആർട്ടെമിസ് 2



ഭൂമി വിറപ്പിക്കുന്ന ശബ്ദത്തോടെ തിളക്കമാർന്ന വെള്ളജ്വാല പൊട്ടിത്തെറിച്ചു, വിക്ഷേപണത്തറയെ ഒന്നാകെ അഗ്നി മൂടി. നിമിഷങ്ങൾക്കകം നാസയുടെ ചരിത്രത്തിലെ ഏറ്റവും ശക്തമായ റോക്കറ്റ് ആകാശത്തേക്ക് കുതിച്ചുയർന്നു. 'എല്ലാ മനുഷ്യരാശിക്കും വേണ്ടി ഞങ്ങൾ പുറപ്പെടുന്നു' – ആദ്യ സന്ദേശം ആർട്ടെമിസ് 2 പേടകത്തിൽ നിന്നു ഭൂമിയിലേക്ക്.

നാല് സഞ്ചാരികളുമായി ചന്ദ്രനെ ലക്ഷ്യമാക്കി നാസയുടെ ആർട്ടെമിസ് 2 ദൗത്യം ഫ്ളോറിഡ തീരത്ത് നിന്ന് പറന്നുയർന്നു. നാസയുടെ സ്പേസ് ലോഞ്ച് സിസ്റ്റം (എസ്എൽഎസ്) അതിവേഗം ആകാശത്തേക്ക്. പിന്നെയും വേഗം കൂട്ടി. രണ്ട് കണ്ണഞ്ചിപ്പിക്കുന്ന ജ്വാലകളുടെ തൂണുകളിൽ സഞ്ചരിച്ച്... അവ വലിയ മുഴക്കം സൃഷ്ടിച്ചുകൊണ്ടിരുന്നു.

അവയുടെ ശബ്ദം വിക്ഷേപണത്തറയിൽനിന്ന് അഞ്ചു കിലോമീറ്റർ അകലെനിന്നു നോക്കിനിന്നവരുടെ പോലും ചെവിയിൽ പതിച്ചു. വിക്ഷേപണം തുടങ്ങി ഒരു മിനിറ്റ് പത്ത് സെക്കൻഡിന്ശേഷം നിരീക്ഷകർക്കിടയിൽ ചെറിയ സന്തോഷ ആരവങ്ങൾ ഉയർന്നു. ഈ ഘട്ടത്തിലാണ് റോക്കറ്റിൽ ഏറ്റവും കൂടുതൽ സമ്മർദം അനുഭവപ്പെടുന്നത്. ചെറിയ ഘടനാപരമായ ബലഹീനതപോലും വിനാശകരമായേക്കാം എന്ന് എഞ്ചിനീയർമാർക്ക് അറിയാം.

യാതൊരു ബലഹീനതയും ഉണ്ടായിരുന്നില്ല. എസ്.എൽ.എസ് അറ്റ്ലാന്റിക്കിന് മുകളിലൂടെ തിളങ്ങുന്ന വെളുത്ത മേഘംപോലെ വളഞ്ഞു, പുകയുടെ വെളുത്ത പാത ബാക്കിവെച്ച് ശബ്ദം ഇല്ലാതായി. ബഹിരാകാശ പേടകം ചെറുതായിക്കൊണ്ടേയിരുന്നു. ചന്ദ്രനെതേടി ഒറ്റ തിളക്കമുള്ള നക്ഷത്രം പോലെ ചെറുതായി. അതിനുപിന്നാലെ, കെന്നഡി സ്പേസ് സെന്ററിലെ ജീവനക്കാർക്കിടയിൽനിന്ന് ആരവം ഉയർന്നു.

കഴിഞ്ഞ കുറച്ച് മാസങ്ങളായി ആർട്ടെമിസ് 2 വിക്ഷേപണത്തോട് അടുത്ത് വരികയും എന്നാൽ വിവിധ കാരണങ്ങളാൽ റദ്ദാക്കപ്പെടുകയും ചെയ്തതിന്റെ പിരിമുറുക്കം അവർക്കുണ്ടായിരുന്നു.

രാജ്യങ്ങൾ ചന്ദ്രനിലേക്ക് മടങ്ങുകയാണ്. ചന്ദ്രൻ തന്ത്രപരവും ശാസ്ത്രീയവും സാമ്പത്തികവുമായ ഒരു മുതൽക്കൂട്ടായി മാറിയതുകൊണ്ടാണിത്. പ്രത്യേകിച്ച്, ജലാംശത്തിന്റെയും വിലയേറിയ വിഭവങ്ങളുടെയും പുതിയ തെളിവുകൾ, ചൊവ്വയിലേക്കും മറ്റ് ബഹിരാകാശ ദൗത്യങ്ങളിലേക്കുമുള്ള ഒരു കവാടം എന്ന നിലയിലുള്ള പങ്ക് എന്നിവയെല്ലാം ഇതിന് കാരണമാണ്. ആഗോള മത്സരം, സാങ്കേതിക മുന്നേറ്റങ്ങൾ, സ്വകാര്യ ബഹിരാകാശ കമ്പനികളുടെ വളർച്ച എന്നിവയും ഈ പുത്തനുണർവിന് പിന്നിലുണ്ട്. ഭൂമിക്ക് പുറത്ത് ജീവൻ നിലനിർത്താൻ ഒരു ബദൽ കണ്ടെത്തേണ്ടതിന്റെ ആവശ്യവും കാരണമാണ്.

ഇന്ത്യ, യുഎസ്, ചൈന, ജപ്പാൻ, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പുതിയ ചാന്ദ്രദൗത്യങ്ങൾ, ചന്ദ്രനിൽ തങ്ങാനും പഠിക്കാനും ഉപയോഗിക്കാനും ലക്ഷ്യമിട്ടുള്ളതാണ്. ഹ്രസ്വ സന്ദർശനങ്ങളിൽ നിന്ന് മാറി ദീർഘകാല അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കാനാണു ശ്രദ്ധ. ഒരു പരീക്ഷണശാല, വിഭവങ്ങളുടെ കേന്ദ്രം, തന്ത്രപ്രധാനമായ നിരീക്ഷണ കേന്ദ്രം എന്നിങ്ങനെ പലതുമായി ചന്ദ്രൻ ഒരേസമയം മാറുകയാണ്.

ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഇന്ധനത്തിനും ജീവൻ നിലനിർത്താനും ആവശ്യമായ ജലാംശം, അണുസംയോജനത്തിനുള്ള സാധ്യതയുള്ള ഇന്ധനമായ ഹീലിയം-3, അപൂർവ ലോഹങ്ങൾ എന്നിവയുണ്ട്. ചാന്ദ്ര വിഭവങ്ങൾ ഉപയോഗിക്കുന്നത് ഭൂമിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയും സുസ്ഥിരമായ ബഹിരാകാശ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യും. ഭൂമിയുടെ ആറിലൊന്ന് ഗുരുത്വാകർഷണം മാത്രമുള്ളതിനാൽ ചന്ദ്രനിൽ നിന്ന് ചൊവ്വയിലേക്കുള്ള യാത്ര എളുപ്പമാകും. ചന്ദ്രയാൻ-1 കണ്ടെത്തിയ ജലസാന്നിധ്യവും ചന്ദ്രയാൻ-3 കണ്ടെത്തിയ ഉപരിതലത്തിലെ കുറഞ്ഞ താപനിലയും ഈ സാധ്യത വർധിപ്പിക്കുന്നു. ഭാവിയിലെ ചൊവ്വ ദൗത്യങ്ങൾക്കാവശ്യമായ ക്രയോജനിക് ഇന്ധനം ചന്ദ്രനിൽ ഉൽപാദിപ്പിക്കാനും സംഭരിക്കാനും ഇത് സഹായിച്ചേക്കാം.

വെല്ലുവിളികളുമുണ്ട്. ദൂരംകൊണ്ട് അടുത്താണെങ്കിലും മറ്റെല്ലാ അർത്ഥത്തിലും അതീവ ദുഷ്കരമാണ് ചന്ദ്രൻ. ആഴ്ചകളോ മാസങ്ങളോ ബഹിരാകാശ യാത്രികർ അവിടെ തങ്ങുമ്പോൾ ശാരീരികവും മാനസികവും വൈകാരികവുമായ വെല്ലുവിളികൾ വർധിക്കുന്നു. ചന്ദ്രന് കാന്തികമണ്ഡലമോ അന്തരീക്ഷമോ ഇല്ല. സൗരവികിരണങ്ങളുടെയും കോസ്മിക് രശ്മികളുടെയും നിരന്തരമായ ഭീഷണിയുമുണ്ട്. അതിനാൽ, ദീർഘകാലം തങ്ങുന്നത് കാൻസർ, റേഡിയേഷൻ രോഗങ്ങൾ, സന്ധീവ്യവസ്ഥയിലെ തകരാറുകൾ, ഹൃദയസംബന്ധമായ പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള സാധ്യത വർധിപ്പിക്കുന്നു.

ഭൂമിയുടെ ആറിലൊന്ന് ഗുരുത്വാകർഷണമേ ചന്ദ്രനുള്ളൂവെന്നതു പേശികളുടെ ബലക്ഷയം, എല്ലുകളുടെ സാന്ദ്രത കുറയൽ, ഹൃദയാരോഗ്യക്കുറവ് എന്നിവയ്ക്ക് കാരണമാകും. ചന്ദ്രനിലെ 14 ദിവസം നീളുന്ന പകലും രാത്രിയും ഉറക്കമില്ലായ്മ, ക്ഷീണം, ശ്രദ്ധക്കുറവ് എന്നിവയ്ക്ക് കാരണമാകും.

## സൈബർ തട്ടിപ്പ്: 83,000 വാട്സാപ് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്തു

ന്യൂഡൽഹി: ഇന്ത്യയിൽ സൈബർ തട്ടിപ്പുകൾ തടയുന്നതിന്റെ ഭാഗമായി ഒരു വർഷത്തിനിടയിൽ 83,867 വാട്സാപ് അക്കൗണ്ടുകളും 3962 സ്കൈപ്പ് ഐഡികളും ബ്ലോക്ക് ചെയ്തതായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം. ടെലികോം വകുപ്പ്, പോലീസ്, സിം സേവനദാതാക്കൾ തുടങ്ങിയവരുമായി ചേർന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനു കീഴിലുള്ള ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ ബ്ലോക്കാണ് തട്ടിപ്പുകാർക്കെതിരെ നടപടി സ്വീകരിച്ചത്. ഇതോടൊപ്പം 8.45 ലക്ഷം സിം കാർഡുകളും 2.39 ലക്ഷം മൊബൈൽ ഐഎംഇഐ നമ്പറുകളും നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ വഴി തിരിച്ചറിഞ്ഞ് പ്രവർത്തനരഹിതമാക്കി. സൈബർ തട്ടിപ്പിലേക്കു നയിച്ചേക്കാവുന്ന 827 വ്യാജ മൊബൈൽ ആപ്ലിക്കേഷനുകൾ തടഞ്ഞതായും സഹയോഗ് പോർട്ടൽ വഴി ഒരു ലക്ഷത്തിലധികം സംശയാസ്പദമായ ഓൺലൈൻ ഉള്ളടക്കങ്ങൾ നീക്കം ചെയ്തതായും കേന്ദ്രം അറിയിച്ചു.

# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**






# ലോകായുക്ത നിയമ ഭേദഗതി ശരിവെച്ച് ഹൈക്കോടതി

കൊച്ചി: ലോകായുക്തയുടെ ശിപാർശകൾ യോഗ്യതപ്പെട്ട അധികാരികൾ വിലയിരുത്തണമെന്നു വ്യവസ്ഥ ചെയ്യുന്ന ലോകായുക്ത നിയമ ഭേദഗതി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ശരിവെച്ചു. എന്നാൽ, ലോകായുക്തയുടെ റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾ 90 ദിവസത്തിനകം തള്ളിയില്ലെങ്കിൽ അത് അംഗീകരിച്ചതായി കണക്കാക്കാമെന്നും കോടതി വ്യക്തമാക്കി. അതേസമയം, ലോകായുക്തയായി ഹൈക്കോടതി റിട്ട. ചീഫ് ജസ്റ്റിസ് വേണമെന്ന മുൻ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നത് ഉചിതമാകുമെന്നും പറഞ്ഞു. ഈ പദവിയിൽ ഹൈക്കോടതി ജഡ്ജിയായാലും മതിയെന്നായിരുന്നു ഭേദഗതി വ്യവസ്ഥ.

എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന നിയമ ഭേദഗതികൾ ലോകായുക്ത സംവിധാനത്തെ ദുർബലമാക്കുമെന്നും ഭരണാധികാരികളുടെ അഴിമതിക്ക് ഒത്താശ ചെയ്യുമെന്നും ആരോപിച്ച് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും കൊച്ചി സ്വദേശി എൻ. പ്രകാശും നൽകിയ പൊതുതാൽപര്യ ഹർജികൾ തീർപ്പാക്കിയാണ് ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ വിധി. തെളിവു പരിശോധിച്ചുള്ള വിധിനിർണയ രീതി ഉണ്ടെങ്കിലും ലോകായുക്ത / ഉപലോകായുക്തയ്ക്ക് കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ജുഡീഷ്യൽ അധികാരമില്ലെന്നു കോടതി ചൂണ്ടിക്കാട്ടി. ഈ ഭേദഗതി മന്ത്രിമാരുടെ പദവി സംബന്ധിച്ച ഭരണഘടനാ സ്കീമിന് അനുസൃതമാണ്. മന്ത്രിമാർ തുടരുന്ന കാര്യത്തിൽ ഗവർണറുടെ പ്രീതിയാണു മുഖ്യം എന്നതാണു ഭരണഘടനാ സ്കീം. ഏതെങ്കിലും അധികാരികളുടെ ശിപാർശയിൽ മന്ത്രിമാർ രാജിവെക്കേണ്ടി വരുന്നതു ഭരണഘടനാ സ്കീമിനു നിരക്കുന്നതല്ലെന്നായിരുന്നു അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പിന്റെ വാദം. ഭരണകർത്താക്കൾ അഴിമതി നടത്തിയാൽ അവർ പദവി ഒഴിയണമെന്ന് ഉത്തരവിടാൻ 14-ാം വകുപ്പു പ്രകാരം ലോകായുക്തയ്ക്കു സാധ്യമായിരുന്നു.


# ആത്മീയ ജീവിതം തെരഞ്ഞെടുക്കാൻ പ്രായപൂർത്തിയായ മക്കൾക്ക് സ്വാതന്ത്ര്യം

കൊച്ചി: പ്രായപൂർത്തിയായ മക്കൾക്ക് ഇഷ്ടപ്പെട്ട ആത്മീയ ജീവിതം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടെന്നും മാതാപിതാക്കളുടെ എതിർപ്പിന്റെ പേരിൽ അതു തടഞ്ഞ് ഹേബിയസ് കോർപസ് ഹർജിയിൽ ഉത്തരവിറക്കാനാവില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. എതിർകക്ഷികൾ ആരുടെയെങ്കിലും അന്യായ തടങ്കലിൽ ആണെന്നോ അതിനു സാധ്യതയുണ്ടെന്നോ തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ ഹേബിയസ് ഹർജി നിലനിൽക്കില്ലെന്ന് ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് ജോബിൻ സെബാസ്റ്റ്യൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

അതിരൂപതയിൽനിന്നു പുറത്തായ സന്യാസിനീ സമൂഹത്തിൽ മക്കൾ തുടരുന്നത് അവരുടെ സ്വാതന്ത്രമായ തീരുമാനമനുസരിച്ചല്ലെന്നും എതിർകക്ഷികളായ സന്യാസിനികളുടെ സമ്മർദ്ദം മൂലമാണെന്നും ആരോപിച്ചാണ് തൃശൂർ സ്വദേശികളായ മൂന്ന് രക്ഷിതാക്കൾ കോടതിയിലെത്തിയത്. എന്നാൽ, മക്കളുടെ തീരുമാനത്തിൽ മാതാപിതാക്കൾക്ക് ആശങ്കയുണ്ടായാലും പ്രായപൂർത്തിയായവർക്ക് സ്വന്തം താല്പര്യമനുസരിച്ച് ജീവിക്കാൻ അവകാശമുണ്ടെന്നു കോടതി പറഞ്ഞു. വ്യക്തിസ്വാതന്ത്ര്യം ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശത്തിന്റെ ഭാഗമാണെന്നു ചൂണ്ടിക്കാട്ടിയ കോടതി ഹേബിയസ് കോർപസ് ഹർജി തള്ളി.

വിശ്വാസം സംബന്ധിച്ചും ഏതു സന്യാസിനീ സമൂഹത്തിൽ ചേരണമെന്നതു സംബന്ധിച്ചും തീരുമാനമെടുക്കാൻ വ്യക്തികൾക്ക് സ്വാതന്ത്ര്യമുണ്ട്. പോലീസ് അന്വേഷണത്തിൽ തങ്ങൾ ഈ ആത്മീയപാത തെരഞ്ഞെടുത്തത് സ്വന്തം ഇഷ്ടപ്രകാരമാണെന്നു യുവതികൾ മൊഴി നല്കിയിരുന്നു.

# എസ്ഐആർ അനാവശ്യമെന്ന് മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ



എസ്.വൈ. ഖുറേഷി

ന്യൂഡൽഹി: ഇന്ത്യയിൽ വോട്ടർപട്ടിക തീവ്രപരിഷ്കരണം (എസ്ഐആർ) അനാവശ്യമാണെന്ന് മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ എസ്. വൈ. ഖുറേഷി. വോട്ടർപട്ടികയുമായി ബന്ധപ്പെട്ട് നിലവിലുള്ള സംവിധാനം 99 ശതമാനം ശുദ്ധമാണെന്നും 30 വർഷത്തെ പരിശ്രമത്തിനൊടുവിലാണ് ഈ നേട്ടമുണ്ടാക്കിയതെന്നും ഖുറേഷി പറഞ്ഞു. തെരഞ്ഞെടുപ്പ് ക്രമക്കേടിനെപ്പറ്റി പരാതികൾ കൂടുന്ന പശ്ചാത്തലത്തിൽ 'ഭാരത് ജോഡോ അഭിയാൻ' സംഘടിപ്പിച്ച ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

"ഇന്ത്യയിൽ വോട്ടർപട്ടിക ഡിജിറ്റൈസ് ചെയ്യുന്ന പ്രക്രിയ ടി.എൻ. ശേഷൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായപ്പോഴാണ് ഏറ്റെടുത്ത് നടത്തിയത്. ഡിജിറ്റൈസ് ചെയ്തതോടെ പട്ടിക 99 ശതമാനം കൃത്യമായി. മരിച്ചവരുടെ പേര് നീക്കുന്നതിൽ മാത്രമാണ് കൃത്യതയില്ലാത്തത്. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും വോട്ടർപട്ടിക പുതുക്കുന്നതിലൂടെ മരിച്ചവരുടെ പേര് നീക്കാനുള്ള ശ്രമവും നടക്കുന്നു. അനുച്ഛേദം 326 പ്രകാരം വോട്ടർപട്ടിക കൃത്യമാകണം. വീഴ്ചകൾ തടയാനാണ് സമ്മറി റിവിഷൻ എന്നപേരിൽ വർഷാവസാനം പട്ടിക പരിഷ്കരിക്കുന്നത്. ലളിതമായ പ്രക്രിയയാണിത്. അതിനിടയിൽ ഇത്ര ചുരുങ്ങിയ സമയത്തിൽ എസ്ഐആർ നടത്തേണ്ടതിന്റെ ആവശ്യമെന്താണ്? പശ്ചിമബംഗാളിൽ തെരഞ്ഞെടുപ്പ് അടുത്തിട്ടും 20 ലക്ഷം വോട്ടർമാരുടെ തർക്കത്തിൽ തീരുമാനമായിട്ടില്ല. അവരെ വോട്ടുചെയ്യാൻ അനുവദിക്കണം. പട്ടികയ്ക്ക് പുറത്താവുന്നത് അവരുടെ തെറ്റുകൊണ്ടല്ല"- ഖുറേഷി പറഞ്ഞു.

# കോവിഡ് ഇടപാടുകളിൽ കോടികളുടെ നഷ്ടമെന്ന് റിപ്പോർട്ട്

കോഴിക്കോട്: കോവിഡ് കാലത്ത് മരുന്നും ഉപകരണങ്ങളും വാങ്ങിയതിൽ 50 കോടിയോളം രൂപയുടെ നഷ്ടം സംഭവിച്ചെന്ന് സ്ഥിരീകരിച്ച് കേരള മെഡിക്കൽ സർവീസ് കോർപറേഷന്റെ ആഭ്യന്തര ഓഡിറ്റ് റിപ്പോർട്ട്. കെഎംഎസ്സിഎലിലെ രേഖകൾ പരിശോധിച്ച സംഘമാണ് 72 പേജ് വരുന്ന കരട് റിപ്പോർട്ട് മാനേജിങ് ഡയറക്ടർക്ക് സമർപ്പിച്ചത്. എൻ-95 മാസ്ക് വാങ്ങിയതിൽ മാത്രം 7.63 കോടിയുടെ നഷ്ടമാണ് ഉണ്ടായത്.

സർക്കാർ നിർദ്ദേശങ്ങൾ കാറ്റിൽ പറത്തിയും ഡ്യൂപ്ലിക്കേറ്റ് ബില്ലുകൾ ഉപയോഗിച്ചുമാണ് കോടിക്കണക്കിന് രുപ വിവിധ കമ്പനികൾക്കു കൈമാറിയത്. ഉൽപന്നങ്ങൾക്കു കുറഞ്ഞ നിരക്ക് ആവശ്യപ്പെട്ട കമ്പനികൾക്കു പോലും കെഎംഎസ്സിഎൽ ഉയർന്ന നിരക്ക് 'ദാനം' ചെയ്തു.

വിപണിയിൽ ലഭ്യമായതിനെക്കാളും മൂന്നിരട്ടി വിലയ്ക്കാണ് 'അടിയന്തര സാഹചര്യം' എന്ന് വിലയിരുത്തി ഉൽപന്നങ്ങൾ വാങ്ങിക്കൂട്ടിയത്. കോവിഡിനു ശേഷവും അനാവശ്യമായി പിപിഇ കിറ്റും മാസ്കും വാങ്ങിക്കൂട്ടി. പകുതി തുക മുൻകൂർ നൽകാനായി സർക്കാർ തീരുമാനിച്ചപ്പോൾ ഉൽപന്നം ലഭിക്കുന്നതിനു മുൻപു തന്നെ മുഴുവൻ തുകയും നൽകി കെഎംഎസ്സിഎൽ 'കരുണ' കാണിച്ചിട്ടുണ്ടെന്നും ഓഡിറ്റ് വ്യക്തമാക്കുന്നു. ഒരു ആവശ്യവും ഇല്ലാതിരിക്കെ 2021 മാർച്ച് മുതൽ 22 ജൂൺ വരെ 39,000 പിപിഇ കിറ്റ് 6.56 കോടി രൂപയ്ക്കാണ് വാങ്ങിക്കൂട്ടിയത്. 410-435 രൂപയ്ക്ക് പിപിഇ കിറ്റ് ലഭിച്ചിരുന്നപ്പോൾ 1295, 1550, 1643 രൂപ വീതം നൽകി വാങ്ങി നഷ്ടം വന്നത് 4.80 കോടി രൂപയാണ്.

# ചഞ്ചൽ കുമാർ വാർത്താവിതരണ മന്ത്രാലയം സെക്രട്ടറി

ന്യൂഡൽഹി: ബിഹാർ കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ ചഞ്ചൽ കുമാറിനെ കേന്ദ്ര വാർത്താ വിതരണ മന്ത്രാലയം സെക്രട്ടറിയായി നിയമിച്ചു. നിലവിൽ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ വികസനത്തിനു വേണ്ടിയുള്ള മന്ത്രാലയത്തിന്റെ സെക്രട്ടറിയാണ്. ഈ പദവിയിലേക്ക് നിലവിലെ വാർത്താവിതരണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജാജു എത്തും. വ്യോമയാന ഡയറക്ടറേറ്റ് ജനറൽ (ഡിജിസിഎ) മേധാവി ഫയിസ് അഹമ്മദ് കിദ്വായിക്ക് പകരം വീർ വിക്രം യാദവിനെ നിയമിച്ചു. കിദ്വായിയെ പഴ്സണൽ മന്ത്രാലയത്തിലേക്കു മാറ്റി.


നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ (എൻടിഎ) ഡയറക്ടർ ജനറലായി നാഷണൽ ഇർഫർമാറ്റിക്സ് സെന്റർ മേധാവി അഭിഷേക് സിങ്ങിനെ നിയമിച്ചു. ഭുവനേഷ് കുമാറാണ് ടൂറിസം മന്ത്രാലയം സെക്രട്ടറി. ശ്രീവത്സ കൃഷ്ണയാണ് ന്യൂനപക്ഷകാര്യ മന്ത്രാലയം സെക്രട്ടറി. ധനകാര്യ സേവന വകുപ്പ് സെക്രട്ടറിയായ എം. നാഗരാജു മേയിൽ വിരമിക്കുമ്പോൾ പകരം സഞ്ജയ് ലോഹിയ നിയമിതനാകും.






# Eighth Death Anniversary

**4-6-2026**



## LUKOSE KULATHILKAROTE

**Chicago**

Inserted By
Sorrowing Family


# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG

'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി

DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.





ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA

Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)

FOUNDER PRESIDENT

PR. DR. V. P. JOSE

PRINCIPAL

PR. DR. JOHN. K. MATHEW

VICE. PRINCIPAL

PR. ANIL KODITHOTTAM

DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath

26 YEARS IN CHRISTIAN MINISTRY

CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289

# പ്രതിപക്ഷ പ്രതിഷേധം ശക്തം: എഫ്സിആർഎ ബിൽ മാറ്റിവെച്ചു

ന്യൂഡൽഹി: വിവാദമായ വിദേശ സംഭാവന (ഭേദഗതി) നിയന്ത്രണ ബിൽ പാർലമെന്റിൽ ചർച്ചയ്ക്കെടുക്കുന്നതു കേന്ദ്ര സർക്കാർ മാറ്റിവെച്ചു. പ്രതിപക്ഷത്തിന്റെയും ക്രൈസ്തവ സഭകളുടെയും എതിർപ്പിനിടെയാണിത്. നിയമസഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടിയാകുമെന്നു ചൂണ്ടിക്കാട്ടി ബിജെപി കേരള ഘടകവും പാർട്ടി ദേശീയനേതൃത്വത്തിൽ സമ്മർദം ചെലുത്തിയിരുന്നു.

ഏപ്രിൽ ഒന്നിന് പരിഗണിക്കാനായി കാര്യപരിപാടിയിൽ ഫോറിൻ കോൺട്രിബ്യൂഷൻ (അമൻഡ്മെന്റ്) റെഗുലേഷൻ ബില്ലും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, ഇതു മാറ്റിവെച്ചതായി ചോദ്യോത്തരവേളയ്ക്കിടെ പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു സഭയെ അറിയിച്ചു. വിഷയത്തിൽ കോൺഗ്രസും സിപിഎമ്മും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

കേരളത്തിലെ ക്രൈസ്തവ വിഭാഗങ്ങളെ പാർട്ടിയിലേക്ക് ആകർഷിക്കാൻ ശ്രമം നടത്തുന്ന ബിജെപി കേരള ഘടകവും ദേശീയനേതൃത്വത്തെ ആശങ്ക അറിയിച്ചിരുന്നു. ബിൽ പാസാക്കുന്നതു നിയമസഭാ തെരഞ്ഞെടുപ്പിലടക്കം പാർട്ടിയുടെ സാധ്യതകളെ ബാധിക്കുമെന്നും അതിനാൽ മാറ്റിവെക്കണമെന്നുമായിരുന്നു ആവശ്യം. ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ബിജെപി നേതൃത്വത്തോട് ഇക്കാര്യം ആവശ്യപ്പെട്ടു.

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് പ്രതിപക്ഷം ബില്ലിനെ തെറ്റായി വ്യാഖ്യാനിക്കുകയാണെന്നു റിജിജു പറഞ്ഞു. '2010-ൽ യുപിഎ സർക്കാർ നിയമത്തിൽ ഒരു പ്രധാന ഭേദഗതി കൊണ്ടുവന്നിരുന്നു. ദേശീയ സുരക്ഷയും താൽപ്പര്യങ്ങളും മുൻനിർത്തി വിദേശസംഭാവനകളുടെ നിയന്ത്രണവും അതിന്റെ ശരിയായ ഉപയോഗവും സംബന്ധിച്ചാണ് നിലവിലെ ഭേദഗതി നിർദേശങ്ങൾ' - റിജിജു പറഞ്ഞു. എന്നാൽ, വിദേശ ഫണ്ടുകൾ ഉപയോഗിച്ചു സൃഷ്ടിക്കുന്ന ആസ്തികൾ പിടിച്ചെടുക്കാൻ സർക്കാരിന് അധികാരം നൽകുന്നു എന്നതാണ് പ്രതിപക്ഷത്തിന്റെ പ്രധാന ആരോപണം.

ന്യൂനപക്ഷങ്ങളുടെ മാത്രമല്ല ഇന്ത്യയിൽ പ്രവർത്തിക്കുന്ന നിരവധി എൻജിഒകളുടെയും താൽപ്പര്യങ്ങളെയും ഇത് തടസപ്പെടുത്തുമെന്നും വഖഫ് നിയമത്തിലെ ഭേദഗതികൾക്ക് ശേഷം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള മോദി സർക്കാരിന്റെ മറ്റൊരു നീക്കമാണിതെന്നും കോൺഗ്രസ് എംപി ഹൈബി ഈഡൻ പറഞ്ഞു. കേരളത്തിലും ഇന്ത്യയിലുടനീളവും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന മതന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ച് ക്രിസ്ത്യൻ സമൂഹത്തെ ലക്ഷ്യം വെച്ചാണ് ബിൽ എന്ന് എൻ.കെ. പ്രേമചന്ദ്രൻ പറഞ്ഞു.

## ഐടി നിയമഭേദഗതി: സമൂഹ മാധ്യമങ്ങൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തി

ന്യൂഡൽഹി: ഐടി നിയമങ്ങളിൽ ഭേദഗതികൾ വരുത്തി സമൂഹമാധ്യമ ഉപയോക്താക്കൾക്കുമേൽ കൂടുതൽ പിടിമുറുക്കാൻ കേന്ദ്രസർക്കാർ. 2021-ലെ ഐടി നിയമങ്ങളിൽ ഭേദഗതി വരുത്തി വാർത്താപ്രസാധകർക്കു ബാധകമാകുന്ന കടുത്ത നിയന്ത്രണങ്ങൾ സമൂഹമാധ്യമ ഇൻഫ്ളുവൻസർമാർക്കും വാർത്താ ഉള്ളടക്കങ്ങൾ സമൂഹ മാധ്യമത്തിൽ പോസ്റ്റ്ചെയ്യുന്ന ഉപയോക്താക്കൾക്കും ബാധകമാക്കാനാണു നീക്കം. ഇതുമായി ബന്ധപ്പെട്ടുള്ള ഭേദഗതികളുടെ കരട് ഐടി മന്ത്രാലയം മാർച്ച് 30-ന് തിങ്കളാഴ്ച പുറത്തിറക്കി.

ബ്രോഡ്കാസ്റ്റിംഗിനുമേൽ നിലവിലുള്ള നിയന്ത്രണങ്ങൾ വാർത്തകളും സമകാലിക സംഭവങ്ങളും പോസ്റ്റ് ചെയ്യുന്ന പ്രസാധകരല്ലാത്ത ഉപയോക്താക്കൾക്കുമേലും ബാധകമാക്കാനാണു കേന്ദ്രത്തിന്റെ നീക്കം. സർക്കാരിന് അനഭിമതമായ ഓൺലൈൻ ഉള്ളടക്കങ്ങൾ നീക്കം ചെയ്യപ്പെടുന്നതിനു ഭേദഗതികൾ കാരണമാകുമെന്നാണ് നീക്കത്തെ വിമർശിക്കുന്നവർ ചൂണ്ടിക്കാട്ടുന്നത്.

ഐടി നിയമത്തിനു കീഴിൽ രൂപീകരിക്കപ്പെട്ട ഇന്റർ ഡിപ്പാർട്ട്മെന്റൽ സമിതിയുടെ വ്യാപ്തി വിപുലമാക്കാനും കരട് ഭേദഗതി ലക്ഷ്യമിടുന്നുണ്ട്. ഓൺലൈൻ ഉള്ളടക്കത്തിനെതിരേ ലഭിക്കുന്ന പരാതികളിൽ മാത്രമല്ല, പരാതി ലഭിക്കാതെതന്നെ മന്ത്രാലയം നേരിട്ടു ശിപാർശ ചെയ്യുന്ന വിഷയങ്ങളും വിലയിരുത്തുവാനുള്ള അധികാരം ഭേദഗതിയിലൂടെ ഇന്റർ ഡിപ്പാർട്ട്മെന്റൽ സമിതിക്കു ലഭിക്കും. ഇത്തരം ഉള്ളടക്കങ്ങൾ ബ്ലോക്ക് ചെയ്യാനോ പരിഷ്കരിക്കാനോ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനും ഭേദഗതി അധികാരം നൽകുന്നുണ്ട്. കരട് ഭേദഗതികളിൽ ഈ മാസം 14 വരെ പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാം.

## ലോക്കറിലെ നഷ്ടത്തിന് വാടകയുടെ നൂറുമടങ്ങ് നഷ്ടപരിഹാരം

മുംബൈ: ബാങ്കുകളുടെ ലോക്കറിൽ വെക്കുന്ന വസ്തുക്കൾ നഷ്ടമായാൽ ലോക്കറുടമകൾക്ക് വാർഷിക വാടകയുടെ നൂറുമടങ്ങ്വരുന്ന തുകയാണ് ഇൻഷുറൻസ് പരിരക്ഷയായി ലഭിക്കുകയെന്ന് വ്യക്തമാക്കി കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. പാർലമെന്റിൽ ചോദ്യോത്തരത്തിന് മറുപടിയായാണ് ധനമന്ത്രി ഇക്കാര്യത്തിൽ വ്യക്തത വരുത്തിയത്. ലോക്കറുകളിൽ ഉപഭോക്താക്കൾ വെക്കുന്ന വസ്തുക്കൾ പരിശോധിക്കാനും വില രേഖപ്പെടുത്താനും ബാങ്കുകളെ അനുവദിക്കുന്നില്ല. അങ്ങനെ ബാങ്കുകൾ ചെയ്യുന്നത് നിയമവിരുദ്ധമാണ്. ഈ നിയന്ത്രണം നിലവിലുള്ളതുകൊണ്ട് ലോക്കറിൽ സൂക്ഷിക്കുന്ന വസ്തുക്കളുടെ ശരിക്കുള്ള മൂല്യത്തിന് ഇൻഷുറൻസ് പരിരക്ഷനൽകുക അസാധ്യമാണെന്നും ധനമന്ത്രി വിശദീകരിച്ചു. ബാങ്കുകൾ ലോക്കറിലെ വസ്തുക്കൾ പരിശോധിക്കുന്നത് സ്വകാര്യതാലംഘനമാണ്. പരിശോധിച്ചുറപ്പാക്കാത്ത വസ്തുക്കൾക്ക് ഏകീകൃത സ്വഭാവത്തിലുള്ള നഷ്ടപരിഹാരമാണ് നടപ്പാക്കാൻ കഴിയുക. ഓരോലോക്കറിനും വ്യത്യസ്ത രീതിയിൽ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ പ്രായോഗികബുദ്ധിമുട്ടുകളുള്ളതായും അവർ വ്യക്തമാക്കി.

## പാപ്പരത്ത നിയമം: ഭേദഗതി ബിൽ ലോക്സഭ അംഗീകരിച്ചു

ന്യൂഡൽഹി: പാപ്പരത്ത നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കാൻ കർശന സമയപരിധി, കോടതിക്കു പുറത്തുള്ള ഒത്തുതീർപ്പിന് അവസരം തുടങ്ങിയ വ്യവസ്ഥകൾ ഉൾപ്പെടുന്ന ഭേദഗതി ബിൽ ലോക്സഭ പാസാക്കി. 2016-ൽ പ്രാബല്യത്തിൽവന്ന ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡിൽ (ഐബിസി) ഭേദഗതി നിർദേശിക്കുന്ന ബില്ലിൽ സിലക്ട് കമ്മിറ്റി നിർദേശിച്ചതുൾപ്പെടെ 12 ഭേദഗതികൾ ഉൾപ്പെടുത്തിയതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു.

കേസുമായി ബന്ധപ്പെട്ടു നിൽക്കുന്നവർക്കു പരമാവധി ആനുകൂല്യങ്ങൾ ഉറപ്പാക്കുക, നിയമ നടപടി കൂടുതൽ മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണു മാറ്റങ്ങൾ കൊണ്ടുവരുന്നതെന്നും ഇതു ഇന്ത്യയിലെ ബാങ്കിങ് രംഗത്തിനു കൂടുതൽ മികവു നൽകുമെന്നും നിർമല സീതാരാമൻ ലോക്സഭയിൽ മറുപടി പ്രസംഗത്തിൽ വിശദീകരിച്ചു.

## രണ്ട് മൗണ്ടൻ റഡാർ: 1,950 കോടി രൂപയുടെ കരാറിൽ ഒപ്പുവെച്ച് വ്യോമസേന

ന്യൂഡൽഹി: വ്യോമസേനയ്ക്കുവേണ്ടി രണ്ട് മൗണ്ടൻ റഡാറും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ പ്രതിരോധ മന്ത്രാലയം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡു (ബെൽ) മായി 1,950 കോടി രൂപയുടെ കരാർ ഒപ്പുവെച്ചു. പ്രതിരോധ ഗവേഷണ വികസന സംഘടന (ഡിആർഡിഒ) തദ്ദേശീയമായി രൂപകല്പനചെയ്ത റഡാറുകൾ ബെൽ നിർമിക്കും. റഡാറുകൾ സ്ഥാപിക്കുന്നത് ദേശീയസുരക്ഷ ശക്തിപ്പെടുത്തുമെന്ന് പ്രതിരോധമന്ത്രാലയം അറിയിച്ചു.

## പുതുശ്ശേരിൽ ലീലാമ്മയുടെ സംസ്കാരം ഏപ്രിൽ 9-ന് വ്യാഴാഴ്ച



ചിക്കാഗോ: കിടങ്ങൂർ പുതുശ്ശേരിൽ ജോർജിന്റെ ഭാര്യ ലീലാമ്മ (77) യുടെ സംസ്കാരം ഏപ്രിൽ 9-ന് വ്യാഴാഴ്ച നടത്തപ്പെടും. മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ രാവിലെ 8 മണി മുതൽ 10 മണി വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും. നൈൽസിലുള്ള മേരി ഹിൽ സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും.

പരേത കൂടല്ലൂർ കൊച്ചുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ബീനാ, ബിനിയാ, ബിനു, ബിനോ. മരുമക്കൾ: ജിനോ കോതാലടിയിൽ (മുൻ ചിക്കാഗോ കെസിഎസ് സെക്രട്ടറി-ഏറ്റുമാനൂർ), ജൂലി പ്ലാച്ചേരിൽ (നീണ്ടൂർ), ലിൻസി (ചിക്കാഗോ).






PURCHASE AND REFINANCE MORTGAGES

CALL ME @ 847 471 4423

BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423

- Pre Approvals in minutes !!!
- Low Down Payments for Qualified Customers

Illinois Residential Mortgage Licensee

Citywide Mortgage of America Corp.
Officee: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago, Illinois 60641



മത്തായിച്ചൻ
MATHAICHEN
ROOFING & SIDING

We Specialize In Storm Damage Repair & Remodeling
We Work with All Home Insurances
Will do any Remodeling

JBR RESTORATION SERVICES - LICENSED
COMMERCIAL AND RESIDENTIAL

FREE ESTIMATE
CALL MATHEW:
630-205-5585

# മുന്നണികൾ പ്രകടന പത്രിക പുറത്തിറക്കി

കൊച്ചി: കേരളത്തെ ദാരിദ്ര്യരഹിത സംസ്ഥാനമാക്കും, ക്ഷേമ പെൻഷനുകളെല്ലാം 3000 രൂപയാക്കും തുടങ്ങിയ പ്രഖ്യാപനങ്ങളുമായി എൽഡിഎഫ് പ്രകടനപത്രിക. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രകടനപത്രിക പ്രകാശനം ചെയ്തത്.

അഞ്ചുലക്ഷം കുടുംബങ്ങളെ ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കും. വരുമാനം, താമസം, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നിവ ഉൾപ്പെടുന്ന സമഗ്ര ദാരിദ്ര്യനിർമാർജന പദ്ധതിയാണ് നടപ്പാക്കുക. കിടപ്പുരോഗികൾക്കായി സമ്പൂർണ പരിചരണസംവിധാനം നടപ്പാക്കും. ആരോഗ്യകരമായ വാർദ്ധക്യം എന്ന ആശയം യാഥാർഥ്യമാക്കും. പഠിച്ചവർക്കെല്ലാം ജോലി ഉറപ്പാക്കും. ക്യാമ്പസ് പ്ലേസ്മെന്റ് സർവസാധാരണമാക്കും.

കണക്ട് ടു വർക്ക് സ്കോളർഷിപ്പിലൂടെ വിദ്യാർത്ഥികളെ നേരിട്ട് തൊഴിൽമേഖലയുമായി ബന്ധിപ്പിക്കും. ബാക്ക് ടു ക്യാമ്പസ് പദ്ധതിയിലൂടെ പഠനം പൂർത്തിയാക്കിയ യുവാക്കൾക്ക് പുതുക്കിയ നൈപുണി പരിശീലനം നൽകും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തും.

വ്യവസായ ഇടനാഴികൾ, ലോജിസ്റ്റിക് ഹബ്ബുകൾ, ക്ലസ്റ്ററുകൾ എന്നിവ വികസിപ്പിക്കും. വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ചുള്ള വ്യവസായവികസനം കൂടുതൽ ശക്തമാക്കും. യുവജനങ്ങളെ തൊഴിൽ അന്വേഷകരിൽനിന്ന് തൊഴിൽ സൃഷ്ടിക്കുന്നവരാക്കി മാറ്റും. പലിശരഹിത വായ്പകളിലൂടെ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നും പ്രകടനപത്രികയിൽ പറയുന്നു.

സ്ത്രീകൾക്ക് കെഎസ്ആർടിസിയിൽ സൗജന്യ യാത്ര, കോളജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം, ക്ഷേമപെൻഷൻ 3,000 രൂപ തുടങ്ങിയ വാഗ്ദാനങ്ങളുമായി യുഡിഎഫ് പ്രകടന പത്രിക. കൊച്ചിയിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി എന്നിവരാണ് പത്രിക പുറത്തിറക്കിയത്.

എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ്, യുവാക്കൾക്ക് ബിസിനസ് ആരംഭിക്കുന്നതിന് അഞ്ചുലക്ഷം രൂപവരെ പലിശരഹിത വായ്പ, മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് തുടങ്ങിയ വാഗ്ദാനങ്ങളും മുന്നോട്ടു വെക്കുന്നു.

അഞ്ചു സ്വപ്ന പദ്ധതികളും പത്രികയിൽ അവതരിപ്പിച്ചു. വൻകിട, ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച ജലഗതാഗത സംവിധാന വികസന പദ്ധതിയായ മിഷൻ സമുദ്ര, വ്യോമയാന വികസനം, ആയിരത്തോളം ചെറുകിട സംരംഭങ്ങൾക്കു സഹായം നൽകുന്ന പദ്ധതി, തൊഴിൽ വിപണിയുടെ സ്വഭാവം പഠിക്കാനും മറ്റുമായി ജോബ് വാച്ച് ടവർ, വയനാട് ട്രൈബൽ യൂണിവേഴ്സിറ്റി എന്നിവയാണ് അഞ്ചു സ്വപ്ന പദ്ധതികൾ.

കേരളത്തിന് എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്), തിരുവനന്തപുരത്തും കോഴിക്കോട്ടും മെട്രോ, തിരുവനന്തപുരം -കണ്ണൂർ അതിവേഗ റെയിൽ തുടങ്ങിയ വമ്പൻ വാഗ്ദാനങ്ങളുമായി എൻഡിഎ പ്രകടനപത്രിക. ബിജെപി ദേശീയാദ്ധ്യക്ഷൻ നിതിൻ നബീനാണ് തിരുവനന്തപുരത്ത് പ്രകടനപത്രിക പ്രകാശനം ചെയ്തത്.

നിർധനകുടുംബങ്ങൾക്കു വർഷത്തിൽ രണ്ട് സൗജന്യ എൽപിജി സിലിണ്ടർ, ഓരോ വീടിനും പ്രതിമാസം 20,000 ലിറ്റർ സൗജന്യ കുടിവെള്ളം, 3000 രൂപ ക്ഷേമ പെൻഷൻ തുടങ്ങിയ ജനപ്രിയ വാഗ്ദാനങ്ങളുമുണ്ട്.

ദേവസ്വം ബോർഡുകൾ പുനസംഘടിപ്പിക്കും. ശബരിമല സ്വർണക്കൊള്ള സിബിഐ അന്വേഷിക്കും, എല്ലാവർക്കും ആയുഷ്മാൻ ആരോഗ്യപദ്ധതി (അഞ്ചുലക്ഷം രൂപവരെ ചികിത്സാസഹായം), തൊഴിലധിഷ്ഠിത വ്യവസായ വാണിജ്യ പുനരുജ്ജീവനം, 12-ാം ക്ലാസ് വരെ സൗജന്യ ഐച്ഛിക ഇംഗ്ലീഷ് വിദ്യാഭ്യാസം, വ്യവസായാധിഷ്ഠിത ഉന്നതവിദ്യാഭ്യാസം, കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും എന്ന രീതിയിൽ മുല്ലപ്പെരിയാർ തർക്കപരിഹാരം എന്നിവയാണ് മറ്റ് പ്രധാന വാഗ്ദാനങ്ങൾ.

ബിജെപി സംസ്ഥാനാദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, തിരുവനന്തപുരം മേയർ വി.വി. രാജേഷ്, ട്വന്റി 20 കോ-ഓർഡിനേറ്റർ ചീഫ് സാബു ജേക്കബ്, ബിഡിജെഎസ് സംസ്ഥാനാദ്ധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി തുടങ്ങിയവർ പ്രകാശനച്ചടങ്ങിൽ പങ്കെടുത്തു.


# ജഡ്ജിമാർക്കെതിരെ അക്രമം: ബംഗാൾ സർക്കാരിനെതിരെ സുപ്രീം കോടതി

ന്യൂഡൽഹി: ഇന്ത്യയിൽ ഏറ്റവും ധ്രുവീകരിക്കപ്പെട്ട സംസ്ഥാനമാണ് ബംഗാളെന്ന് സുപ്രീം കോടതിയുടെ രൂക്ഷ വിമർശനം. വോട്ടർ പട്ടിക പരിഷ്കരണവുമായി (എസ്ഐആർ) ബന്ധപ്പെട്ട പരാതികളും എതിർപ്പുകളും പരിഗണിക്കുന്ന ജഡ്ജിമാർക്കെതിരായ പ്രതിഷേധത്തിലും അക്രമത്തിലും കടുത്ത അതൃപ്തി അറിയിച്ചുകൊണ്ടാണ് കോടതിയുടെ പരാമർശം. സംഭവത്തിൽ കോടതി അന്വേഷണത്തിന് ഉത്തരവിട്ടു.

സിബിഐയോ എൻഐഎയോ അന്വേഷണം നടത്തണമെന്നു തെരഞ്ഞെടുപ്പു കമ്മീഷനോടു കോടതി നിർദേശിച്ചു. ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കി ഏഴ് ദിവസത്തിനകം റിപ്പോർട്ട് നൽകാൻ കോടതി കമ്മീഷനോടു നിർദേശിച്ചു.

ബംഗാളിലെ മാൾഡ ജില്ലയിലാണ് ഈയിടെ ഏഴ് ജഡ്ജിമാർക്കെതിരെ ഘെരാവോയും അക്രമവും നടന്നത്. ഭരണകൂടത്തിന്റെ പൂർണ പരാജയവും നിഷ്ക്രിയത്വവും ചൂണ്ടിക്കാട്ടിയ കോടതി, തെരഞ്ഞെടുപ്പു സാഹചര്യത്തിൽ ഇവിടെ കൂടുതൽ കേന്ദ്ര സേനയെ വിന്യസിക്കാൻ നിർദേശിച്ചു. സംസ്ഥാന ഭരണകൂടത്തിന്റെ പൂർണ പരാജയമാണ് ഇതിൽ പ്രതിഫലിക്കുന്നതെന്നും കോടതി പറഞ്ഞു.

# രവിവർമ ചിത്രത്തിന് 167.2 കോടി



മുംബൈ: രാജാ രവിവർമയുടെ ചിത്രത്തിന് ഇന്ത്യൻ ലേല വിപണിയിൽ റെക്കോർഡ് വില. പ്രശസ്തമായ യശോദയും കൃഷ്ണനും 167.2 കോടി രൂപയ്ക്കാണ് മുംബൈയിൽ ലേലത്തിൽ വിറ്റുപോയത്.

1890-കളിൽ വരച്ച ചിത്രം ഇതോടെ പുതിയ ചരിത്രം കുറിച്ചു. ഇന്ത്യയിൽ ലേലത്തിൽ ഒരു ചിത്രത്തിനു ലഭിക്കുന്ന ഏറ്റവും ഉയർന്ന തുകയാണിത്.

മുംബൈ ആസ്ഥാനമായുള്ള സഫ്രോൺ ആർട്ട് ലേലകേന്ദ്രത്തിൽ 80-120 കോടി രൂപ പ്രതീക്ഷിച്ചാണ് ലേലം തുടങ്ങിയത്.

സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ചെയർമാനും മാനേജിങ് ഡയറക്ടറുമായ സൈറസ് പൂനാവാലയാണ് ചിത്രം വാങ്ങിയത്. രവിവർമ ചിത്രം സ്വന്തമാക്കുന്നത് ഒരു ആദരവാണെന്നും ചിത്രം ഇന്ത്യയിൽ നിലനിർത്തുന്നത് തന്റെ കടമയായാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ കിളിമാനൂർ കൊട്ടാരത്തിൽ 1848-ലാണ് രവിവർമ ജനിച്ചത്. ഇന്ത്യയിലെ ഏറ്റവും മികച്ച ചിത്രകാരനായാണ് അദ്ദേഹത്തെ കാണുന്നത്.

ഇതിഹാസ കഥകളാണ് അദ്ദേഹത്തിന്റെ ചിത്രങ്ങളിലെ പ്രധാനപ്രമേയമായിട്ടുള്ളത്. എം.എഫ് ഹുസൈന്റെ ഗ്രാമയാത്ര എന്ന ചിത്രത്തിനായിരുന്നു ഇന്ത്യയിൽ ലേലത്തിൽ നേരത്തെ ഏറ്റവും ഉയർന്ന തുക ലഭിച്ചത്. അന്ന് 118 കോടി രൂപയായിരുന്നു ചിത്രത്തിന് ലഭിച്ചത്.



## തെരഞ്ഞെടുപ്പ്: സുരക്ഷാ നിർദേശങ്ങളുമായി ആരോഗ്യവകുപ്പ്

കോട്ടയം: നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കായി ജില്ലാ മെഡിക്കൽ ഓഫീസ് ആരോഗ്യ സുരക്ഷാ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. കനത്ത ചൂട് തുടരുന്ന സാഹചര്യത്തിലാണ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ, പ്രചാരണ രംഗത്തുള്ളവർ, പൊതുജനങ്ങൾ എന്നിവർക്കായി നിർദേശങ്ങൾ പുറപ്പെടുവിച്ചത്. സൂര്യാഘാതം പ്രതിരോധിക്കുന്നതിനായി രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. അയഞ്ഞതും ഇളംനീല നിറമുള്ളതുമായ വസ്ത്രങ്ങൾ ധരിക്കണം. ധാരാളം വെള്ളം (നാരങ്ങാവെള്ളം, പഴച്ചാറുകൾ, ലസി, കഞ്ഞിവെള്ളം എന്നിവ അഭികാമ്യം) കുടിക്കണം. കഫീൻ, അധിക പഞ്ചസാര എന്നിവ അടങ്ങിയ പാനീയങ്ങൾ ഒഴിവാക്കണം. യോഗങ്ങളിൽ പങ്കെടുക്കുന്നവർ കുട, തൊപ്പി, ചെരിപ്പ് എന്നിവ ഉപയോഗിക്കണം. തെരഞ്ഞെടുപ്പ് സാമഗ്രികളുടെ കളക്ഷൻ സെന്ററുകൾ, ബൂത്തുകൾ, കൗണ്ടിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ വായുസഞ്ചാരം വേണ്ടത്രയുണ്ടെന്ന് ഉറപ്പുവരുത്തണം. ആവശ്യമെങ്കിൽ ടെന്റ്, ഷെഡ് എന്നിവ ഒരുക്കണം. കുടിവെള്ളം ഉറപ്പു വരുത്തണം. സൂര്യാഘാതം പോലുള്ള സാഹചര്യങ്ങളിൽ ആശുപത്രിയിൽ ചികിത്സ തേടണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

## ശബരിമലയിൽ എഐ അധിഷ്ഠിത നിരീക്ഷണം ഏർപ്പെടുത്തും

പത്തനംതിട്ട: അടുത്ത ശബരിമല സീസൺ സുഗമമായി നടത്താൻ നിർമിതബുദ്ധി പരമാവധി ഉപയോഗപ്പെടുത്താൻ പോലീസും ദേവസ്വം ബോർഡും ഒരുക്കം തുടങ്ങി. നിരീക്ഷണത്തിനായി നിലയ്ക്കൽ കേന്ദ്രമാക്കി മാസ്റ്റർ കൺട്രോൾ റൂമും പമ്പയിലും സന്നിധാനത്തും ഉപ കൺട്രോൾ റൂമുകളും സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. തീർഥാടനം സുഗമമാക്കാൻ ഹൈക്കോടതി നൽകിയിരിക്കുന്ന നിർദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമാണിത്. പോലീസും ദേവസ്വം ബോർഡും ചേർന്നാണ് എഐ ബേസ്ഡ് ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ നിലയ്ക്കലിൽ സ്ഥാപിക്കുന്നത്. തീർത്ഥാടകർ അനുഭവിക്കുന്ന ദുരിതത്തിന്റെ പ്രധാന കാരണം നിലയ്ക്കലിൽ വേണ്ടത്ര ശ്രദ്ധയില്ലാത്തതാണെന്ന കാര്യമാണ് ഇപ്പോഴത്തെ നടപടികളുടെ അടിസ്ഥാനം.

ഓരോരുത്തരുടെയും മുഖം തിരിച്ചറിയാവുന്ന എഐ അധിഷ്ഠിത സിസിടിവി നിരീക്ഷണം, ആൾക്കൂട്ടത്തിന്റെ ത്രിമാനദൃശ്യ വിശകലനത്തിലൂടെ തിരക്ക് പ്രവചിക്കൽ, ഓട്ടോമാറ്റിക് ആയി തത്സമയം മുന്നറിയിപ്പ് കൊടുക്കുന്ന സംവിധാനം എന്നിവയാണ് ഐസിസിസിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. പോലീസും ദേവസ്വം ബോർഡും ചേർന്നാണ് ഈ സംവിധാനം സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കലും അനുബന്ധ കാര്യങ്ങളും ചെയ്യേണ്ടത്.

സന്നിധാനത്തും പമ്പയിലും നിലയ്ക്കലുമായി നിലവിൽ 99 കാമറകൾ മാത്രമാണുള്ളത്. ഇവയുടെ സ്ഥിതി അതീവ ദയനീയമാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

എണ്ണത്തിലെ കുറവ് മാത്രമല്ല പ്രശ്നം. കാലഹരണപ്പെട്ട ഉപകരണങ്ങൾ, വാറന്റിയില്ലായ്മ, ശുഷ്കമായ സ്റ്റോറേജ് കപ്പാസിറ്റി, ദുർബലമായ സെർവറുകൾ, മോശം കേബിളുകൾ എന്നിവയാണ് നിലവിലെ കാമറകളുടെ സ്ഥിതി.

## യേശുവിന്റെ 25000 ചിത്രങ്ങളുമായി ലോറൻസ്

കോട്ടയം: ലോകമെങ്ങുമുള്ള ക്രൈസ്തവർ യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും അനുസ്മരിക്കുന്ന ഈ പുണ്യദിനങ്ങളിൽ ചങ്ങനാശേരി തുരുത്തി സ്വദേശി ലോറൻസ് നേര്യംപറമ്പിൽ എപ്പോഴും യേശുവിനൊപ്പം തന്നെയാണെന്നു പറ



യാം. കാരണം യേശുവിന്റെയും മാതാവിന്റെയും വ്യത്യസ്ത ചിത്രങ്ങൾ ശേഖരിക്കുകയും അത് പാവനമായി സൂക്ഷിക്കുകയുമാണ് ഇദ്ദേഹം. ഇന്റർനെറ്റിൽ യേശുവിന്റെ നാലായിരം പടങ്ങൾ ഉള്ളപ്പോഴാണ് ലോറൻസിന്റെ കൈയിൽ 25000-ൽ അധികം ചിത്രങ്ങളുള്ളത്. ഇത്രയധികം ചിത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഇദ്ദേഹം ലിംകാ ബുക്ക് ഓഫ് റിക്കാർഡും സ്വന്തമാക്കിയിട്ടുണ്ട്.

മാതൃസഹോദരിയുടെ മകനും കാഞ്ഞിരപ്പള്ളി രൂപത മുൻ വികാരി ജനറാളുമായിരുന്ന ഫാ. ജോർജ് ആലുങ്കലിന്റെ കൈയിലുള്ള വ്യത്യസ്ത ഡിസൈനുകളിലുള്ള കുരിശുകളുടെയും മാതാവിന്റെ രൂപങ്ങളുടെയും വലിയ ശേഖരമാണ് ലോറൻസിനെ ഇത്തരത്തിലുള്ള ചിത്രശേഖരണത്തിലേക്കെത്തിച്ചത്. ചിത്രശേഖരണം തുടങ്ങിയിട്ട് ഇപ്പോൾ 25 വർഷം പിന്നിട്ടു. യേശുവിന്റെ ലോകപ്രശസ്തമായ നിരവധി ചിത്രങ്ങൾ ലോറൻസിന്റെ പക്കലുണ്ട്. സുഹൃത്തുക്കളും പരിചയക്കാരുമൊക്കെ സമ്മാനിക്കുന്നതാണ് ചിത്രങ്ങളിലധികവും. അബുദാബി ലൂവർ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന സാൽവത്തോർ മൂന്തി എന്ന യേശുവിന്റെ ഏറ്റവും വിലയേറിയ ചിത്രവും ഇദ്ദേഹത്തിന്റെ കൈവശമുണ്ട്. ഗിന്നസ് ബുക്കിൽ ഇടംനേടാനുള്ള കാത്തിരിപ്പിലാണ് ലോറൻസ്.

തന്റെ ചിത്രശേഖരവുമായി ഫ്രാൻസിസ് മാർപാപ്പയെ കാണണമെന്നൊരു വലിയ സ്വപ്നം സാധ്യമായില്ലെന്നാരു വലിയ സങ്കടവും ലോറൻസിനുണ്ട്. ലെയോ പതിനാലാമൻ മാർപാപ്പയെ കാണാം എന്ന പ്രതീക്ഷയിലാണ് ഇദ്ദേഹം. 2019-ൽ ലോറൻസ് തന്റെ ചിത്രങ്ങളുടെ ഒരു പ്രദർശനം സീറോ മലബാർ ആസ്ഥാനത്ത് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയിരുന്നു.

1974-ൽ വിശുദ്ധ മദർ തെരേസ കോട്ടയത്ത് വടവാതൂർ സന്ദർശിച്ച സമയത്ത് ചങ്ങനാശേരിയിലെ നേര്യംപറമ്പിൽ വീട്ടിലുമെത്തിയിട്ടുണ്ട്. ചങ്ങനാശേരി തുരുത്തി നേര്യംപറമ്പിൽ മാത്യു ജോർജ്-അച്ചാമ്മ മാത്യു എന്നിവരാണ് ലോറൻസിന്റെ മാതാപിതാക്കൾ. ലോറൻസ് നിലവിൽ ദുബായിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുകയാണ്.

ഭാര്യ ഷീലയും ഇളയമകൾ ഇസബെല്ലയും കേരളത്തിലും, വില്യം, ടോം എന്നീ രണ്ട് ആൺമക്കൾ കാനഡയിലുമാണ്.


## ത്രിഭാഷാ പഠനം നിർബന്ധമാക്കി

ന്യൂഡൽഹി: ദേശീയ വിദ്യാഭ്യാസ നയപ്രകാരം ത്രിഭാഷാപഠനം നിർബന്ധമാക്കി പാഠ്യപദ്ധതി പരിഷ്കരിച്ച് സിബിഎസ്ഇ. ഗണിത, ശാസ്ത്ര വിഷയങ്ങൾക്ക് രണ്ട് തലത്തിൽ പരീക്ഷ നടത്തുന്നതും നിർമിതബുദ്ധി (എഐ) പഠനവും പുതിയ പാഠ്യപദ്ധതിയുടെ ഭാഗമാണ്.


2026-27 അദ്ധ്യയന വർഷം മുതൽ ഘട്ടംഘട്ടമായി പരിഷ്കാരങ്ങൾ നടപ്പാക്കും. ഈ വർഷം ആറാം ക്ലാസ് മുതൽ ത്രിഭാഷാപഠനം നിർബന്ധമാക്കും. ഈ വിദ്യാർത്ഥികൾക്കൊപ്പം അടുത്തടുത്ത വർഷങ്ങളിൽ തുടർന്നുള്ള ക്ലാസുകളിലും മൂന്നാംഭാഷ പഠിപ്പിക്കും. പഠിക്കാനുള്ള മൂന്നു ഭാഷകളിൽ രണ്ടെണ്ണം ഇന്ത്യൻ ഭാഷകളായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദേശ സ്കൂളുകളിൽ പഠിച്ചശേഷം തുടർപഠനത്തിനു വരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക സാഹചര്യത്തിൽ ഭാഷാപഠനത്തിന് ഇളവു നല്കും.

## മൂന്നാറിൽ അനധികൃത നിർമ്മാണം വ്യാപകമായി

മൂന്നാർ: തെരഞ്ഞെടുപ്പു ജോലികൾക്കായി ഉദ്യോഗസ്ഥർ പോയതോടെ വട്ടവട മേഖലയിൽ അനധികൃത നിർമ്മാണങ്ങൾ വ്യാപകമായി. കോവിലൂർ ടൗണിന് ഭീഷണിയായി ചെങ്കുത്തായ വലിയ കുന്നിടിച്ചാണ് നിർമ്മാണങ്ങൾ നടത്തുന്നത്. കോവിലൂർ ടൗണിൽ ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള വലിയ കുന്നാണ് യന്ത്രസഹായത്തോടെ ഇടിച്ചുനിരത്തുന്നത്. റവന്യൂ വകുപ്പിന്റെ അനുമതി ഇല്ലാതെയുള്ള റിസോർട്ട് നിർമ്മാണത്തിനാണ് കുന്ന് ഇടിച്ചുനിരത്തുന്നത്. മലയുടെ താഴ്വാരത്തിൽ ഇരുനൂറിലധികം കുടുംബങ്ങളാണ് താമസിക്കുന്നത്. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ, ബസ് സ്റ്റാൻഡ് എന്നിവയും ഈ കുന്നിനടിയിലാണ് പ്രവർത്തിക്കുന്നത്. മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന പ്രദേശമാണ് ഇവിടം. യന്ത്രസഹായത്തോടെ കുന്നിടിച്ചു നിരത്തുന്നതു കാരണം മഴക്കാലത്ത് മലയിടിഞ്ഞ് വലിയ അപകടമുണ്ടാകാൻ സാദ്ധ്യതയുള്ളതായി നാട്ടുകാർ പറയുന്നു. തെരഞ്ഞെടുപ്പ് ജോലികൾക്കായി പഞ്ചായത്ത്, വില്ലേജ് ഉദ്യോഗസ്ഥർ പോയതോടെയാണ് അനധികൃത നിർമ്മാണങ്ങൾ വ്യാപകമായത്.







PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള 2026 വിസ്മയമായി

**ബിജു മുണ്ടക്കൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2026 മാർച്ച് മാസം അരങ്ങേറിയ കലാമേള-കലോത്സവ് 2026 അക്ഷരാർത്ഥത്തിൽ വിസ്മയമായി. രാവിലെ 7.30 -ന് അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറാ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ, കലാമേള ചെയർപേഴ്സൺ ഷൈനി ഹരിദാസ്, കോ-ചെയർമാന്മാരായ ജോജോ വെങ്ങാന്തറ, മാത്യൂസ് ഏബ്രഹാം, മുൻ പ്രസിഡണ്ടുമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബെൽവുഡ് സീറോമലബാർ ചർച്ച് വികാരി ഫാ. തോമസ് കടുകപ്പള്ളിലും തുടർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും കലാമേള ഭാരവാഹികളും ചേർന്ന് നിലവിളക്കു കൊളുത്തി കലാമേള ഉദ്ഘാടനം ചെയ്തു.




തുടർന്ന് 8 മണിയോടെ ആരംഭിച്ച കലാമേളയിലേക്ക് മത്സരാർത്ഥികളും രക്ഷിതാക്കളും കാഴ്ചക്കാരുമുൾപ്പെടെ ആയിരങ്ങളാണ് ഒഴുകിയെത്തിയത്. സീറോമലബാർ കത്തീഡ്രലും പരിസരവും ജനസാഗരമായി. ഓരോ വേദിയും ആവേശത്തിന്റെ സ്പന്ദനങ്ങൾ കൊണ്ട് നിറഞ്ഞുനിന്നപ്പോൾ കലയുടെ മഹോത്സവം ഒരു ഉത്സവപ്രപഞ്ചമായി വിരിഞ്ഞു.

കത്തീഡ്രൽ കോംപ്ലക്സിലെ അഞ്ചു വേദികളിലായി ഒരേസമയം നടന്ന കലാമത്സരങ്ങൾ അക്ഷരാർത്ഥത്തിൽ ചിക്കാഗോ മലയാളി സമൂഹത്തിന് എന്നെന്നും ഓർമ്മിക്കാൻ മനോഹരമായ നിമിഷങ്ങളാണ് സമ്മാനിച്ചത്.



കലാമേള സുവനീർ ഫോമാ നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ പ്രകാശനം ചെയ്തു. സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു എന്നിവർ ചേർന്ന് അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിച്ചു. നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ കലാമേളയിൽ പങ്കെടുക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ബേബി മണക്കുന്നേൽ പറഞ്ഞു. സുവനീർ കൺവീനർ മനോജ് അച്ചേട്ട് നന്ദി രേഖപ്പെടുത്തി.

മുപ്പതിൽപ്പരം വിവിധ ഇനങ്ങളിലായി ആയിരത്തിൽപ്പരം മത്സരാർത്ഥികൾ മാറ്റുരച്ച കലാമേളയിൽ റെയ്നവ് വരുൺ രണ്ടാം തവണയും കലാപ്രതിഭാ പട്ടം കരസ്ഥമാക്കി. കലാതിലകം ട്രോഫിയിൽ ശ്ലോക നമ്പ്യാർ മുത്തമിട്ടു. വിവിധ വിഭാഗങ്ങളിലായി തൊട്ടുപിന്നിലെത്തിയ ഇസബെൽ റോസ് വടകര (സബ് ജൂണിയർ) ജിയാന ചിറയിൽ (ജൂണിയർ) എന്നിവരും സീനിയർ വിഭാഗത്തിൽ ദിയ സുമേഷ്, വിസ്മയ തോമസ് എന്നിവരും റൈസിംഗ് സ്റ്റാർ കപ്പുകൾ സ്വന്തമാക്കി.

രാത്രി 9.30-യോടെ കലാമത്സരങ്ങൾ അവസാനിച്ചപ്പോൾ അത് അസോസിയേഷന്റെ ചരിത്രത്തിലെ ഏറ്റവും ജനപങ്കാളിത്തമുള്ള മേളയായി. ചിക്കാഗോ മലയാളി സമൂഹത്തിന് ഓർത്തുവെക്കാൻ മനോഹര നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ടാണ് തിരശ്ശീല വീണത്.

# സാക്രമെന്റോ സെന്റ് ബേസിൽ ദേവാലയത്തിലെ ഹോശാന പെരുന്നാളിന് യെൽദോ മോർ തീത്തോസ് തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു

**വർഗീസ് പാലമലയിൽ**

കാലിഫോർണിയ: യേശുക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തിന്റെ ഓർമ്മ പുതുക്കി ക്രൈസ്തവർ ഈ വർഷത്തെ ഓശാന പെരുന്നാൾ ആഘോഷിച്ചു. ഇതോടനുബന്ധിച്ച് പള്ളികളിൽ പ്രത്യേക പ്രാർത്ഥനകളും കുരുത്തോല പ്രദക്ഷിണവും നടത്തി.

കാലിഫോർണിയായിലെ സാക്രമെന്റോ സെന്റ് ബേസിൽ സിറിയക് ഓർത്തഡോക്സ് ദേവാലയത്തിൽ ഈ വർഷം നടന്ന ഹോശാന പെരുന്നാളിന് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത യെൽദോ മോർ തീത്തോസ് തിരുമേനി മുഖ്യകാർമ്മികനായിരുന്നു.

പള്ളി വികാരി റവ.ഫാ. തോമസ് കോരയും റവ.ഫാ. രഞ്ജൻ മാത്യുവും സഹകാർമ്മികരായിരുന്നു.

നീതിമാനും ജയശാലിയും താഴ്മയുള്ളവനും വിനയത്തിന്റെയും ക്ഷമയുടെയും മുഖമുദ്രയുമായിരുന്നു യേശുതമ്പുരാൻ.





കേരളാ എക്സ്പ്രസ് KERALA EXPRESS

വഴിവിളക്കുകൾ 6

# മാട്ടേൽ മറിയ



മറിയയുടെ കണ്ണ് മരത്തിലോ, മാട്ടേലോ ആണെങ്കിൽ ഉറപ്പിക്കാം, ഭൂമിയിലുള്ള നിങ്ങളെ ആരെയോ ആണ് അവർ നോക്കുന്നതെന്ന്. മറിയയുടെ കണ്ണ് നിങ്ങളുടെ മുഖത്ത് ആണെങ്കിൽ തീർച്ചയാണ്; അവർ നിങ്ങളെയല്ല നോക്കുന്നത്. കോങ്കണ്ണ് അത്രമേൽ ഗുരുതരമായിരുന്നതുകൊണ്ടാണ് മറിയ, മാട്ടേൽ മറിയയായത്. പക്ഷേ, ആ കോങ്കണ്ണ് അവർക്ക് ഒരു അലങ്കാരം തന്നെയായിരുന്നു. കോങ്കണ്ണിന്റെ പേരിൽ മറിയക്ക് ഒരു അപകർഷതാബോധം ഒരിക്കലും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഏതു പ്രതിസന്ധികളെയും അഭിമുഖീകരിക്കാനുള്ള ഒരു വല്ലാത്ത ധൈര്യവും അതവർക്ക് നൽകിയിരുന്നു. മകൻ ജനിച്ച് ഏറെ താമസിക്കുന്നതിനു മുൻപുതന്നെ മറിയക്ക് അവരുടെ ഭർത്താവിനെ നഷ്ടമായതാണ്. പിന്നെ മകനെ ഓമനിച്ചു വളർത്തിയതും അവന്റെ കാര്യങ്ങളെല്ലാം മുടക്കം കൂടാതെ നടത്തിയിരുന്നതും മറിയയാണ്. അതിന് അവർ ഒരു മാതിരിപ്പെട്ട ജോലികളൊക്കെ ചെയ്തു. വീടുകളിൽ ജോലിക്ക് പോയി, പാടത്തും പറമ്പിലും പണിതു, ആളുകൾക്ക് ചൂലു കെട്ടിനൽകി, വീടിനോട് ചേർന്നുള്ള ഇത്തിരി സ്ഥലത്ത് കപ്പയും കാച്ചിലും പച്ചക്കറിയുമെല്ലാം കൃഷിചെയ്തു.

മറിയ ജീവിച്ചതു മുഴുവൻ മകനുവേണ്ടിയാണ്. മകന് കല്യാണപ്രായം ആയതോടെ നാടു മുഴുവൻ മകന് പറ്റിയ ഒരു പെൺകൊച്ചിനെ അന്വേഷിക്കലായി മറിയയുടെ ജോലി. മകന് ഏറ്റവും മികച്ച പെൺകുട്ടിയെ തന്നെ വേണം എന്നുള്ളതിനാൽ ആ അന്വേഷണം ഒരുപാട് കാലം നീണ്ടു. മകന് വയസ്സ് മുപ്പത്തഞ്ചോടടുത്തു. എങ്കിലും യാതൊരുവിധ വിട്ടുവീഴ്ചയ്ക്കും മറിയ തയ്യാറായില്ല. പോകുന്നിടത്തൊക്കെ തന്റെ മകന് പറ്റിയ സുന്ദരിയായ, മിടുക്കിയായ ഒരു പെൺകുട്ടിക്ക് വേണ്ടിയുള്ള അന്വേഷണം അവർ തുടർന്നു.

അങ്ങനെ മകന്റെ മുപ്പത്തിയാറാമത്തെ വയസ്സിൽ മറിയ അവനിണങ്ങിയ നല്ലൊരു പെൺകുട്ടിയെ കണ്ടുപിടിച്ചു. മകനും ഇഷ്ടക്കുറവ് ഒന്നുമുണ്ടായിരുന്നില്ല. വർഷങ്ങളോളം മറിയ സ്വപ്നം കണ്ട മകന്റെ വിവാഹം അങ്ങനെ ഭംഗിയായി കഴിഞ്ഞു.

ആറുമാസം തികഞ്ഞില്ല. മറിയയെ തനിച്ചാക്കി മകനും മരുമകളും മറ്റൊരു വീട്ടിലേക്ക് താമസം മാറ്റി. ജീവിതം മുഴുവൻ പരീക്ഷണങ്ങളും പോരാട്ടങ്ങളും ആയിരുന്നെങ്കിലും പെട്ടെന്നുള്ള ഈ ഒറ്റപ്പെടൽ മറിയയെ വല്ലാതെ തകർത്തു. തോറ്റുകൊടുക്കാനോ, ഒളിച്ചോടാനോ അവർ തയ്യാറായില്ല. പതിവുപോലെ മറിയ വിവിധതരം ജോലികളിൽ വ്യാപൃതയായി. നാട്ടുകാരുടെ പരിഹാസം കലർന്ന ചോദ്യങ്ങൾക്ക് സംയമനത്തോടെ മറുപടി നൽകി. എങ്കിലും ഉള്ളിൽ അവർ തേങ്ങുകയായിരുന്നു. അത്ര നാളും എനിക്ക് ഒരു പ്രഹേളിക ആയിരുന്ന മറിയയുടെ കണ്ണിൽ, പതുക്കെ പതുക്കെ നിരാശ കനം വെച്ചു. തികച്ചും അപ്രതീക്ഷിതമായി ഒരു ദിവസം മകനെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ, അതുവരെ ആർക്കും പിടിതരാതിരുന്ന അവരുടെ കണ്ണുകൾ അവരെ വഞ്ചിച്ചു. ഉതിർന്നു വീഴുന്ന ആ കണ്ണീർക്കണങ്ങളെ ഞാൻ നിസഹായതയോടെ നോക്കി നിന്നു. ഒന്നോ രണ്ടോ നിമിഷങ്ങൾക്കു ശേഷം അവർ എന്റെ വലതുവശത്തുള്ള മരക്കൊമ്പിലേക്ക് സധൈര്യം നോക്കി. എനിക്കറിയാമായിരുന്നു, തീക്ഷ്ണമായ ആ നോട്ടം എന്റെ കണ്ണുകളെയും തുളച്ച് ഹൃദയത്തിന്റെ അടിത്തട്ടിലെത്തുമെന്ന്. ആ നോട്ടത്തെ, എങ്ങനെ നേരിടുമെന്നറിയാതെ ഞാൻ എന്റെ ഇടതുവശത്തെ കയ്യാലപ്പുറത്തേക്ക് കണ്ണുതിരിച്ചു.

(NB: പേര് യഥാർത്ഥമല്ല)



ആൻസി സിറിയക് ഇലക്കാട്ട്

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# കേരളത്തിലെ നേഴ്സുമാരുടെ സമരത്തിന് ഫോമായുടെ ഐക്യദാർഢ്യം: സിസ്റ്റവും ചികിത്സിക്കപ്പെടണം

**ബേബി മണക്കുന്നേൽ (ഫോമാ പ്രസിഡണ്ട്)**

കോട്ടയം: കേരളത്തിന്റെ ആരോഗ്യമേഖലയുടെ നെടുംതൂണുകളായ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർ ഏതാനും ദിവസത്തെ ഇടവേളയ്ക്കുശേഷം സമരം പുനരാരംഭിച്ചിരിക്കുകയാണ്.

ഹൈക്കോടതിയുടെ മദ്ധ്യസ്ഥതയിൽ നടന്ന അനുരഞ്ജനശ്രമങ്ങൾ പരാജയപ്പെട്ട സാഹചര്യത്തിലാണ് വീണ്ടും കടുത്ത സമരത്തിലേക്ക് അവർ നീങ്ങിയത്.

നേഴ്സുമാരുടെ മിനിമം വേതനം സംബന്ധിച്ച് ധാരണയാകാത്ത 26 ആശുപത്രികളിലാണ് സമരം. ഇതിനിടെ നേഴ്സിങ് സേവനം അവശ്യ സേവന നിയമത്തിന്റെ പരിധിയിൽ വരുമോ എന്ന കാര്യത്തിൽ സർക്കാർ നിലപാടറിയിക്കാൻ കോടതി നിർദ്ദേശിച്ചിരിക്കുകയാണ്.

നേഴ്സുമാരുടെ സമരത്തെ വെറുമൊരു തൊഴിലാളി സമരമായി മാത്രം കാണാനാവില്ല. അത് മനുഷ്യാവകാശവും തൊഴിൽ മാന്യതയും ആരോഗ്യ സംവിധാനത്തിന്റെ ഭാവിയും ചോദ്യം ചെയ്യുന്ന ഒരു വലിയ സാമൂഹിക പോരാട്ടമാണ്. യുണൈറ്റഡ് നേഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള സമരം ലോകശ്രദ്ധ തന്നെ ആകർഷിച്ചിട്ടുണ്ട്.

രോഗികളിൽ നിന്ന് ഭീമമായ തുക ഈടാക്കുന്ന വൻകിട സ്വകാര്യ ആശുപത്രികൾ പക്ഷേ, അവരുടെ വരുമാന സ്രോതസ്സിന്റെ നിർണ്ണായക ഘടകമായ നേഴ്സുമാർക്കു കൊടുക്കുന്നതാകട്ടെ നാമമാത്രമായ ശമ്പളമാണ്.

അടിസ്ഥാന ശമ്പളം 40,000 രൂപയാക്കി വർദ്ധിപ്പിക്കുക, മറ്റ് ആനുകൂല്യങ്ങളും നല്കുക, ഡ്യൂട്ടി ഷിഫ്റ്റിലെ അപാകതകൾ പരിഹരിക്കുക, വർദ്ധിച്ചുവരുന്ന ജീവിതച്ചെലവിനനുസരിച്ച് വേതനം വർദ്ധിപ്പിക്കുക, ജോലിഭാരം കുറയ്ക്കുന്നതിന് സ്റ്റാഫ് ലെവലുകൾ മെച്ചപ്പെടുത്തുക, മെച്ചപ്പെട്ട രോഗി, പരിചരണ അനുപാതം, യൂണിയൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ഏകപക്ഷീയമായി പിരിച്ചുവിടുന്നത് അവസാനിപ്പിക്കുക തുടങ്ങി തികച്ചും ന്യായയുക്തമായ ആവശ്യങ്ങൾ ഉന്നയിച്ചാണ് നേഴ്സുമാർ സമരപാതയിലുള്ളത്.

എന്നാൽ, അടിസ്ഥാനശമ്പളം 25,450 മുതൽ 28,000 വരെയാക്കാൻ സർക്കാർ ഉത്തരവിട്ടിരുന്നെങ്കിലും അത് സ്വകാര്യ മാനേജ്മെന്റുകൾ അംഗീകരിക്കുന്നില്ല.

നേരത്തെ പ്രശ്നപരിഹാരത്തിനായി മദ്ധ്യസ്ഥ ചർച്ചകൾ നടത്താൻ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നുവെങ്കിലും അതെല്ലാം പരാജയപ്പെടുകയായിരുന്നു.

ചർച്ചകൾ പലതവണ പരാജയപ്പെട്ടതോടെ സമരം ശക്തമായി തുടരുകയാണ്. ഈ സമരം ഒരു തൊഴിൽ പ്രശ്നമെന്നതിലുപരി, പൊതുജനാരോഗ്യത്തെ നേരിട്ടു ബാധിക്കുന്ന ഒന്നാണെന്ന് സർക്കാർ മനസ്സിലാക്കാത്തതാണ് സ്ഥിതി കൂടുതൽ വഷളാക്കുന്നത്. അടിയന്തര ശസ്ത്രക്രിയകൾ മാറ്റിവെക്കപ്പെടുന്ന സാഹചര്യം അപലപനീയമാണെന്നു മാത്രമല്ല അത് നിരവധി ജീവനുകളുടെ പ്രശ്നവുമാണ്. ആശുപത്രികളുടെ പ്രവർത്തനം തന്നെ താറുമാറായിരിക്കുന്നു.

ആശുപത്രി മാനേജ്മെന്റുകളും നേഴ്സുമാരും തമ്മിലുള്ള വിശ്വാസം തകരുന്ന പശ്ചാത്തലത്തിൽ ഇത് ഒരു തൊഴിൽ തർക്കമല്ല, സാമൂഹിക നീതിയുടെ പോരാട്ടമാണെന്നാണ് പൊതുവെയുള്ള അഭിപ്രായം.

സർക്കാർ അവശ്യസേവന നിയമം അഥവാ എസ്മ പ്രയോഗിച്ച് സമരത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നതായി ആക്ഷേപമുണ്ട്. എന്നാൽ, അത്തരം ജനാധിപത്യവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ നടപടികൾക്ക് മുതിരാതെ ഗുരുതരമായ ഈ പ്രശ്നത്തിന് സ്ഥിരമായ പരിഹാരം കണ്ടെത്തുകയാണ് വേണ്ടതെന്ന് അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ കേന്ദ്ര സംഘടനയായ ഫോമാ ശക്തമായി ആവശ്യപ്പെടുന്നതോടൊപ്പം ചില നിർദ്ദേശങ്ങളും മുന്നോട്ടു വെക്കുകയാണ്.

എല്ലാ സ്വകാര്യ ആശുപത്രികളിലും മിനിമം വേതനം നടപ്പാക്കണം. നേഴ്സുമാർക്ക് തൊഴിലാളി അവകാശങ്ങൾ ഉറപ്പാക്കുന്ന നിയമങ്ങൾ ശക്തിപ്പെടുത്തണം. സർക്കാർ, മാനേജ്മെന്റ്, നേഴ്സുമാർ എന്നിവർ ചേർന്ന് സ്ഥിരം സമിതി രൂപീകരിക്കുക. കൂടാതെ ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ജോലിസമയം നിയന്ത്രണം, വിശ്രമസമയം ഉറപ്പാക്കൽ, മാനസികാരോഗ്യ പിന്തുണ, ആരോഗ്യ രംഗത്തെ ദീർഘകാല പരിഷ്കരണം തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ നിലപാട് അടിയന്തരമായി അറിയിച്ചേ മതിയാവൂ.

കാരണം നേഴ്സുമാർ ആരോഗ്യരംഗത്തിന്റെ നട്ടെല്ലാണ്. അവരുടെ ശബ്ദം അവഗണിക്കുന്നത് രോഗികളുടെ ജീവിതത്തെതന്നെ അപകടത്തിലാക്കുന്നതിന് തുല്യമാണ്. ഈ സമരം ഒരു മുന്നറിയിപ്പാണ്. വെന്റിലേറ്ററിലായ സിസ്റ്റത്തെ തന്നെ ചികിത്സിച്ച് ഭേദമാക്കിയില്ലെങ്കിൽ അത് ആരോഗ്യമേഖലയുടെ തകർച്ചയിലേ അവസാനിക്കൂ.

മെച്ചപ്പെട്ട വേതനത്തിനും ജീവിതസാഹചര്യങ്ങൾക്കും വേണ്ടിയുള്ള കേരളത്തിലെ സ്വകാര്യ ആശുപത്രി നേഴ്സുമാരുടെ തികച്ചും ന്യായമായ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന ഫോമാ അവർക്ക് എല്ലാവിധ പിന്തുണയും നല്കുന്നതായി അറിയിക്കുന്നു.



ബേബി മണക്കുന്നേൽ



ബൈജു വർഗീസ്



സിജിൽ പാലക്കലോടി



ഷാലു പുന്നൂസ്



പോൾ പി. ജോസ്



അനുപമ കൃഷ്ണൻ

# ബെൽറോസ് സെന്റ് ജോൺസ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫിന് ഉജ്ജ്വല തുടക്കം

ജിനേഷ് തമ്പി

ബെൽറോസ്: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ബെൽറോസ് സെന്റ് ജോൺസ് മലങ്കര ഓർത്തഡോക്സ് ദേവാലത്തിൽ ഉജ്ജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയായിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. "കൃപയുടെ പാത്രങ്ങൾ" എന്നതാണ് ചിന്താവിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ബെൽറോസ് സെന്റ് ജോൺസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ജോൺ താമരവേലിൽ, ഈതൻ കൂട്ടുമാത, ഐറിൻ പോൾ, മാത്യു വർഗീസ്, മാത്യു ജോൺ, ഇവാൻ കൂട്ടുമാത എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.





ദേവാലയ വികാരി ഫാ. ജോർജ് ചെറിയാൻ (ദിലീപ് അച്ചൻ), സെക്രട്ടറി അന്ന സാം, ട്രഷറർ ബിജു പണിക്കർ എന്നിവർ ഇടവകാംഗങ്ങളോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു. ജോൺ താമരവേലിൽ കോൺഫറൻസ് ടീമിനെ ഇടവകാംഗങ്ങൾക്കു പരിചയപ്പെടുത്തി.

ഐറിൻ പോൾ കോൺഫറൻസ് തീയതി, സമയം, സ്ഥലം, തീം, പ്രഭാഷകർ, രജിസ്ട്രേഷൻ നിരക്കുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചു. കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനുള്ള സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ മാത്യു വർഗീസ് നൽകി.

രജിസ്ട്രേഷൻ നിരക്കുകളെക്കുറിച്ചുള്ള വിവരങ്ങൾ മാത്യു ജോൺ നല്കി. റാഫിൾ പ്രോഗ്രാമിനേയും സമ്മാനങ്ങളെയും കുറിച്ച് ഈതൻ കൂട്ടുമാത സംസാരിച്ചു. ഇവാൻ കൂട്ടുമാതാ ജോഷ്വായുടെ സൈറ്റ് & സൗണ്ട് തീയേറ്റർ സന്ദർശനത്തെ കുറിച്ചുള്ള വിശദാംശങ്ങൾ പങ്കുവെച്ചു. കോൺഫറൻസിൽ ഒരുക്കിയിരിക്കുന്ന വിനോദ പരിപാടികളുടെ വിശദാംശങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

വെബ്സൈറ്റ്, കോൺഫറൻസിലേക്ക് പോകാനും വരുവാനുമുള്ള ബസ് സൗകര്യം എന്നിവ ചൂണ്ടിക്കാട്ടി ജോൺ താമരവേലിൽ സംസാരിച്ചു.

സുവനീറിന്റെ ബാക്ക് കവർ സുവനീർ പരസ്യം റോഷൻ തോമസ് സ്പോൺസർ ചെയ്തു. രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത ഫാ. ജോർജ് ചെറിയാൻ കോൺഫറൻസിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസിനുവേണ്ടിയുള്ള ടീമിന്റെ സമർപ്പണത്തിനും പരിശ്രമത്തിനും നന്ദി പറയുകയും ചെയ്തു.

കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.

ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ- ഓർഡിനേറ്റർ)-973-489-6440

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832

ജോൺ താമവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566

## വോയ്സ് ഓഫ് ഫെയ്ത്തിലേക്ക് രചനകൾ ക്ഷണിക്കുന്നു

നോർത്ത് മലയാളി ചർച്ച് ഓഫ് ഗോഡ് ലേഡീസ് മിനിസ്ട്രീസിന്റെ 2026 -ലെ വോയ്സ് ഓഫ് ഫെയ്ത്തിലേക്ക് ദൈവസഭയിലെ സഹോദരിമാരിൽനിന്നും രചനകൾ ക്ഷണിക്കുന്നു.

മലയാളത്തിലും ഇംഗ്ലീഷിലും ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ, അനുഭവസാക്ഷ്യങ്ങൾ, തുടങ്ങിയവയ്ക്കും പ്രസിദ്ധീകരണത്തിന് സഹായകമായി പരസ്യങ്ങൾക്കായും ചില പേജുകൾ വേർതിരിച്ചിരിക്കുന്നു.

ദൈവദത്തമായി ലഭിച്ചിട്ടുള്ള സാഹിത്യവാസന അനേകർക്ക് പ്രയോജനപ്പെടുവാനും, ദൈവനാമം ഈ പ്രസിദ്ധീകരണ ദ്വാര ഉയർത്തപ്പെടുവാനും ദൈവം അവസരം ഒരുക്കട്ടെ.

സ്തോത്രം, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(രചനകൾ അയയ്ക്കേണ്ട അവസാന തീയതി: മെയ് 15, 2026)

**Contact Address**

Sister. Susan B. john, Florida
Treasurer/ Co-ordinator
**Email:** susanbjohn51@gmail.com
**phone:** # (954) 465-5758
Dr. Jolly Joseph, Houston (publisher)
**Email:** jollyhouston@gmail.com
**phone:** # 1 (713) 775-4313

# മാർത്തോമ്മാ ക്വയർ ഫെസ്റ്റിവൽ ലോഗോ പ്രകാശനം ചെയ്തു

അലൻ ചെന്നിത്തല

മിഷിഗൺ: സെന്റ് ജോൺസ് മാർത്തോമ്മാ ഇടവക ആതിഥേയത്വം വഹിക്കുന്ന 29-ാം മാർത്തോമ്മാ ക്വയർ ഫെസ്റ്റിവലിന്റെ ലോഗോ പ്രകാശനം ചെയ്തു. സെന്റ് ജോൺസ് മാർത്തോമ്മാ പള്ളിയിൽ ആരാധനയെത്തുടർന്ന് നടന്ന സമ്മേളനത്തിൽ വെച്ച് ക്വയർ ഫെസ്റ്റിവൽ കമ്മിറ്റി പ്രസിഡണ്ട് റവ. സഞ്ചോ പി. വർഗീസ് ലോഗോ പ്രകാശനം നിർവഹിച്ചു.

ജൂലൈ 25-ന് ശനിയാഴ്ച വൈകിട്ട് 3.30 മുതൽ നടത്തപ്പെടുന്ന ഈ വർഷത്തെ ക്വയർ ഫെസ്റ്റിവലിന്റെ ചിന്താവിഷയം EL-Sela 2026 (psalms 18:2) എന്നതാണ്. ചിക്കാഗോ, കാനഡ, ഡിട്രോയിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള പത്തോളം മലയാളം, ഇംഗ്ലീഷ് ഗായകസംഘങ്ങൾ ഈ സംഗീതോത്സവത്തിൽ പങ്കെടുക്കും.

ക്വയർ ഫെസ്റ്റിവലിന്റെ ക്രമീകരണങ്ങൾക്കായി റവ. സാഞ്ചോ പി. വർഗീസ് (പ്രസിഡണ്ട്), ജോൺ വർഗീസ് (ജോജി)-ജനറൽ കൺവീനർ, ഷാജി ഈപ്പൻ (പ്രോഗ്രാം), ഇസബെൽ സാം, സിബി ബിനു (റിസപ്ഷൻ), അനിൽ സാം (ഫുഡ്), സോണി മാത്യൂസ് (ഓപ്പറേഷൻസ് & അറേഞ്ച്മെന്റ്സ്), ഷൈൻ ഈപ്പൻ (മീഡിയ), നിർമ്മൽ മാത്യൂസ് (ഫിനാൻസ്), ഏബ്രഹാം ഈപ്പൻ (സുവനീർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.



കേരളാ എക്സ്പ്രസ് KERALA EXPRESS വാരാന്ത്യം

# വി. ഡി. സതീശൻ: നിലപാടും വാക്കും ആയുധമാക്കിയ രാഷ്ട്രീയ തന്ത്രജ്ഞൻ



ഫീച്ചർ



ജോസ് കണിയാലി

**കേ**രള രാഷ്ട്രീയത്തിലെ ബഹളങ്ങൾക്കിടയിൽ തന്റേതായ ഒരു 'സിഗ്നേച്ചർ' പതിപ്പിച്ച നേതാവാണ് വി.ഡി. സതീശൻ. വെറുമൊരു ജനപ്രതിനിധി എന്നതിലുപരി, വിഷയങ്ങളെ ആഴത്തിൽ പഠിച്ച് അവതരിപ്പിക്കുന്ന ഒരു 'റിസർച്ച് സ്കോളറുടെ' ഗൃഹപാഠം അദ്ദേഹത്തിന്റെ ഓരോ നീക്കത്തിലും കാണാം. നിയമസഭയിലെ പ്രതിപക്ഷ നിരയിൽ ഇരുന്നുകൊണ്ട് ഭരണപക്ഷത്തെ വിറപ്പിക്കാൻ അദ്ദേഹം ഉപയോഗിക്കുന്നത് ഒച്ചപ്പാടുകളല്ല, മറിച്ച് കൃത്യമായ രേഖകളും സ്ഥിതിവിവരക്കണക്കുകളുമാണ്. പറവൂരിൽ നിന്ന് വീണ്ടും ജനവിധി തേടുമ്പോൾ അദ്ദേഹത്തിന് തെല്ലും ആശങ്കകളില്ല. തന്റെ നിലപാടുകൾ സത്യത്തിനും നീതിക്കും വേണ്ടിയുള്ളതാണെന്നും തന്റെ വോട്ടർമാർക്കും കേരളത്തിലെ ജനങ്ങൾക്കും അവ നന്നായി അറിയാമെന്നും അദ്ദേഹം അടിവരയിടുന്നു.

**കലാലയത്തിൽ രൂപപ്പെട്ട വാഗ്മി**

എറണാകുളം ജില്ലയിലെ നെട്ടൂരിലെ സാധാരണ കുടുംബ പശ്ചാത്തലത്തിൽ നിന്നും ഉയർന്നുവന്ന വി.ഡി. സതീശൻ, തന്റെ രാഷ്ട്രീയ അടിത്തറ പാകിയത് പ്രസംഗ വേദികളിലാണ്. തേവര എസ്.എച്ച്. കോളജിലെ ആർട്സ് ക്ലബ് സെക്രട്ടറി സ്ഥാനത്തിരുന്ന് അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ഇന്നും പഴയ സഹപാഠികൾ ഓർക്കുന്നുണ്ടാകും. എം.ജി. സർവകലാശാല യൂണിയൻ ചെയർമാൻ പദവിയിലിരിക്കെ വിദ്യാർത്ഥി രാഷ്ട്രീയത്തിന് പുതിയൊരു ദിശാബോധം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. നിയമ ബിരുദം നേടിയ ശേഷം ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്ത കാലം അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്ക് മൂർച്ച കൂട്ടി.

**തോൽവിയിൽ നിന്നും പാഠമുൾക്കൊണ്ട പറവൂർ നായകൻ**

1996-ൽ വടക്കൻ പറവൂരിൽ കന്നിപ്പോരിൽ പരാജയപ്പെട്ടപ്പോൾ സതീശൻ പിന്മാറിയില്ല. മറിച്ച്, ആ മണ്ഡലത്തിലെ ഓരോ ഗ്രാമത്തിലും ഓരോ വീടുകളിലും അദ്ദേഹം സാന്നിധ്യമായി. 2001-ൽ തിരിച്ചു വന്നത് വലിയ വിജയത്തോടെയായിരുന്നു. അന്ന് തുടങ്ങിയ ആ ബന്ധം 2006, 2011, 2016, 2021 വർഷങ്ങളിലും വോട്ടർമാർ ഊട്ടിയുറപ്പിച്ചു. ഇന്ന് പറവൂർ എന്നാൽ സതീശൻ എന്നും സതീശൻ എന്നാൽ പറവൂർ എന്നും പറയുന്ന രീതിയിൽ ആ ബന്ധം വളർന്നു കഴിഞ്ഞു.

**സഭയിലെ 'ഷാർപ്പ് ഷൂട്ടർ'**

നിയമസഭയ്ക്കകത്ത് വി.ഡി. സതീശൻ നടത്തുന്ന ഇടപെടലുകൾ പലപ്പോഴും ഭരണപക്ഷത്തെ പ്രതിരോധത്തിലാക്കാറുണ്ട്.

**ലോട്ടറി വിരുദ്ധ പോരാട്ടം**

കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ തകർക്കാൻ ശ്രമിച്ച അന്യസംസ്ഥാന ലോട്ടറി മാഫിയക്കെതിരെ അദ്ദേഹം നടത്തിയ പോരാട്ടം നിയമസഭാ ചരിത്രത്തിലെ സുവർണ്ണ അധ്യായമാണ്.

**ഹരിത രാഷ്ട്രീയം:**

പരിസ്ഥിതി സംരക്ഷണത്തിനായി വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ അദ്ദേഹം സ്വീകരിച്ചു. പ്രളയാനന്തര കേരളത്തിന്റെ അതിജീവനം എങ്ങനെയായിരിക്കണം എന്നതിൽ അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു.

**ഡാറ്റാ രാഷ്ട്രീയം:**

സ്പ്രിൻക്ലർ വിവാദം മുതൽ കെ-റെയിൽ വരെ, ഓരോ വിഷയത്തിലും സാങ്കേതികവും നിയമപരവുമായ വശങ്ങൾ ഇത്രത്തോളം പഠിച്ച് അവതരിപ്പിക്കുന്ന മറ്റൊരു നേതാവ് സമകാലിക രാഷ്ട്രീയത്തിൽ കുറവാണ്.

**ഗ്രൂപ്പുകൾക്ക് അതീതമായ വളർച്ച**

കോൺഗ്രസ് രാഷ്ട്രീയത്തിലെ ഗ്രൂപ്പ് സമവാക്യങ്ങൾക്കിടയിലും സ്വന്തമായൊരു വ്യക്തിത്വം നിലനിർത്താൻ സതീശന് സാധിച്ചു. പാർട്ടിയിലെ തെറ്റായ പ്രവണതകളെ ചോദ്യം ചെയ്യാനും നേതൃത്വത്തെ തിരുത്താനും അദ്ദേഹം മടിച്ചില്ല. വി.എസ്. അച്യുതാനന്ദനെപ്പോലുള്ള അതികായർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് പ്രതിപക്ഷ നിരയിലെ ഏറ്റവും ശക്തനായ ശബ്ദമായിരുന്നു സതീശൻ. 2021-ൽ പ്രതിപക്ഷ നേതൃസ്ഥാനത്തേക്ക് എത്തുമ്പോൾ അത് ഒരു തലമുറമാറ്റത്തിന്റെ കൂടി അടയാളമായിരുന്നു.

**വായനയും നിലപാടുകളും**

ഒരു നല്ല രാഷ്ട്രീയക്കാരൻ ഒരു നല്ല വായനക്കാരനായിരിക്കണം എന്ന തത്വം സതീശൻ അക്ഷരാർത്ഥത്തിൽ പാലിക്കുന്നു. ലോകസാഹിത്യം മുതൽ സാമ്പത്തിക ശാസ്ത്രം വരെ നീളുന്ന അദ്ദേഹത്തിന്റെ വായന പ്രസംഗങ്ങളിൽ പ്രതിഫലിക്കാറുണ്ട്. അന്ധമായ രാഷ്ട്രീയ വിരോധത്തിന് പകരം വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വിമർശനമാണ് അദ്ദേഹത്തിന്റെ ശൈലി. മത-സമുദായ സംഘടനകൾ രാഷ്ട്രീയത്തിൽ അമിതമായി ഇടപെടുന്നതിനെതിരെ അദ്ദേഹം ഉയർത്തിയ വിരൽ കോൺഗ്രസ് രാഷ്ട്രീയത്തിലെ വലിയൊരു മാറ്റത്തിന്റെ തുടക്കമായിരുന്നു.

പഠിച്ച് തയ്യാറെടുക്കാതെ ഒരു വിഷയത്തിലും വി.ഡി. സതീശൻ പ്രതികരിക്കാറില്ല. ആ ഗൃഹപാഠമാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. കേരളത്തിലെ യുവ രാഷ്ട്രീയ പ്രവർത്തകർക്ക് ഒരു വഴികാട്ടിയായി അദ്ദേഹം മാറുന്നത് ഈ 'പ്രൊഫഷണലിസം' കൊണ്ടാണ്. അധികാരത്തേക്കാൾ വലിയ ആയുധം അറിവാണെന്ന് അദ്ദേഹം വീണ്ടും വീണ്ടും തെളിയിക്കുന്നതും




# എൽ. ഡി. എഫിന്റെ ഇടതുപക്ഷ അടിത്തറ ശക്തിപ്പെടുത്തുക എന്നതാണ് സി.പി.ഐയുടെ ദൗത്യം: ബിനോയ് വിശ്വം

ഫീച്ചർ

ജോസ് കണിയാലി

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ മുൻനിര നേതാക്കളിലൊരാളും സി.പി.ഐ. (Communist Party of India) സംസ്ഥാന സെക്രട്ടറിയുമാണ് ബിനോയ് വിശ്വം. മികച്ച വാഗ്മി, പാർലമെന്റേറിയൻ, എഴുത്തുകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ അദ്ദേഹം പരിസ്ഥിതി സൗഹൃദ രാഷ്ട്രീയത്തിന്റെ ശക്തനായ വക്താവ് കൂടിയാണ്. കേരളത്തിൽ എൽ.ഡി.എഫ്. മന്ത്രിസഭയിൽ വനം – വന്യജീവി വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം, പ്രകൃതി സംരക്ഷണത്തെ വികസനത്തോടൊപ്പം ചേർത്തുനിർത്തുന്നതിൽ പ്രത്യേക താല്പര്യം കാണിക്കാറുണ്ട്. ദേശീയ രാഷ്ട്രീയത്തിലും സജീവമായ അദ്ദേഹം, ഇടതുപക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും വർഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ മതനിരപേക്ഷ ശക്തികളെ ഏകോപിപ്പിക്കുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്നു. സി.പി.ഐയുടെ മുഖപത്രമായ 'ജനയുഗ'ത്തിന്റെ പത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

**ചോദ്യം: ഇടതുപക്ഷ രാഷ്ട്രീയത്തിൽ സി.പി.ഐയും സി.പി.എമ്മും തമ്മിലുള്ള ആശയപരമായ യോജിപ്പുകളും വിയോജിപ്പുകളും എങ്ങനെ കാണുന്നു?**

ഇടതുമുന്നണിയിൽ ഞങ്ങൾക്ക് ആദർശപരമായ വിഷയങ്ങളിലും രാഷ്ട്രീയമായ പൊതുകടമകളെപ്പറ്റിയുള്ള ബോധ്യത്തിലും ഉറച്ച അടിത്തറയുണ്ട്. സി.പി.ഐ ഒരു 'തിരുത്തൽ ശക്തി'യാണെന്ന വിശേഷണം ഞാൻ ഉപയോഗിക്കാറില്ല. മറിച്ച്, മുന്നണിയുടെ ഇടതുപക്ഷ മൂല്യങ്ങളെയും കാഴ്ചപ്പാടിനെയും ശക്തിപ്പെടുത്താൻ പ്രതിജ്ഞാബദ്ധമായ പാർട്ടിയാണ് ഞങ്ങൾ. ചില ചരിത്രപരമായ



വസ്തുതകൾ, ഉദാഹരണത്തിന് അച്യുതമേനോൻ സർക്കാരിന്റെ നേട്ടങ്ങൾ ചൂണ്ടിക്കാട്ടുന്നത് പാർട്ടികൾ തമ്മിലുള്ള തർക്കമല്ല, മറിച്ച് വസ്തുനിഷ്ഠമായ ഇടതുപക്ഷ ചരിത്രബോധം ഉയർത്തിപ്പിടിക്കലാണ്. യു.ഡി.എഫിലെ പോലെ പരസ്പര വിശ്വാസമില്ലാത്ത നേതാക്കളോ, പിന്നിൽ നിന്ന് കുത്താൻ നടക്കുന്നവരോ ആയ അവസ്ഥ എൽ.ഡി.എഫിനില്ല.

**ചോദ്യം: ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ഇടതുപക്ഷ പാർട്ടികളുടെ പ്രസക്തി വർദ്ധിക്കുകയാണോ അതോ കുറയുകയാണോ?**

തീർച്ചയായും പ്രസക്തി വർദ്ധിക്കുകയാണ്. ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം വർഗീയ ഫാസിസ്റ്റ് രാഷ്ട്രീയത്തെ ചെറുക്കലാണ്. ആ സമരത്തിൽ യോജിക്കാവുന്ന എല്ലാവരെയും ഒന്നിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ആർ.എസ്.എസിന്റെ വരവ് തടയുന്നതിനും ബി.ജെ.പിയെ രാഷ്ട്രീയമായി ഒറ്റപ്പെടുത്തുന്നതിനുമുള്ള പോരാട്ടത്തിൽ ഇടതുപക്ഷം മുൻപന്തിയിലുണ്ട്.

**ചോദ്യം: ദേശീയതലത്തിൽ 'ഇന്ത്യ' മുന്നണിയുടെ ഭാവി എന്തായിരിക്കും?**

ദേശീയതലത്തിൽ ബി.ജെ.പിയെ ഒറ്റപ്പെടുത്തുക എന്നതാണ് മുഖ്യലക്ഷ്യം. എന്നാൽ കേരളത്തിലെ കോൺഗ്രസ് നേതാക്കൾക്ക് ദേശീയ രാഷ്ട്രീയത്തിന്റെ ഗതികളെപ്പറ്റി ധാരണയില്ല. മുഖ്യശത്രു ആരാണെന്ന് തിരിച്ചറിയാത്ത കോൺഗ്രസ്, ഇടതുപക്ഷത്തെ ദുർബലമാക്കാൻ ബി.ജെ.പിയുടെ ബന്ധുവായി മാറുന്ന രാഷ്ട്രീയ അധപ്പതനത്തിലേക്കാണ് പോകുന്നത്. ദേശീയതലത്തിലുള്ള പോരാട്ടത്തെ ദുർബലമാക്കുന്ന ഒന്നും ഞങ്ങൾ ചെയ്യില്ല, എന്നാൽ കേരളത്തിലെ കോൺഗ്രസ് തങ്ങളുടെ നിലപാട് തിരുത്തേണ്ടതുണ്ട്.

**ചോദ്യം: വികസനവും പരിസ്ഥിതി സംരക്ഷണവും എങ്ങനെ ഒത്തുപോകാമെന്നാണ് താങ്കളുടെ കാഴ്ചപ്പാട്?**

ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ വികസന പാതയാണ് നമുക്ക് വേണ്ടത്. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇടുക്കി പദ്ധതി പോലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയപ്പോൾ തന്നെ ഭൂപരിഷ്കരണത്തിലൂടെയും തൊഴിലാളി ക്ഷേമത്തിലൂടെയും സാമൂഹിക നീതിയും ഉറപ്പാക്കിയിരുന്നു. പരിസ്ഥിതിയെയും ജനതയെയും പരിഗണിച്ചുകൊണ്ടുള്ള വികസന മാതൃകകൾ ഇടതുപക്ഷത്തിനുണ്ട്.

**ചോദ്യം: കേരളം നേരിടുന്ന കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടാൻ നമ്മുടെ രാഷ്ട്രീയ പാർട്ടികൾ സജ്ജമാണോ?**

ഇടതുപക്ഷ ചരിത്രബോധം എപ്പോഴും വസ്തുനിഷ്ഠമാണ്. മുൻകാലങ്ങളിൽ ഉണ്ടായ വികസന നേട്ടങ്ങളെയും സാമൂഹിക മാറ്റങ്ങളെയും ശാസ്ത്രീയമായി വിലയിരുത്തിക്കൊണ്ടാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. പുതിയ കാലത്തെ പ്രതിസന്ധികളെ നേരിടാൻ ജനങ്ങളെ ഒന്നിപ്പിക്കുക എന്ന കർത്തവ്യമാണ് ഞങ്ങൾ നിർവ്വഹിക്കുന്നത്. വർഗീയതയ്ക്കെതിരെ പോരാടുന്നതുപോലെ തന്നെ പ്രധാനമാണ് ഇത്തരം അതിജീവന പോരാട്ടങ്ങളും.

**ചോദ്യം: കേരളത്തിലെ എൽ.ഡി.എഫ് സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പാർട്ടി പൂർണ്ണ തൃപ്തരാണോ?**

എൽ.ഡി.എഫിന്റെ ഇടതുപക്ഷ അടിത്തറ ശക്തിപ്പെടുത്തുക എന്നതാണ് സി.പി.ഐയുടെ ദൗത്യം. സർക്കാരിനെ ദുർബലമാക്കാൻ കോൺഗ്രസും ബി.ജെ.പിയും ചേർന്ന് നുണകൾ പ്രചരിപ്പിക്കുകയാണ്. ബി.ജെ.പി – സി.പി.എം 'ഡീൽ' ഉണ്ടെന്നത് കോൺഗ്രസിന്റെ രാഷ്ട്രീയ കാപട്യം മാത്രമാണ്. ഞങ്ങൾക്ക് ഈ തിരഞ്ഞെടുപ്പിൽ ആർ.എസ്.എസിന്റെ വോട്ട് വേണ്ട. ആദർശപരമായ അടിത്തറയിൽ ഈ സർക്കാർ കരുത്തോടെ മുന്നോട്ട് പോകും.

**ചോദ്യം: യുവതലമുറ രാഷ്ട്രീയത്തിൽ നിന്ന് അകന്നുപോകുന്നു എന്ന വാദത്തോട് എങ്ങനെ പ്രതികരിക്കുന്നു?**

രാഷ്ട്രീയത്തിലെ മൂല്യച്യുതിയും അവിശ്വാസവുമാണ് ഇതിന് കാരണം. യു.ഡി.എഫിലെ പ്രശ്നബാധിതമായ അവസ്ഥയും നേതാക്കൾ തമ്മിലുള്ള കുതികാൽവെട്ടും കാണുമ്പോൾ യുവാക്കൾക്ക് വിരക്തി തോന്നാം. എന്നാൽ ഇടതുപക്ഷത്തിന് കൃത്യമായ ആദർശവും രാഷ്ട്രീയ ബോധ്യവുമുണ്ട്. ആർ.എസ്.എസിനെ പോലുള്ള വർഗീയ ശക്തികളെ ഒറ്റപ്പെടുത്താൻ യുവതലമുറ എന്നും ഇടതുപക്ഷത്തിനൊപ്പം ഉണ്ടാകും.

# അഡ്വ. മോൻസ് ജോസഫ്: കടുത്തുരുത്തിയുടെ കാവലാൾ




കേരളാ എക്സ്പ്രസ് വാരാന്ത്യം

ഫീച്ചർ



ജോസ് കണിയാലി

**കേ**രള രാഷ്ട്രീയത്തിലെ സൗമ്യസാന്നിധ്യവും വികസന നായകനുമായ അഡ്വ. മോൻസ് ജോസഫിനെ സംബന്ധിച്ചിട ത്തോളം രാഷ്ട്രീയം എന്നത് അധികാരത്തിന്റെ പടവുകളല്ല, മറിച്ച് മനുഷ്യപക്ഷത്തു നിന്നുകൊണ്ടുള്ള ഒരു സുദീർഘമായ തീർത്ഥാടനമാണ്. ആപ്പാഞ്ചിറയിലെ നരിമറ്റം കുടുംബത്തിൽ ഒ. ജോസഫിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ച മോൻസ്, ഇന്ന് കേരളം ആദരിക്കുന്ന ജനനായകനായി വളർന്നത് അടിയുറച്ച വിശ്വാസത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെയും കരുത്തിലാണ്.

### ആത്മീയതയിൽ കോർത്ത അടിത്തറ

പൊതുപ്രവർത്തനത്തിന്റെ തിരക്കുകളിലേക്ക് ചുവടു വെക്കുന്നതിന് മുൻപ്, മോൻസ് ജോസഫ് എന്ന യുവാവ് തന്റെ സ്വത്വം രൂപപ്പെടുത്തിയത് ആത്മീയതയുടെയും സേവനത്തിന്റെയും തണലിലായിരുന്നു. കടുത്തുരുത്തി സെന്റ് മേരീസ് ഫോറേൻ താഴത്തുപള്ളിയിലെ സൺഡേ സ്കൂൾ ക്ലാസുകളിൽ കുരുന്നുകൾക്ക് വേദപാഠം പകർന്നുനൽകിയിരുന്ന ആ അധ്യാപകൻ, സ്നേഹവും കരുണയും ജീവിതവ്രതമാക്കാൻ അന്നുതന്നെ ശീലിച്ചു. ഒരു ജനപ്രതിനിധിക്ക് വേണ്ട ക്ഷമയും വിനയവും അദ്ദേഹത്തിൽ വേരുപിടിച്ചത് ആ വിശുദ്ധമായ അൾത്താരയുടെ ചാരത്തു നിന്നാണ്.

### വോളിബോൾ കോർട്ടിൽ നിന്ന് രാഷ്ട്രീയക്കളരിയിലേക്ക്

സ്കൂൾ-കോളേജ് കാലഘട്ടത്തിൽ മോൻസ് ജോസഫ് എന്ന പേര് മുഴങ്ങിക്കേട്ടത് വോളിബോൾ കോർട്ടുകളിലായിരുന്നു. കളിക്കളത്തിലെ വീറും വാശിയും ടീം വർക്കും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ഏറെ സ്വാധീനിച്ചു. ഓരോ പോയിന്റിനും വേണ്ടി അവസാന ശ്വാസം വരെ പൊരുതുന്ന വോളിബോൾ താരത്തിന്റെ ആ പോരാട്ടവീര്യം പിന്നീട് നിയമസഭയിലും ജനകീയ പ്രശ്നങ്ങളിലും നാം കണ്ടു. തോൽക്കാൻ മനസ്സില്ലാത്ത മനക്കരുത്തും കൂടെയുള്ളവരെ ചേർത്തുപിടിക്കാനുള്ള നായകഗുണവും സ്പോർട്സ് അദ്ദേഹത്തിന് നൽകിയ വലിയ പാഠങ്ങളായിരുന്നു.

### കലാലയ രാഷ്ട്രീയത്തിന്റെ തീച്ചൂളയിൽ

കോട്ടയം ബസേലിയസ് കേളജിലെ കലാലയ മുറ്റത്ത് കേരള സ്റ്റുഡന്റ്സ് കോൺഗ്രസിന്റെ (കെ.എസ്.സി) കരുത്തുറ്റ ശബ്ദമായി അദ്ദേഹം മാറി. അനീതിയോട് കലഹിച്ചും വിദ്യാർത്ഥി അവകാശങ്ങൾക്ക് വേണ്ടി നിലകൊണ്ടും വളർന്ന മോൻസ്, നിയമപഠനത്തിന് ശേഷം അഭിഭാഷകനായപ്പോഴും ലക്ഷ്യം വെച്ചത് സാധാരണക്കാരന് നീതി ഉറപ്പാക്കുക എന്നതായിരുന്നു.

'അധികാരത്തിന്റെ ഇടനാഴികളേക്കാൾ മോൻസ് ജോസഫ് ഇഷ്ടപ്പെട്ടത് കടുത്തുരുത്തിയിലെ ഗ്രാമവഴികളായിരുന്നു. അവിടെയാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിന്റെ വേരുകൾ ആഴ്ന്നുനിൽക്കുന്നത്.'

### വികസനത്തിന്റെ 'വിഷൻ' നായകൻ

1996-ൽ തന്റെ മുപ്പതുകളിൽ നിയമസഭയിലെത്തിയ മോൻസ് ജോസഫ്, കേരളം കണ്ട മികച്ച പൊതുമരാമത്ത് വകുപ്പ് മന്ത്രിമാരിൽ ഒരാളായി സ്വയം അടയാളപ്പെടുത്തി. 'വിഷൻ 2010' പോലുള്ള വിപ്ലവകരമായ പദ്ധതികളിലൂടെ കേരളത്തിന്റെ റോഡ് ശൃംഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ അദ്ദേഹത്തിന് സാധിച്ചു. പാലങ്ങളും റോഡുകളും നിർമ്മിക്കുമ്പോൾ അത് വെറും സിമന്റും മണലുമല്ല, മറിച്ച് ജനതയുടെ പുരോഗതിയുടെ പാതകളാണെന്ന് അദ്ദേഹം വിശ്വസിച്ചു.

### പ്രതിസന്ധികളിലെ തളരാത്ത പടനായകൻ

കേരള കോൺഗ്രസ് രാഷ്ട്രീയത്തിലെ പിളർപ്പുകളും കൂടിച്ചേരലുകളും വല്ലാതെ ഉലച്ചപ്പോഴും പി.ജെ. ജോസഫിനൊപ്പം പാറപോലെ ഉറച്ചുനിൽക്കാൻ അദ്ദേഹത്തിന് സാധിച്ചു. പാർട്ടിയിലെ പദവികളേക്കാൾ ഉപരിയായി താൻ വിശ്വസിക്കുന്ന ആദർശങ്ങൾക്കും തന്നെ വിശ്വസിക്കുന്ന അണികൾക്കും അദ്ദേഹം പ്രഥമ പരിഗണന നൽകി. കാർഷിക മേഖലയിലെ പ്രതിസന്ധികളിലും കർഷകരുടെ കണ്ണീരൊപ്പുന്നതിലും അദ്ദേഹം എന്നും മുൻനിരയിലുണ്ട്.



### കുടുംബം: കരുത്തിന്റെ ഉറവിടം

തിരക്കേറിയ പൊതുജീവിതത്തിനിടയിലും മോൻസ് ജോസഫിന്റെ കരുത്ത് അദ്ദേഹത്തിന്റെ കുടുംബമാണ്. ഹൈസ്കൂൾ അധ്യാപികയായ ഭാര്യ സോണിയയും മകൾ മരിയയും നൽകുന്ന പിന്തുണയാണ് ജനസേവന പാതയിൽ അദ്ദേഹത്തിന് ഊർജ്ജമാകുന്നത്. ഒരു സാധാരണ കുടുംബനാഥന്റെ വിനയത്തോടെ അദ്ദേഹം ജനങ്ങൾക്കിടയിൽ ഇന്നും ജീവിക്കുന്നു.

ഇന്ന് മോൻസ് ജോസഫ് വീണ്ടും ഒരു തിരഞ്ഞെടുപ്പ് പോരാട്ടത്തിന് ഒരുങ്ങുമ്പോൾ, അത് വെറുമൊരു രാഷ്ട്രീയ പര്യടനമല്ല. ദശകങ്ങളായി കടുത്തുരുത്തിയിലെ ജനങ്ങളുമായി അദ്ദേഹം കാത്തുസൂക്ഷിക്കുന്ന ഹൃദയബന്ധത്തിന്റെ പുതുക്കലാണത്. വോളിബോൾ കോർട്ടിലെ ആ പഴയ പോരാളി ഇന്നും അതേ ആവേശത്തോടെ വികസനത്തിനും സുരക്ഷയ്ക്കും വേണ്ടി നിലകൊള്ളുന്നു.



# സിറിയക് ചാഴികാടൻ: രാഷ്ട്രീയ പാരമ്പര്യവും യുവവീര്യവും കൈകോർക്കുന്ന നേതൃത്വം

ഫീച്ചർ



ജോസ് കണിയാലി

കേരള രാഷ്ട്രീയത്തിലെ സുപ്രധാനമായ ഒരു കുടുംബപ്പേരാണ് ചാഴികാടൻ എന്നത്. ആ പാരമ്പര്യത്തിന്റെ കരുത്തും ആധുനിക യുവജന നേതൃത്വത്തിന്റെ ചടുലതയും ഒത്തിണങ്ങിയ വ്യക്തിത്വമാണ് തൊടുപുഴ നിയസഭാ മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി സിറിയക് ചാഴികാടൻ. കോട്ടയം ജില്ലയിലെ വെളിയന്നൂർ പഞ്ചായത്തിലെ അരീക്കര സ്വദേശിയായ അദ്ദേഹം നിലവിൽ കേരള യൂത്ത് ഫ്രണ്ട് എം സംസ്ഥാന പ്രസിഡന്റായി പ്രവർത്തിച്ചു വരികയാണ്. കേരള രാഷ്ട്രീയത്തിൽ തനതായ മുദ്ര പതിപ്പിച്ച ചാഴികാട്ട് കുടുംബത്തിലെ പുതിയ തലമുറയുടെ പ്രതിനിധിയായ സിറിയക്, തന്റെ പ്രവർത്തനങ്ങളിലൂടെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ ജനശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്.

**കുടുംബ പശ്ചാത്തലവും രാഷ്ട്രീയ വേരുകളും**

എംഎൽഎമാരെക്കൊണ്ടും പൊതുപ്രവർത്തകരെക്കൊണ്ടും സമ്പന്നമായ ചാഴികാട്ട് കുടുംബത്തിലെ അംഗമാണ് സിറിയക്. കേരള നിയമസഭയിലെ ഹാസ്യ സമ്രാട്ടായിരുന്ന ജോസഫ് ചാഴികാടന്റെ പാരമ്പര്യം ഇദ്ദേഹത്തിനുണ്ട്. ചാഴികാട്ട് ജോയി - ശാന്തമ്മ ദമ്പതികളുടെ സീമന്തപുത്രനാണ് സിറിയക്. 1991-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഏറ്റുമാനൂരിൽ സ്ഥാനാർത്ഥിയായിരിക്കെ ഇടിമിന്നലേറ്റ് മരണമടഞ്ഞ കേരള യൂത്ത് ഫ്രണ്ട് എം മുൻ സംസ്ഥാന പ്രസിഡന്റ് ബാബു ചാഴികാടന്റെയും, ഏറ്റുമാനൂർ എം.എൽ.എയും കോട്ടയം എംപിയുമായിരുന്ന തോമസ് ചാഴികാടന്റെയും സഹോദര പുത്രനാണ് ഇദ്ദേഹം. ടിജ മേരി ജെയിംസ് ആണ് ഭാര്യ. ജോയിമോൻ, റ്റെസ, ചാക്കോപ്പി എന്നീ മൂന്ന് മക്കളടങ്ങുന്നതാണ് ഇദ്ദേഹത്തിന്റെ കുടുംബം.

**വിദ്യാഭ്യാസ മികവും ഔദ്യോഗിക പദവികളും**

വിദ്യാഭ്യാസ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച നേതാവാണ് സിറിയക് ചാഴികാടൻ. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഗാന്ധിയൻ സ്റ്റഡീസിൽ ബിരുദാനന്തര ബിരുദവും പഞ്ചാബ് ടെക്നിക്കൽ യൂണിവേഴ്സിറ്റി ഡൽഹി ക്യാമ്പസിൽ നിന്നും എംബിഎയും അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റിൽ നിന്നും പിജിപിഎം ഡിപ്ലോമയും പൂർത്തിയാക്കി. കോട്ടയം ബസേലിയസ് കോളജിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ ബിരുദം നേടിയ സിറിയക്, സ്കൂൾ വിദ്യാഭ്യാസം അരീക്കര സെന്റ് റോക്കീസ് യു.പി. സ്കൂൾ, ഉഴവൂർ ഒ.എൽ.എൽ.എച്ച്.എസ്, എസ്എച്ച് മൗണ്ട് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലായാണ് പൂർത്തിയാക്കിയത്.

**സംഘടനാ നേതൃത്വത്തിലെ പടവുകൾ**

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തേക്ക് പ്രവേശിച്ച സിറിയക് ചാഴികാടൻ ദേശീയ - സംസ്ഥാന തലങ്ങളിൽ ശ്രദ്ധേയമായ നിരവധി പദവികൾ അലങ്കരിച്ചിട്ടുണ്ട്. 2023 മുതൽ കേരള യൂത്ത് ഫ്രണ്ട് എം സംസ്ഥാന പ്രസിഡന്റായി അദ്ദേഹം പ്രവർത്തിച്ചു വരുന്നു. ഇതിനു മുൻപ് സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായും കെസിവൈഎം സംസ്ഥാന പ്രസിഡന്റായും അദ്ദേഹം സേവനമനുഷ്ഠിച്ചു. അന്താരാഷ്ട്ര തലത്തിൽ മിജാർക്കിന്റെ (MIJARC) ദേശീയ കോർഡിനേറ്ററായും ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM) ദേശീയ ജനറൽ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് അംഗമായും ന്യൂഡൽഹിയിലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റി എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഹോണററി കോർഡിനേറ്ററായും അദ്ദേഹം മികച്ച പ്രവർത്തനം കാഴ്ചവെച്ചു. മികച്ച കത്തോലിക്ക യുവജന പ്രവർത്തകനുള്ള സി.ബി.സി.ഐ.യുടെ നാഷണൽ ബെസ്റ്റ് യൂത്ത് അവാർഡും ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

**ജനകീയ ക്യാമ്പയിനുകളും സാമൂഹിക ഇടപെടലുകളും**

കേവലം രാഷ്ട്രീയ പ്രവർത്തനത്തിനപ്പുറം നിരന്തരമായ സാമൂഹിക ഇടപെടലുകളാണ് സിറിയക്കിനെ ജനകീയനാക്കുന്നത്. വിദ്യാർത്ഥിയായിരിക്കെ കോട്ടയം പാർലമെന്റ് മണ്ഡലത്തിലെ 55 വിദ്യാലയങ്ങൾക്ക് പുസ്തകങ്ങൾ നൽകിയ ലൈബ്രറി ബുക്ക് ചലഞ്ച് അദ്ദേഹം നയിച്ചു. വിഷരഹിത പഴവർഗ്ഗങ്ങളും ആരോഗ്യകരമായ ജീവിതശൈലിയും മുൻനിർത്തി അദ്ദേഹം നേതൃത്വം നൽകിയ ഫലസമൃദ്ധി ക്യാമ്പയിൻ ഇരുപത് ലക്ഷത്തിലധികം ആളുകളിലേക്കാണ് നേരിട്ടെത്തിയത്. കെ.എം. മാണി യൂത്ത് ബ്രിഗേഡിന്റെ നേതൃത്വത്തിൽ കോവിഡ് - പ്രളയ കാലഘട്ടങ്ങളിൽ നടത്തിയ സന്നദ്ധ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. നൂറിലധികം വിദ്യാർത്ഥികൾക്ക് സ്മാർട്ട് ഫോൺ നൽകിയ പദ്ധതിക്ക് മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രശംസ ലഭിച്ചിരുന്നു. സമാധാന സന്ദേശ യാത്ര, ക്യാൻസർ ബോധവൽക്കരണത്തിനായി നടത്തിയ ക്യാപ് അറ്റ് ക്യാമ്പസ്, കടലവകാശം ഉയർത്തിപ്പിടിച്ചു നടത്തിയ തീരദേശ സംരക്ഷണ യാത്ര എന്നിവയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിജയിച്ച പ്രധാന ക്യാമ്പയിനുകളാണ്.



**തൊഴിൽ രംഗത്തെ വൈഭവം**

പഠനത്തിന് ശേഷം ക്യാമ്പസ് പ്ലേസ്മെന്റിലൂടെ ഡൽഹി എച്ച് ഡി എഫ് സി ബാങ്കിൽ ജോലി ചെയ്ത സിറിയക്, പിന്നീട് സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമാകുകയായിരുന്നു. കഴിഞ്ഞ 15 വർഷക്കാലമായി വിവിധ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വേണ്ടി ഇരുപതിനായിരത്തിലധികം വിദ്യാർത്ഥികൾക്ക് ഹ്യൂമൻ റിസോഴ്സ് ട്രെയിനർ എന്ന നിലയിൽ അദ്ദേഹം പരിശീലനം നൽകി വരുന്നു. കൂടാതെ വിവിധ സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ ആശയ രൂപീകരണം നടത്തുന്ന പ്രോജക്ട് ഡിസൈനർ കൂടിയാണ് അദ്ദേഹം. രാഷ്ട്രീയ പാരമ്പര്യവും പ്രൊഫഷണൽ മികവും ഒത്തുചേരുന്ന സിറിയക് ചാഴികാടൻ തൊടുപുഴയുടെ വികസന സ്വപ്നങ്ങൾക്ക് പുതിയ ഊർജ്ജം പകരാൻ പ്രാപ്തനായ ജനപ്രതിനിധിയായിരിക്കും.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# വാർദ്ധക്യത്തിലെ വീട്: ലളിതവും അർത്ഥപൂർണ്ണവുമായ ഒരു വിശ്രമകേന്ദ്രം

സി.വി. സാമുവേൽ ഡിട്രോയിറ്റ്

അടുത്തിടെ എന്റെ മക്കളിലൊരാൾ ചിന്തിപ്പിക്കുന്ന ഒരു ചോദ്യം എന്നോട് ചോദിച്ചു: "ഒരു പുതിയ വീട് തെരഞ്ഞെടുക്കുമ്പോൾ ഡാഡിക്ക് ഏറ്റവും പ്രധാനപ്പെട്ടത് എന്താണ്?" ആദ്യമത് ഒരു ലളിതമായ ചോദ്യമായി തോന്നിയെങ്കിലും ആലോചിക്കുന്തോറും അതിന്റെ ഉത്തരം ഞാൻ ഇപ്പോൾ നിൽക്കുന്ന ജീവിതസാഹചര്യവുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു എന്ന് എനിക്ക് മനസ്സിലായി. വാർദ്ധക്യത്തെ അന്തസ്സോടെ സ്വീകരിക്കുന്നതിനെക്കുറിച്ചും സുഖകരമായി ജീവിക്കുന്നതിനെക്കുറിച്ചുമുള്ള ഒരു അന്വേഷണമായി ഈ ചോദ്യത്തെ കാണാം. 82-ാം വയസ്സിൽ വീടിനെക്കുറിച്ചുള്ള എന്റെ സങ്കല്പം വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നതിൽ നിന്ന് ഏറെ മാറിയിരിക്കുന്നു.

യൗവനകാലത്ത് വീടെന്നാൽ വലിപ്പമുള്ളതും ആകർഷകവും മറ്റുള്ളവരെ ആകർഷിക്കുന്നതുമായ ഒന്നായിരുന്നു. മനോഹാരിതയും ആഡംബരവുമാണ് പലരും അന്ന് നോക്കാറുള്ളത്. പക്ഷേ, പ്രായമേറുന്തോറും ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറുന്നു. ഇന്ന് ഒരു വീട് തെരഞ്ഞെടുക്കുമ്പോൾ എന്റെ ചിന്തകൾ കൂടുതൽ ലളിതവും എന്നാൽ ആഴമേറിയതുമാണ്. എന്റെ ദൈനംദിന ജീവിതത്തെ പിന്തുണയ്ക്കുന്ന, ആരോഗ്യം സംരക്ഷിക്കുന്ന, വിശ്വാസത്തോടെ സമാധാനമായി ജീവിക്കാൻ കഴിയുന്ന ഒരിടമാണ് ഞാൻ ആഗ്രഹിക്കുന്നത്.

വീട് എവിടെയാണ് എന്നതിനാണ് ഞാൻ ആദ്യപരിഗണന നല്കുന്നത്. ഈ പ്രായത്തിൽ ആശുപത്രികൾക്കും മറ്റ് ആരോഗ്യ കേന്ദ്രങ്ങൾക്കും അടുത്ത് താമസിക്കുന്നത് വളരെ പ്രധാനമാണ്. ചികിത്സാ സൗകര്യങ്ങൾ അരികിലുണ്ടെന്ന ബോധ്യം ഒരു സുരക്ഷിതത്വബോധം നല്കുന്നു. ആരോഗ്യം ഒരു വിലയേറിയ സമ്മാനമാണെന്ന് പ്രായമാകുമ്പോൾ നമ്മൾ തിരിച്ചറിയുന്നു. സഹായം തൊട്ടടുത്തുണ്ടെന്നത് ഭാവിയിലെ ആശങ്കകൾ കുറയ്ക്കുന്നു.

യാത്രാസൗകര്യങ്ങളും അതുപോലെ പ്രധാനമാണ്. ഡോക്ടറെ കാണാനോ സാധനങ്ങൾ വാങ്ങാനോ പള്ളിയിൽ പോകാനോ സുഹൃത്തുക്കളെ കാണാനോ ഉള്ള യാത്രകൾ ഒരു ഭാരമാകരുത്. എളുപ്പത്തിൽ യാത്ര ചെയ്യാൻ കഴിയുന്ന സാഹചര്യം നമ്മളെ സ്വതന്ത്രരായി തുടരാൻ സഹായിക്കുന്നു.

ഒരു വീട് എന്നാൽ വെറും നാല് ചുവരുകളും മേൽക്കൂരയുമല്ല. അത് ഇപ്പോൾ നമ്മൾ ആയിരിക്കുന്ന സമൂഹത്തിന്റെ കൂടി ഭാഗമാണ്. ഈ പ്രായത്തിൽ സ്നേഹമുള്ള ഒരു അയൽപക്കവും പരിചിതമായ മുഖങ്ങളും വലിയൊരു ആശ്വാസമാണ്. ഒരു ചെറിയ കുശലാന്വേഷണം പോലും മനസ്സിന് സന്തോഷം നല്കും.



ലേഖകൻ

എനിക്ക് ആരാധനാലയങ്ങൾക്കു സമീപം താമസിക്കുന്നത് സവിശേഷമായ പ്രാധാന്യമുള്ള കാര്യമാണ്. വർഷങ്ങളായി എന്റെ ജീവിതത്തിന്റെ അടിത്തറ വിശ്വാസമാണ്. ആരാധനകളിൽ പങ്കെടുക്കാനും വിശ്വാസികളുമായി ഒത്തുചേരാനും സാധിക്കുന്നത് വലിയൊരു ആത്മീയ ബലമാണ്. നമ്മൾ ഈ യാത്രയിൽ തനിച്ചല്ലെന്ന ബോധ്യം അത് നല്കുന്നു.

വീടിന്റെ രൂപകല്പനയിൽ ആഡംബരത്തേക്കാൾ പ്രാധാന്യം ലാളിത്യത്തിനാണ്. തടസ്സങ്ങളില്ലാതെ നടക്കാൻ കഴിയുന്നതും സുരക്ഷിതവുമായ ഒരിടമാകണം അത്. പടികൾ കുറവായ വിശാലമായ മുറികളുള്ള വീട് അപകടങ്ങൾ ഒഴിവാക്കാൻ സഹായിക്കും. ഒന്നാം നിലയിൽ തന്നെ കിടപ്പുമുറിയും ശുചിമുറിയും ഉണ്ടാവുക എന്നത് ദൈനംദിന ജീവിതം എളുപ്പമാക്കും. വീൽചെയറോ വാക്കറോ ഉപയോഗിക്കേണ്ടിവന്നാൽ പോലും തടസ്സമില്ലാത്ത രീതിയിലുള്ള ക്രമീകരണങ്ങൾ നമ്മുടെ അന്തസ്സും ആത്മവിശ്വാസവും നിലനിർത്താൻ സഹായിക്കുന്നു.

വർഷങ്ങൾ കടന്നുപോകുമ്പോൾ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൂടുതൽ വ്യക്തമാകും. ഒരുകാലത്ത് പ്രധാനമെന്നത് കരുതിയ പലതും ഇന്ന് പ്രസക്തമല്ലാതായി മാറുന്നു. മറ്റുള്ളവരെ ബോധ്യപ്പെടുത്താനല്ല, മറിച്ച് നമ്മുടെ സമാധാനത്തിനാണ് മുൻഗണന നല്കേണ്ടത്. ആഡംബരത്തേക്കാൾ മൂല്യം ആരോഗ്യസംരക്ഷണത്തിനും സ്നേഹമുള്ള ഒരു സമൂഹത്തിനുമാണ്. മുൻഗണനകൾ ലളിതമാകുമ്പോൾ ജീവിതം കൂടുതൽ സമാധാനപൂർണ്ണമാകുന്നു.

വീട് എന്നത് താമസിക്കാനുള്ള ഒരിടം മാത്രമല്ല, അത് വിശ്രമിക്കാനും പ്രാർത്ഥിക്കാനും ദൈവത്തിനു നന്ദി പറയാനുമുള്ള ഇടമാണ്. സമാധാനം വരുന്നത് വലിയ വീടുകളിൽ നിന്നോ സമ്പത്തിൽ നിന്നോ അല്ല. മറിച്ച് സുരക്ഷിതരാണെന്ന ബോദ്ധ്യത്തിൽ നിന്നും വിശ്വാസം പങ്കിടുന്നവർക്കിടയിൽ ജീവിക്കുമ്പോഴുമാണ്.

എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല വീട് എന്നത് ഏറ്റവും വലിയ വീടല്ല. മറിച്ച്, സമാധാനമായി ജീവിക്കാനും പള്ളിയുമായും സമൂഹവുമായും ചേർന്നുനിൽക്കാനും നന്ദിയുള്ള ഹൃദയത്തോടെ വിശ്വാസയാത്ര തുടരാനും കഴിയുന്ന ഒരിടമാണ്. അത്തരം ഒരിടത്ത് ജീവിതം അർത്ഥവത്തായി മുന്നോട്ടുപോകുന്നു.

ജീവിതത്തിന്റെ സായന്തനത്തിൽ ലളിതമായ ഒരു വീട് കേവലം ഒരു അഭയസ്ഥാനം മാത്രമല്ല, അത് ദൈവത്തിന്റെ കരുതലിന്റെ അടയാളം കൂടിയാണ്. അവസാനമായി എന്റെ മക്കൾക്കും പേരക്കുട്ടികൾക്കും അടുത്ത് ജീവിക്കാൻ കഴിയണമെന്നതാണ് എന്റെ വലിയ ആഗ്രഹവും പ്രാർത്ഥനയും. അത് വാർദ്ധക്യത്തെ കൂടുതൽ മനോഹരവും അർത്ഥപൂർണ്ണവുമാക്കുന്നു.

## ഇന്ത്യക്കാരിയായ അല്മായ വനിതയ്ക്കു വത്തിക്കാൻ കാര്യാലയത്തിൽ നിയമനം

വത്തിക്കാൻ സിറ്റി: വത്തിക്കൻ കാര്യാലയത്തിലേക്ക് ഇന്ത്യയിൽ നിന്നുള്ള അല്മായ വനിതയെ ലെയോ പതിനാലാമൻ മാർപാപ്പ നിയമിച്ചു. മുംബൈ സ്വദേശിനിയായ അല്മായ വനിതാനേതാവ് ക്രിസ്റ്റീൻ നഥാനെയാണു സമഗ്ര മാനവിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാര്യാലയത്തിൽ അംഗമായി നിയമിച്ചിരിക്കുന്നത്.



ലെയോ പതിനാലാമൻ മാർപാപ്പയ്ക്കൊപ്പം ക്രിസ്റ്റീൻ നഥാൻ

നിലവിൽ ഇന്റർനാഷണൽ കാത്തലിക് മൈഗ്രേഷൻ കമ്മീഷന്റെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയാണ് ക്രിസ്റ്റീൻ നഥാൻ. നിയമനത്തിൽ സന്തോഷം പ്രകടിപ്പിച്ച ക്രിസ്റ്റീൻ തന്നിൽ അർപ്പിച്ച വിശ്വാസത്തിന് മാർപാപ്പയ്ക്കു നന്ദി പറയുകയാണെന്നും അഗാധമായ ബഹുമാനത്തോടെ നിയമനം സ്വീകരിക്കുകയാണെന്നും പറഞ്ഞു.

മുംബൈ സർവകലാശാലയിൽനിന്നു സോഷ്യോളജി, സൈക്കോളജി പഠനം പൂർത്തിയാക്കിയ അവർ മുംബൈയിലെ ഗവ. ലോ കോളജിൽ നിയമപഠനവും പൂർത്തിയാക്കി.

നീതിക്കും മാനസിക അന്തസിനും വേണ്ടി ശക്തമായ ഇടപെടൽ നടത്തിയ വ്യക്തികൂടിയാണ് ക്രിസ്റ്റീൻ. 2006 മുതൽ 2014 വരെ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ തൊഴിലാളി വിദ്യാഭ്യാസത്തിനായുള്ള റീജണൽ വിദഗ്ദ്ധയായും സേവനമനുഷ്ഠിച്ചിരുന്നു.

## സുരേഷ് ഗോപി വിചാരണ നേരിടണം: ഹൈക്കോടതി



കൊച്ചി: കേന്ദ്രമന്ത്രി സുരേഷ് ഗോപിക്കെതിരായ തെരഞ്ഞെടുപ്പ് ഹർജി നിലനിൽക്കുമെന്നും അദ്ദേഹം വിചാരണ നേരിടണമെന്നും ഹൈക്കോടതി. തനിക്കെതിരായ ഹർജി തള്ളണമെന്ന് ആവശ്യപ്പെട്ട് സുരേഷ് ഗോപി സമർപ്പിച്ച ഇടക്കാല അപേക്ഷ കോടതി നിരസിച്ചു. അതേസമയം, തൃശൂരിലെ പച്ചക്കറി മാർക്കറ്റിലും പൊതുസ്ഥലങ്ങളിലും കുടകൾ വിതരണം ചെയ്തെന്ന അഴിമതി ആരോപണം കോടതി റദ്ദാക്കി. മറ്റ് ആരോപണങ്ങളിൽ സുരേഷ് ഗോപി വിചാരണ നേരിടണമെന്ന് ജസ്റ്റിസ് പി. കൃഷ്ണകുമാർ ഉത്തരവിട്ടു. തെരഞ്ഞെടുപ്പ് ഹർജി നിലനിൽക്കില്ലെന്ന സുരേഷ് ഗോപിയുടെ പ്രാഥമിക വാദങ്ങൾ കോടതി തള്ളി.


ഹർജിയിലെ 16-ാം ഖണ്ഡികയിൽ പറയുന്ന കുട വിതരണവുമായി ബന്ധപ്പെട്ട ആരോപണം സിപിസി ചട്ടപ്രകാരം ഒഴിവാക്കിയെങ്കിലും മറ്റ് അഴിമതി ആരോപണങ്ങളിൽ വിചാരണ തുടരാമെന്ന് കോടതി വ്യക്തമാക്കി. തൃശൂർ മണ്ഡലത്തിൽ നിന്നുള്ള സുരേഷ് ഗോപിയുടെ വിജയം ചോദ്യം ചെയ്ത് എഐവൈഎഫ് തൃശൂർ ജില്ലാ പ്രസിഡണ്ട് എ.എസ്. ബിനോയ് ആണ് കോടതിയെ സമീപിച്ചത്.

ജനപ്രാതിനിധ്യ നിയമത്തിലെ 123-ാം വകുപ്പ് പ്രകാരം സുരേഷ് ഗോപി അഴിമതി കാട്ടിയെന്നും അതിനാൽ അദ്ദേഹത്തിന്റെ വിജയം അസാധുവായി പ്രഖ്യാപിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി ടിക്കറ്റിലാണ് സുരേഷ് ഗോപി വിജയിച്ചത്.

വോട്ടെടുപ്പ് ദിനത്തിൽ മതചിഹ്നങ്ങളുപയോഗിച്ച് വോട്ടർമാരെ സ്വാധീനിച്ചു, സുരേഷ് ഗോപിക്ക് വേണ്ടി തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ എ.പി. അബ്ദുള്ളക്കുട്ടി ശ്രീരാമ ഭഗവാന്റെ പേരിൽ വോട്ട് ചെയ്യണമെന്ന അഭ്യർഥന നടത്തി. സുഹൃത്ത് മുഖേന സുരേഷ് ഗോപി വോട്ടർമാർക്ക് പെൻഷൻ വാഗ്ദാനം ചെയ്തു.

തെരഞ്ഞെടുപ്പ് കാലത്ത് ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറി, വോട്ടറുടെ മകൾക്ക് കൈക്കൂലിയായി മൊബൈൽ ഫോൺ നൽകി തുടങ്ങിയവയാണ് ഹർജിയിലെ ആരോപണങ്ങൾ.

## ഫാ. ജസ്റ്റിൻ പനയ്ക്കൽ അന്തരിച്ചു



കൊച്ചി: ക്രിസ്തീയ ഭക്തിഗാനരംഗത്ത് എക്കാലവും ഓർമിക്കപ്പെടുന്ന ഹിറ്റ് ഗാനങ്ങൾക്ക് ഈണമൊരുക്കിയ ഫാ. ഡോ. ജസ്റ്റിൻ പനയ്ക്കൽ (90) അന്തരിച്ചു. ഒസിഡി സന്യാസ സമൂഹാംഗമാണ്.

പൈതലാം യേശുവേ, മഞ്ഞുപൊതിയുന്ന മാമരം കോച്ചുന്ന, സ്നേഹസ്വരൂപാ തവദർശനം, ദൈവം നിരുപമസ്നേഹം, എൻ ജീവിതമാം ഈ മരക്കൊമ്പിൽ... തുടങ്ങിയ അനശ്വരഗാനങ്ങളുടെ സംഗീത സംവിധായകനാണ്. ഈണമിട്ട 29 ഗാനങ്ങളിൽ 25-ഉം ഗാനഗന്ധർവൻ യേശുദാസാണ് ആലപിച്ചത്. കെ.എസ്. ചിത്രയുടെ സംഗീതജീവിതത്തിൽ വഴിത്തിരിവായ ഗാനമാണ് പൈതലാം യേശുവേ. തരംഗിണിയുടെ സ്നേഹസന്ദേശം, തളിർമാല്യം തുടങ്ങിയ ആൽബങ്ങളിലും പനയ്ക്കലച്ചന്റെ പാട്ടുകളുണ്ടായിരുന്നു.

കുമ്പളങ്ങി പനയ്ക്കൽ ജോബും ഇസബെൽ തങ്കമ്മയുമാണു മാതാപിതാക്കൾ. 1952-ലാണ് കർമലീത്ത നിഷ്പാദുക സഭയിൽ അംഗമാകുന്നത്. 1962-ൽ പൗരോഹിത്യം സ്വീകരിച്ചു. റോമിൽനിന്നു ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും പൂർത്തിയാക്കിയശേഷം 1969 മുതൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ പ്രഫസറായി സേവനം ചെയ്തു. ദീർഘകാലമായി കളമശേരി പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

# ജാനകി രക്ഷിക്കപ്പെട്ടു

**പൊ**ടിയൻ പുലയന്റെ മൂന്നാമത്തെ കെട്ടിയോളാണ് ജാനകി. ആദ്യ ഭാര്യ ഗൗരി പ്രസവത്തോടെ മരിച്ചു. ആ പ്രസവത്തിലുണ്ടായ മകനാണ് സുകുമാരൻ. സുകുമാരനും ഞാനും സമപ്രായക്കാരാണ്. പൊടിയൻ പുലയൻ വളരെ സൗമ്യനായ ഒരു മനുഷ്യനായിരുന്നു. സദാ പുഞ്ചിരിക്കുന്ന മുഖം.

തുണയില്ലാത്ത പൊടിക്കുഞ്ഞിനെ ഒറ്റയ്ക്കു വളർത്തിയെടുക്കുവാൻ ഒരു പുരുഷനു പറ്റില്ലല്ലോ! അപ്പോഴാണ് ബന്ധുവായ നാണിത്തള്ള ഒരു നിർദേശം മുന്നോട്ടു വെച്ചത്.

'എടാ പൊടിയാ-നീയൊരു കാര്യം ചെയ്യ്. നിനക്കൊരു പെണ്ണുവേണം. ഇവിടെ എന്റെ പെൺകൊച്ച് ജാനകി വെറുതേ നിൽക്കുകയല്ലിയോ! അവക്കും ഒരു പൊടിക്കിടാവുണ്ട്. അവടെ കെട്ടിയോനാണെങ്കിൽ കള്ളും കുടിച്ച്, കഞ്ചാവുമടിച്ച് കൂത്താടി ഒരു തേവിടിശ്ശിയോടൊപ്പം തണ്ണിത്തോലിങ്ങാണ്ടാ പൊറുതി. നിന്റെ പൊടികൊച്ചിനു മുലകൊടുക്കുവാൻ ഒരാളു- വേണ്ടേ? തൽക്കാലം നീയാ പെണ്ണിനെ വിളിച്ചോണ്ടുപോ'.

നാണിത്തള്ളയുടെ ഇടപെടൽ പൊടിയൻ പുലയനു നന്നേ പിടിച്ചു. അങ്ങനെ അയാളേക്കാൾ പത്തിരുപതു വയസു പ്രായക്കുറവുള്ള ജാനകി അയാൾക്കും പൊടിക്കുഞ്ഞിനും ഒരു തുണയായി, ഇണയായി കൂടെക്കൂട്ടി.

ഒരു ചെറിയ ചെറ്റക്കുടിലിലായിരുന്നു അവരുടെ താമസം. ചെറ്റക്കുടിലിൽ താമസിക്കുന്നവരെ 'ചെറ്റകൾ' എന്നു വിളിക്കുന്ന ഒരു 'സംസ്കാരം' അന്നു തുടങ്ങിയിട്ടില്ലായിരുന്നു.

വലിയ 'പ്രൈവസി' ഒന്നുമില്ലെങ്കിൽത്തന്നെയും, ചെറ്റക്കുടിലുകൾ സന്താനോല്പാദനത്തിന് ഒരിക്കലും ഒരു തടസ്സമായിരുന്നില്ല. ഒരു കൂരക്കീഴിൽ തട്ടിയും മുട്ടിയും കഴിഞ്ഞ അവരുടെ ദാമ്പത്യവല്ലരിയിൽ മൂന്നു കുസുമങ്ങൾ കൂടി വിരിഞ്ഞു.

ആ ഒരു കാലഘട്ടത്തിന്റെ പ്രത്യേക സാമൂഹ്യ സാഹചര്യത്തിൽ മൂന്നാം ക്ലാസ്സിൽ വെച്ചു തന്നെ സുകുമാരൻ പഠനം നിർത്തി. എന്നാൽ, ഒരേ ക്ലാസിൽ തന്നെ രണ്ടും മൂന്നും വർഷം പഠിക്കേണ്ടി വന്നതിനാൽ മലയാള അക്ഷരമാലയൊക്കെ സുകുമാരനു ഹൃദിസ്ഥമായിരുന്നു.

പൊടിയൻ പുലയന്റെ പെങ്ങളൂട്ടി തങ്കയുടെ മകൾ തങ്കമണി വകയിൽ സുകുമാരന്റെ മുറപ്പെണ്ണാണ്. സുകുമാരൻ തന്റെ മനസ്സിൽ തങ്കമണിക്കുവേണ്ടി സ്വപ്നം കൊണ്ടൊരു തങ്കക്കൊട്ടാരം തീർത്തിരുന്നു. എന്നാൽ, പത്താം ക്ലാസ്സിൽ തോറ്റെങ്കിലും പാടത്തു പണിയെടുക്കുവാൻ പോകാത്ത പരിഷ്കാരിയായ തങ്കമണി പത്തനംതിട്ട 'പയനിയറിൽ' ട്യൂട്ടോറിയൽ കോളേജിൽ തന്റെ പഠനം തുടർന്നു.

തങ്കമണിയുടെ തിളങ്ങുന്ന സ്വപ്നങ്ങളിലെ, നിഴലുകളിൽപോലും സുകുമാരന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല.

സുകുമാരന്റെ വേദനിക്കുന്ന മനസ്സിനുള്ളിൽ ഒരു കവി ഹൃദയമുണ്ടായിരുന്നു. തങ്കമണിയുടെ മുഖത്ത് ആസിഡ് ഒഴിക്കുവാനോ, കരിക്കിൻ വെള്ളത്തിൽ എലിവിഷം ചേർത്ത് അപായപ്പെടുത്തുവാനോ ഉള്ള ആധുനിക കാമുക പ്രതികാര വിദ്യകളൊന്നും ആ ശുദ്ധമനസ്സിൽ ഇടം തേടിയില്ല.

പകരം തന്റെ മനസ്സിന്റെ വിങ്ങലുകൾ അയാൾ കവിതകളിലൂടെ കടലാസ്സിൽ പകർത്തി.

'ആട്ടിടയനും കോളേജ് കുമാരിയും' എന്ന പേരിൽ ഒരു കവിത എഴുതി; അതിൽ തെറ്റു വല്ലതുമുണ്ടെങ്കിൽ തിരുത്തികൊടുക്കണമെന്നു പറഞ്ഞു എന്നെയേൽപ്പിച്ചു. ഞാനൊരു പണ്ഡിതനാണെന്നു ആ പാവം തെറ്റിദ്ധരിച്ചു കാണും. അന്നും ഇന്നും കവിതയുമായി എനിക്കൊരു ബന്ധവുമില്ല'.

എന്തെങ്കിലും പറയാനുണ്ടെങ്കിൽ നേരെ ചൊവ്വേ അങ്ങു പറഞ്ഞാൽപ്പോരേ എന്ന പിന്തിരിപ്പൻ ചിന്താഗതിക്കാരനാണു ഞാൻ. എന്തിനു കടിച്ചാൽ പൊട്ടാത്ത വാക്കുകൾ അവിടെയുമിവിടെയും അടുക്കിവെച്ച് വായനക്കാരെ ബുദ്ധിമുട്ടിക്കണം?

നേഴ്സിംഗ് പഠനത്തിനായി തങ്കമണി ബോംബെക്കു പോയെന്നും അവിടെവെച്ച് ദുരൂഹസാഹചര്യത്തിൽ കൊല്ലപ്പെട്ടുവെന്നുമുള്ള ഒരു വാർത്ത പിൽക്കാലത്ത് കേട്ടിരുന്നു.

***   ***   ***

ഒരു അവധിക്കാലത്ത് ഞാൻ നാട്ടിലുള്ളപ്പോൾ ജാനകി എന്നെ കാണാൻ വന്നിരുന്നു.



"എന്തുണ്ട് ജാനകി വിശേഷം?"

'ഒന്നുമില്ല കുഞ്ഞേ! വന്നിട്ടുണ്ടെന്ന് മൂലേക്കോണിലെ ജോയിച്ചായൻ പറഞ്ഞു. എന്നാൽ ഒന്നു കണ്ടേച്ചു പോകാമെന്നു കരുതി.

"കൈയിലെന്താ ഒരു പുസ്തമിരിക്കുന്നത്?"

"ഓ-അതോ-വേദപുസ്തകമാണ്. ഞാനീയിടെ രക്ഷിക്കപ്പെട്ടപ്പോൾ തേവുപാറേ മറിയക്കുട്ടിയമ്മാമ്മ തന്നതാണ്- ഇത് എപ്പോഴും കൈയിൽ കൊണ്ടു നടക്കണമെന്നു പറഞ്ഞു".

ജാനകി എന്റെ മുന്നിൽ തറയിലിരുന്നു.

"എങ്ങനെയാണു ജാനകീ രക്ഷിക്കപ്പെട്ടത്?"

"എന്റെ പൊന്നു കുഞ്ഞേ!" പറഞ്ഞാൽ വിശ്വസിക്കില്ല. ഞാനൊരു വെള്ളിയാഴ്ചദിവസം മൈലപ്രാ പഞ്ചായത്തു പടിക്കൽവരെ പോകാൻ ഇറങ്ങിയതാണ്. മണിയാറ്റു പടിക്കൽ ഒരു പാലമരം നിൽപ്പുണ്ടല്ലോ. ആ മരച്ചുവട്ടിൽ എത്തിയപ്പോൾ പെട്ടെന്ന് എന്റെ കണ്ണിന്റെ കാഴ്ച പോയി. പെട്ടെന്ന് ഇടിമുഴങ്ങുന്നതുപോലെ ഒരു ശബ്ദം. ഞാനാകെ പേടിച്ചു പോയി. അന്നു തുടങ്ങിയതാ ഈ വിറയൽ.

'ജാനകീ, നീ പഞ്ചായത്തു പടിക്കൽ പോകണ്ടാ. ആ വളവിനു തേവുപാറ മറിയക്കുട്ടിയുടെ വീട്ടിൽ പ്രാർത്ഥന നടക്കുന്നുണ്ട്. നീ അവിടെ കയറണം. ബാക്കികാര്യം മറിയക്കുട്ടി സഹോദരി പറയും'.

പെട്ടെന്ന് എനിക്കു കാഴ്ച തിരികെ കിട്ടി. ആരോ എന്നെ പിടിച്ചുവലിച്ചു തേവുപാറ എത്തിച്ചു. അവിടെ കുറേ സഹോദരിമാർ പാട്ടുപാടി പ്രാർത്ഥിക്കുന്നുണ്ട്. സ്വർഗ്ഗത്തിൽ പോകണമെങ്കിൽ ഞാൻ രക്ഷിക്കപ്പെടണമെന്നു പറഞ്ഞു. മറിയക്കുട്ടിയമ്മാമ്മ പറഞ്ഞതൊക്കെ ഞാൻ ഏറ്റുപറഞ്ഞു. കർത്താവ് നിന്റെ പാപമെല്ലാം ക്ഷമിച്ചുവെന്നും ഇനി നീ സ്വർഗ്ഗരാജ്യത്തിനു അവകാശിയാണെന്നും പറഞ്ഞു. എന്നിട്ടു തന്നതാണ് ഈ വേദപുസ്തകം.."

"ജാനകി എന്തു പാപമാണു ചെയ്തത്?" ചില പുരോഹിതന്മാർ കുമ്പസ്സാരത്തിനിടയിൽ കിഴിഞ്ഞു ചോദിക്കുന്നതു പോലെ ഞാൻ ചോദിച്ചു.

"അതു പിന്നെ നമ്മളെല്ലാം പാപികളായിട്ടാണു ജനിച്ചതെന്നാണ് മറിയക്കുട്ടിയമ്മാമ്മ പറഞ്ഞത്."

"ജാനകി വേദപുസ്തകം വായിക്കാറുണ്ടോ?"

എന്റെ കുഞ്ഞേ! എനിക്ക് എഴുത്തും വായനയുമൊന്നും അറിയില്ല. പിന്നെ ഞാൻ എങ്ങിനെ വായിക്കുവാനാണ്.

"ആട്ടെ! സ്വർഗ്ഗത്തിൽ പോയതുകൊണ്ട് എന്താണു ഗുണം?" എന്നിലെ സാത്താൻ പത്തിവിടർത്തി.

'അവിടെ നമ്മൾക്ക് എപ്പോഴും ആനന്ദമാണ്. ദൈവത്തിന്റെ മുന്നിൽ സർവ സമയവും കൈകൊട്ടി പാട്ടുപാടിക്കൊണ്ടിരിക്കാം. പിന്നീട് നമ്മൾ ഒരിക്കലും മരിക്കില്ല. നിത്യജീവൻ പ്രാപിക്കും."

"അപ്പോൾ അവിടെ തീനും, കുടിയും, ഊണും, ഉറക്കവുമൊന്നുമില്ലേ?"

"അതിന്റെയൊന്നും ആവശ്യമില്ല എന്നാണ് മറിയക്കുട്ടിയമ്മാമ്മ പറഞ്ഞത്."



രാജു മൈലപ്ര

ഇതുപോലെ ചില മറിയക്കുട്ടിയമ്മാമ്മമാർ എല്ലാ സഭയിലുമുണ്ട്. പള്ളിയിൽ പോകും. എന്നാൽ പള്ളീലച്ചന്റെ പ്രാർത്ഥന അത്ര പോരാ എന്നു തോന്നലുകൊണ്ടാവാം ഇവർ കുറച്ചു പെണ്ണുങ്ങൾ ചേർന്ന് അച്ചനറിയാതെ ഒരു ഗ്രൂപ്പുണ്ടാക്കും. 'പ്രേയർ ലൈൻ' എന്നൊരു ഫോൺ കൂട്ടായ്മയുണ്ട്. സ്വന്തം മക്കളുടെ കുറ്റങ്ങളും കുറവുകളും ഈ ഗ്രൂപ്പിൽകൂടി വിളിച്ചു പറയും. എന്നിട്ട് വഴിതെറ്റിപ്പോയ ആ കുഞ്ഞാടുകൾക്കായി എല്ലാവരും കൂടി നെഞ്ചത്തടിച്ചു നിലവിളിച്ചു പ്രാർത്ഥിക്കും. അങ്ങനെ സ്വന്തം പിള്ളാരെ സമൂഹത്തിൽ നാറ്റിക്കും.

'നിന്റെ ദൈവമായ കർത്താവിന്റ നാമം വൃഥാ ഉപയോഗിക്കരുത്'. എന്ന തിരുവചനം പെട്ടെന്ന് ഓർമ്മ വന്നതുകൊണ്ട് ഞാൻ പിന്നീട് ജാനകിയോടു മറ്റു ചോദ്യങ്ങളൊന്നും ചോദിച്ചില്ല.

'എന്നാൽ ഞാനിറങ്ങുവാ കുഞ്ഞേ! ഇനി എന്നെങ്കിലും കണ്ടാലായി.' ജാനകി എഴുന്നേറ്റു. ഞാൻ കൊടുത്ത ചെറിയ സംഭാവന രണ്ടു കണ്ണിലും മുട്ടിച്ചിട്ട് മടിയിൽ തിരുകി.

"കുഞ്ഞിനെ ഭഗവാൻ അനുഗ്രഹിക്കും....."

"ദേവീ.... എന്നു നീട്ടി വിളിച്ചുകൊണ്ട് ജാനകി യാത്രയായി. കഴിഞ്ഞ ആഴ്ച അവർ മരിച്ചുപോയി എന്ന വാർത്ത കേട്ടു."

'പട്ടിണിയും, വിശപ്പും, ദാഹവുമൊന്നുമില്ലാത്ത ഒരു സ്വർഗ്ഗത്തിൽ അവർ ദൈവത്തിന്റെ മുന്നിൽ നാടൻ പാട്ടുകൾ പാടിക്കൊണ്ടിരിക്കുകയായിരിക്കും.'

'കുറി വരച്ചാലും - കുരിശുവരച്ചാലും  
കുമ്പിട്ടു നിസ്കരിച്ചാലും  
കാണുന്നതും കേൾക്കുന്നതും ഒന്ന്  
കരുണാമയനാം ദൈവം ഒന്ന്... ദൈവം ഒന്ന്...'

എല്ലാവർക്കും ഈസ്റ്റർ വിഷു ആശംസകൾ.!



Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase | Jumbo Loan
Refinance | Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER

Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഈസ്റ്റർ സന്ദേശം

**എൽസി ബേബി**



ലേഖിക

ക്രിസ്തുവിശ്വാസികൾ ആണ്ടുതോറും ആഘോഷിക്കുന്ന രണ്ട് പ്രധാന ഓർമ്മപ്പെരുന്നാളുകളാണ് ക്രിസ്മസും ഈസ്റ്ററും. ഏത് ഉത്സവത്തിന്റെയും പെരുന്നാളിന്റെയും അടിസ്ഥാനം ഏതെങ്കിലും ഓർമ്മകളോ സംഭവങ്ങളോ ഐതിഹ്യങ്ങളോ ആകാം. എന്തു തന്നെ ആയാലും അർത്ഥം അറിഞ്ഞും അറിയാതെയും ജനങ്ങൾ തലമുറ തലമുറകളായി ആഘോഷിക്കുകയും സന്തോഷിക്കുകയും ഉല്ലസിച്ചാനന്ദിക്കുകയും ചെയ്യുന്നു. കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും അയൽവാസികളും ഒന്നിച്ചുകൂടി സ്നേഹവും സന്തോഷവും സാന്നിദ്ധ്യവും പങ്കുവെക്കുവാൻ ഈ ആഘോഷങ്ങൾ മുഖാന്തരം തന്നെ. പക്ഷേ, തലമുറകൾ വളരുന്തോറും അവയുടെ അർത്ഥവും വ്യാപ്തിയും സന്തോഷവുമെല്ലാം കേവലം ചടങ്ങുകളും ആചാരങ്ങളുമായി മാറുന്നതിന്റെ ഫലമായി അവയുടെ മൂല്യങ്ങളും കുറഞ്ഞുപോകുന്നു എന്നതാണ് യാഥാർത്ഥ്യം.

ക്രിസ്മസിന്റെ പ്രാധാന്യം ക്രിസ്തുവിന്റെ ജനനമാകുന്നു. ക്രിസ്തു ആരാകുന്നു എന്നോ ക്രിസ്തുവിന്റെ ജനനത്തിന്റെ പ്രാധാന്യം എന്താകുന്നു എന്നോ അറിയാതെയാണ് പലരും ക്രിസ്മസ് ആഘോഷിക്കുന്നത്. പരിശുദ്ധനും പരമാധികാരിയും അമർത്ത്യനുമായ ഏകസത്യദൈവം, പാപത്തിൽ പിറന്ന്, പാപത്തിന്റെ ശിക്ഷയാകുന്ന നിത്യനരകാഗ്നിക്കു വിധിക്കപ്പെട്ട മാനവജാതിയെ രക്ഷിക്കാനായി തന്റെ സകല മഹത്വവും ഉരിഞ്ഞുവെച്ച് സ്വയം താഴ്ത്തി മനുഷ്യവേഷം ധരിച്ച് ഒരു കന്യകയിലൂടെ, പുരുഷസഹായം കൂടാതെ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കപ്പെട്ട് ഭൂജാതനായി എന്നതാകുന്നു ക്രിസ്മസ്സിന്റെ പ്രാധാന്യം. ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. യാതൊരാൾക്കും അങ്ങനെ ജനിക്കുവാൻ സാദ്ധ്യമല്ല. ക്രിസ്തുവിന്റെ ജനനോദ്ദേശ്യം തന്റെ ത്യാഗമരണത്താൽ പാപികൾക്കു പാപമോചനം നല്കി നരകശിക്ഷാ വിധിയിൽ നിന്നും രക്ഷിച്ച് മോക്ഷം നല്കുക എന്നതു മാത്രമാകുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനംതന്നെ. ഈ ക്രിസ്തുവിൽ വിശ്വസിച്ച് പാപക്ഷമ പ്രാപിച്ച് ക്രിസ്തുവിനെ അനുകരിച്ച് അനുഗമിക്കുന്നവരാകുന്നു യഥാർത്ഥ ക്രിസ്ത്യാനികൾ. അവർ ക്രിസ്മസും ഈസ്റ്ററും ആഘോഷിക്കുന്നത് ലോകപ്രകാരമല്ല, പിന്നെയോ അവരുടെ ഹൃദയങ്ങളിൽനിന്നും ഉയരുന്ന നന്ദിനിറഞ്ഞ സ്തുതിസ്തോത്ര യാഗങ്ങൾ അർപ്പിച്ചും ആരാധിച്ചുംകൊണ്ട് മാത്രമാകുന്നു. ക്രിസ്തുവിന്റെ ജനനത്തിൽ സംഭവിച്ച അത്ഭുത സംഭവങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെയുള്ള സംഭവങ്ങൾ ലോകത്തിൽ ഏതെങ്കിലും പ്രഭുക്കന്മാരുടെയോ രാജാക്കന്മാരുടെയോ കോടീശ്വരന്മാരുടെയോ ജനനത്തിൽ സംഭവിച്ചിട്ടുണ്ടോ?

ഇനി ഈസ്റ്റർ അഥവാ ഉയിർപ്പിൻ തിരുനാൾ എന്താകുന്നു എന്നറിയണ്ടേ. ക്രിസ്തു ജനിച്ചത് മരിക്കാൻ വേണ്ടി മാത്രമായിരുന്നു എന്നതാണത്ഭുതം! കാരണം, പാപികളായി ജനിച്ചു പാപികളായി ജീവിച്ചു മരിക്കുന്ന ഏവർക്കുമുള്ള മരണാനന്തര ജീവിതം നിത്യനരകാഗ്നി ആയിരിക്കും എന്നതിനും സംശയം വേണ്ട. എന്നാൽ, സ്നേഹസമ്പന്നനും കരുണാമയനുമായ ദൈവം ഒരുക്കിയ ഏക രക്ഷാമാർഗ്ഗമാകുന്നു ക്രിസ്തു. കാരണം, ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടേയും രക്തത്താലല്ല, ഒരിക്കലായിട്ടു, സ്വന്ത രക്തത്താൽ വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളൊരു വീണ്ടെടുപ്പ് സാധിച്ചു. ഇതാണ് ചുരുക്കത്തിൽ ക്രിസ്തുവിന്റെ ജനന-മരണ-പുനരുത്ഥാനത്തിലൂടെ ദൈവം പാപികളെ രക്ഷിപ്പാൻ ഒരുക്കിയ രക്ഷാമാർഗ്ഗം. മാത്രമല്ല, യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അന്നത്തെ യഹൂദപ്രമാണിയായ നിക്കോദേമോസിനോട് “വെള്ളത്താലും ആത്മാവിനാലും ജനിപ്പിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല.” നിങ്ങൾ പുതുതായി ജനിക്കണം. അതായത് ആത്മാവിനാൽ ജനിക്കണം.

പാപിയായി ജനിച്ച ഒരുവൻ യേശുക്രിസ്തുവിന്റെ യാഗമരണമായ ക്രൂശുമരണത്തിലും മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നതിലും വിശ്വസിച്ച് ദൈവത്തിങ്കലേക്ക് തിരിച്ചു വരുന്നതിനെയാണ് പുതുതായി ജനിക്കുക അഥവാ വീണ്ടും ജനിക്കുക എന്നത്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ (ക്രിസ്തുവിനെ) നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല. ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവനിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല. വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കായ്കയാൽ ന്യായവിധി-നിത്യനരക ന്യായവിധി വന്നുകഴിഞ്ഞു. ഇത് യേശുക്രിസ്തുവിന്റെ അരുളപ്പാടുകളാകുന്നു. ക്രിസ്തുവിശ്വാസികൾ ആഘോഷിക്കുന്ന ക്രിസ്മസ്സിന്റെയും ഉയിർപ്പിൻ തിരുനാളിന്റെയും (ഈസ്റ്റർ) അർത്ഥവും യാഥാർത്ഥ്യവും ഇതാകുന്നു. ഇത് ക്രിസ്ത്യാനികൾക്കു മാത്രമുള്ള ഉപദേശമല്ല. പിന്നെയോ ലോകത്തിലുള്ള, പാപികളായി പിറന്ന്, പാപത്തിൽ ജീവിക്കുന്ന ഏവർക്കുമുള്ള സുവിശേഷമാകുന്നു. ഇന്നുവരെ ഈ ദൈവസ്നേഹത്തിന്റെ പ്രാധാന്യം മനസ്സിലാകാത്ത ആരെങ്കിലും ഈ സന്ദേശം വായിക്കുന്നുണ്ടെങ്കിൽ ഇന്നുതന്നെ ദൈവം, കർത്താവായ യേശുക്രിസ്തുവിലൂടെ ഒരുക്കിയ ഈ രക്ഷാമാർഗ്ഗത്തിൽ വിശ്വസിച്ച്, അംഗീകരിച്ച് നിത്യസൗഭാഗ്യമാകുന്ന മോക്ഷമാർഗ്ഗത്തിലാകുവാൻ ദൈവാത്മാവ് നിങ്ങളെ സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. മേലുദ്ധരിച്ചിരിക്കുന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ, വിശ്വസിക്കാതെ ക്രിസ്മസും ഈസ്റ്ററും മറ്റും ആഘോഷിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. മാത്രമല്ല, ക്രിസ്തുയേശുവിലുള്ള കൃപയാലെയുള്ള വിശ്വാസത്താലല്ലാതെ വേറൊരു മോക്ഷപ്രാപ്തിയുമില്ല എന്നറിയുക, വിശ്വസിക്കുക, രക്ഷിക്കപ്പെടുക.

# FROM LOYALTY TO LEADERSHIP: EBY KURIAKOSE'S DEFINING BATTLE

**George Abraham**

Eby Kuriakose, a true home-grown son of Chengannur, has finally been given the opportunity to represent the people he has steadfastly served for over four decades. Known as a loyalist to the party and its visionary leadership, his journey reflects patience, perseverance, and quiet dedication.



He shared a particularly close bond with the late Oommen Chandy, who took a keen interest in mentoring him as a future leader. Yet, as many who were close to Chandy would attest, such proximity often came with an unspoken expectation that is to wait, endure, and remain steadfast without immediate reward. For Eby Kuriakose, that long wait has finally come to an end. His moment has arrivedand the time is now.

Eby now faces a formidable opponent in Saji Cherian, the incumbent, whose political persona has been shaped on the rough-and-tumble edges of party life within the Communist Party of India (Marxist). Cherian's rise reflects a style honed less through polish and more through persistence in the gritty realities of grassroots politics. The posters circulating against him attempt to cast him in a negative light, even as a caricature of someone who might be seen as embodying an "ends justify the means" approach.

At the same time, Eby represents a generational shift. Active in local party organization and deeply rooted in the region, he brings both familiarity and a renewed energy to the contest. His focus on local development, infrastructure, and welfare concerns aligns closely with the everyday priorities of the electorate.

Chengannur has long stood out as one of the most competitive constituencies in Kerala, marked by tight margins and shifting voter preferences. In such a landscape, candidate profile and grassroots connect often prove decisive. This context helps explain how even strong candidates in the past have faltered against Cherian, who has meticulously built and sustained a formidable local base.



In the 2021 election, Cherian reinforced that dominance with an emphatic victory margin of over 32,000 votes. This time, with the Bharatiya Janata Party fielding Gopakumar, a relatively unknown figure from outside the constituency, the contest appears largely bipolar, between Saji Cherian and Eby Kuriakose. Was it intentional by the BJP to field a weak candidate, and that question remains to be answered?

The United Democratic Front has arguably made a strategic choice by fielding Eby, projecting youthfulness and a fresh face. However, taking on the entrenched and well-oiled machinery of the Left Democratic Front within a short span of three weeks is undeniably a herculean task.

That said, a broader anti-incumbency sentiment across Kerala introduces an element of unpredictability. In a constituency like Chengannur, even a modest swing in voter sentiment can prove decisive. Whether Eby Kuriakose can harness that potential wave remains to be seen. Timing, momentum, and last mile connect will likely determine the outcome.

P.S> I want to express my gratitude to Professor Thampy Mathew from Chicago and Mr. John Varghese from Georgia for accompanying me with the Eby Kuriakose tour of the constituency.

# വനിതാസംവരണം നടപ്പാക്കുമെന്ന് മോദി

തിരുവല്ല: നിയമസഭ, പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ 33 ശതമാനം സംവരണം നടപ്പിലാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തിരുവല്ലയിലെ എൻഡിഎ പ്രചാരണ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ലോക്സഭാ സീറ്റുകളുടെ എണ്ണം കുറയില്ല. 2029-ൽ നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ വനിതാസംവരണം നടപ്പിലാക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. 16, 17, 18 തീയതികളിൽ ഇതുമായി ബന്ധപ്പെട്ടു ചർച്ച നടക്കുന്നുണ്ട്.

ജനസംഖ്യ അടിസ്ഥാനത്തിൽ സീറ്റ് കുറയ്ക്കുമെന്നത് വ്യാജപ്രചാരണമാണ്. ഒരു സംസ്ഥാനത്തെയും സീറ്റ് കുറയ്ക്കില്ല. എല്ലാവരേയും ചർച്ചയ്ക്കു വിളിച്ചിട്ടുണ്ട്. ഏകകണ്ഠമായി നിയമം പാസാക്കാൻ രാജ്യത്തെ എല്ലാ കക്ഷികളോടും അഭ്യർത്ഥിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

കേരളത്തിലെ യുവാക്കൾ നാടുവിടുകയാണ്. ഇവിടെ തൊഴിൽ സംരംഭങ്ങൾ ഇല്ലെന്നതാണ് പ്രധാന കാരണം. സേവനമേഖലകളും വ്യവസായ മേഖലകളും പുതുതായി കേരളത്തിലേക്കു വരുന്നില്ല. അഴിമതിയുടെയും വർഗീയതയുടെയും മതിലുകൾ തകർക്കാതെ കേരളത്തിന്റെ വികസനം സാദ്ധ്യമാകില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. വരാൻ പോകുന്ന തെരഞ്ഞെടുപ്പിലൂടെ കേരളത്തിൽ ആദ്യമായി ദേശീയ ജനാധിപത്യ സഖ്യം വിജയിക്കും.




## കാഫിർ സ്ക്രീൻഷോട്ട് കേസ് അവസാനിപ്പിച്ചു

വടകര: വിവാദമായ കാഫിർ സ്ക്രീൻഷോട്ട് കേസ് പ്രതികളിലേക്കെത്താൻ കഴിയാത്ത സാഹചര്യത്തിൽ അവസാനിപ്പിച്ച് പോലീസ് വടകര ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ റിപ്പോർട്ട് നൽകി. എന്നാൽ, താത്കാലികമായാണ് കേസ് അവസാനിപ്പിച്ചതെന്ന് പോലീസ് വ്യക്തമാക്കി. സ്ക്രീൻഷോട്ട് സന്ദേശം ആര് സൃഷ്ടിച്ചുവെന്ന ഫോൺ ഫോറൻസിക് റിപ്പോർട്ട് വരാനുണ്ട്. കിട്ടുന്നമുറയ്ക്ക് വീണ്ടും കോടതിയിൽ അപേക്ഷ നൽകി കേസ് പുനരന്വേഷണത്തിനെടുക്കാമെന്നാണ് വിശദീകരണം.

2024 ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തലേദിവസം വടകരയിലെ എൽഡിഎഫ് സ്ഥാനാർത്ഥി കെ.കെ. ശൈലജയ്ക്കെതിരെ കാഫിർ സന്ദേശം സൃഷ്ടിച്ചുവെന്നാരോപിച്ച് എൽഡിഎഫ് തെരഞ്ഞെടുപ്പ് കമ്മിറ്റി നൽകിയ പരാതിയിൽ എം.എസ്.എഫ് നേതാവ് മുഹമ്മദ് കാസിമിന്റെ പേരിൽ കേസെടുത്തിരുന്നു. എന്നാൽ തന്റെ പേരിൽ വ്യാജമായി ഉണ്ടാക്കിയ സന്ദേശമാണെന്ന് കാണിച്ച് കാസിമും പരാതി നൽകി. കാസിമിന്റെ പങ്ക് തെളിയിക്കപ്പെട്ടിട്ടില്ലെന്ന് പിന്നീട് ഹൈക്കോടതി ചൂണ്ടിക്കാട്ടിയിരുന്നു. അന്വേഷണം ഉടൻ പൂർത്തിയാക്കണമെന്ന് 2024 ഡിസംബറിൽ കോടതി പറഞ്ഞിരുന്നെങ്കിലും തീർന്നില്ല.

## സിഎപിഎഫ് ബിൽ പാസാക്കി

ന്യൂഡൽഹി: സിആർപിഎഫ്, ബിഎസ്എഫ്, ഇന്തോ-ടിബറ്റൻ ബോർഡർ പോലീസ്, സശസ്ത്ര സീമബൽ എന്നീ കേന്ദ്ര സായുധസേനകളിലേക്കുള്ള നിയമനങ്ങളും ഡെപ്യൂട്ടേഷനും സ്ഥാനക്കയറ്റവും ക്രമീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ അവതരിപ്പിച്ച സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (ജനറൽ അഡ്മിനിസ്ട്രേഷൻ) ബിൽ ലോക്സഭ പാസാക്കി. സ്റ്റാൻഡിംഗ് കമ്മിറ്റിക്കു വിടണമെന്ന പ്രതിപക്ഷ ആവശ്യം തള്ളിയാണ് ഇരുസഭകളും ശബ്ദവോട്ടോടെ ബിൽ പാസാക്കിയത്.

കേന്ദ്രസേനകളിലെ ഐജിയോ അതിനുമുകളിലോ ഉള്ള തസ്തികകളിലേക്ക് ഇന്ത്യൻ പോലീസ് സേനയിൽനിന്ന് 50 ശതമാനം പേരെയും അഡീഷണൽ ഡയറക്ടർ ജനറൽ തസ്തികകളിലേക്ക് കുറഞ്ഞത് 67 ശതമാനം പേരെയും സ്പെഷൽ ഡയറക്ടർ ജനറൽ, ഡയറക്ടർ ജനറൽ തസ്തികകളിലേക്കുള്ള നിയമനം പൂർണമായും ഡെപ്യൂട്ടേഷൻ വഴിയായിരിക്കണമെന്നുമാണ് ബില്ലിലെ വ്യവസ്ഥ. ഐപിഎസ് ഉദ്യോഗസ്ഥർക്കു മേധാവിത്വമുള്ള ഈ സംവിധാനം സേനയ്ക്കുള്ളിൽനിന്നുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റ സാധ്യതകളെ ഇല്ലാതാക്കുമെന്ന് ലോക്സഭയിൽ പ്രതിപക്ഷാംഗങ്ങൾ ചൂണ്ടിക്കാട്ടിയെങ്കിലും സർക്കാർ വഴങ്ങിയില്ല.

## യുപിഐ ഇടപാടിൽ സർവകാല റിക്കാർഡ്

പരവൂർ: രാജ്യത്തെ ഡിജിറ്റൽ പണമിടപാട് ചരിത്രത്തിൽ പുതിയ നാഴികക്കല്ല് പിന്നിട്ട് യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ). 2026 മാർച്ചിൽ എക്കാലത്തെയും ഉയർന്ന ഇടപാട് മൂല്യമായ 29.52 ലക്ഷം കോടി രൂപ യുപിഐ വഴി കൈമാറ്റം ചെയ്യപ്പെട്ടതായി നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

ഫെബ്രുവരിയിലെ 28.84 ലക്ഷം കോടി രൂപയിൽ നിന്നാണ് ഈ കുതിച്ചു ചാട്ടം. ഇടപാടുകളുടെ എണ്ണത്തിലും വലിയ വർദ്ധനയുണ്ടായി. മാർച്ചിൽ മാത്രം 22.54 ബില്യൺ ഇടപാടുകളാണ് നടന്നത്. മുൻ മാസത്തെ അപേക്ഷിച്ച് മൂല്യത്തിൽ 10 ശതമാനവും എണ്ണത്തിൽ 11 ശതമാനവും വളർച്ചയാണ് രേഖപ്പെടുത്തിയത്. 2016-ൽ യുപിഐ ആരംഭിച്ചതിനു ശേഷമുള്ള ഏറ്റവും മികച്ച പ്രകടനമാണിത്.

2025-26 സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ യുപിഐയുടെ ആധിപത്യം കൂടുതൽ വ്യക്തമാകുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം ആകെ 314.23 ലക്ഷം കോടിയുടെ ഇടപാടുകളാണ് നടന്നത്. മുൻവർഷത്തെ അപേക്ഷിച്ച് മൂല്യത്തിൽ 21 ശതമാനവും ഇടപാടുകളുടെ എണ്ണത്തിൽ 30 ശതമാനവും വാർഷിക വളർച്ച കൈവരിക്കാൻ സാധിച്ചു. പ്രതിദിന ഇടപാടുകളുടെ എണ്ണത്തിലും വർദ്ധനയാണുണ്ടായിരിക്കുന്നത്. മാർച്ചിലെ കണക്കുകൾ പ്രകാരം പ്രതിദിനം ശരാശരി 72.03 കോടി ഇടപാടുകൾ നടക്കുന്നുണ്ട്. മുൻവർഷം ഇത് 59 കോടിയായിരുന്നു.

നഗരപ്രദേശങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിലും ചെറിയ പട്ടണങ്ങളിലും യുപിഐ പണമിടപാടുകൾ സാധാരണക്കാരന്റെ ജീവിതത്തിന്റെ ഭാഗമായി മാറിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സുരക്ഷിതവും മികച്ച സാങ്കേതിക സൗകര്യങ്ങളും യുപിഐ പ്ലാറ്റ്ഫോമിനോടുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചതാണ് നേട്ടത്തിനു പ്രധാന കാരണം.

## സിനു സി. ശാമുവേൽ അന്തരിച്ചു




ഹൂസ്റ്റൺ: മാവേലിക്കര പൈനുംമൂട് ജോൺസൻ വില്ലയിൽ ശാമുവേൽ ജോണിന്റെയും സിസിലിക്കുട്ടി ശാമുവേലിന്റെയും മകൾ സിനു സി. ശാമുവേൽ (49) അന്തരിച്ചു. ഉപരിപഠനാർത്ഥം 2000-ൽ അമേരിക്കയിലെത്തിയ സിനു മാവേലിക്കര ബിഷപ് മൂർ വിദ്യാപീഠം, ബഥനി ബാലികാമഠം എന്നിവിടങ്ങളിലെ പഠനത്തിനുശേഷം പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്നും ബിരുദമെടുത്തു. തുടർന്ന് കോയമ്പത്തൂർ, കൊടൈക്കനാൽ കോളജുകളിൽ നിന്ന് എം.എയും എം. ഫിലും നേടി. അമേരിക്കയിലെത്തിയശേഷം പബ്ലിക് ഹെൽത്ത് അഡ്മിനിസ്ട്രേഷനിലും ഫാമിലി കൗൺസിലിങ്ങിലും മാസ്റ്റേഴ്സ് ബിരുദവും നേടി. കുടുംബമായി ന്യൂയോർക്ക്, കണക്ടിക്കട്ട്, ചിക്കാഗോ തുടങ്ങിയ നഗരങ്ങളിൽ ജോലി ചെയ്തുവരികയായിരുന്നു. ഭർത്താവ് നരേന്ദർ റെഡ്ഡി (റെയ്). മക്കൾ: നേഹ, ജയ്. ഹൂസ്റ്റൺ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് വികാരി റവ.ഫാ. രാജേഷ് കെ. ജോൺ സഹോദരീഭർത്താവാണ്.

പൊതുദർശനം ഏപ്രിൽ 5-ന് നടത്തി. സംസ്കാര ശുശ്രൂഷകൾ 6-ന് തിങ്കളാഴ്ച രാവിലെ 8.30 മുതൽ 10.30 വരെ (St. Mary's Malankara Orthodox Church, 9915 Belknap Road, Sugar Land Tx 77498) നടത്തുന്നതും തുടർന്ന് 12 മണിക്ക് സൗത്ത് പാർക്ക് സെമിത്തേരിയിൽ (South Park Funeral Home & Cemetery, 1310 N Main St, Pearland TX 77581) മൃതദേഹം സംസ്കരിക്കുന്നതുമാണ്. Funeral Link: https://www.Youtube.com/live/bQvfRg42Fy?si=2SyvgTqEL8Vc89yu

Cemetery Link: https://www.Youtube.com/live/WOzPiYvYqgA?si=7peVMJfzc9lB9lg

## ഓടി ഒളിച്ചു



ജെയിംസ് ചെട്ടിയാത്ത്

ചൂളമടിച്ചില്ലേ-ചൂളമടിച്ചില്ലേ
തേൻമാവിൻ ചോട്ടിലിരുന്നു ചൂളമടിച്ചില്ലേ
ആടി ഉലയുന്ന തേൻമാവിൽ നിന്നു
ചക്കര മാങ്ങ താഴെ വീണപ്പോൾ
ആരും അറിയാതെ പാവാടയ്ക്കുള്ളിൽ
ഒളിച്ചു വെച്ചില്ലേ-നീ-ഒളിച്ചു വെച്ചില്ലേ
കാതുകുത്തുവാൻ കണിയാൻ വന്നപ്പോൾ
ഓടി ഒളിച്ചില്ലേ നീ-ഓടി ഒളിച്ചില്ലേ
കള്ളനും പോലീസും കളിക്കണ നേരത്തു
ഓടി ഒളിച്ചില്ലേ-നീ മെഴുകിയ കൊട്ടയിൽ ഓടി ഒളിച്ചില്ലേ
തട്ടുംപുറത്തെ വാഴക്കുലയിൽ നിന്നു ഉരിഞ്ഞെടുത്തില്ലേ
പൂവൻപഴം ആരും അറിയാതെ ഉരിഞ്ഞെടുത്തില്ലേ
കപ്പക്കാലായിൽ ഉപ്പുകൂൺ പറിച്ചപ്പോൾ
എന്തിന് എന്നെ നീ കൊഞ്ചനം കാട്ടി
മാനം തെളിയുന്നു മഴക്കാറു മാറുന്നു
സാറ്റു കളിക്കാൻ-നീ പോരുന്നോ എൻകൂടെ
പാവാടപ്രായത്തിൽ നിന്നെ ഞാൻ കണ്ടപ്പോൾ
ഓടി ഒളിച്ചില്ലേ-മുഖം-മറച്ചു ഓടി ഒളിച്ചില്ലേ
ഹാഫ്സാരി ചുറ്റുന്ന പ്രായം അടുത്തപ്പോൾ
നാണം എന്താണെന്നു അറിഞ്ഞു തുടങ്ങിയേ
മഞ്ഞ പാവാടയും മഞ്ഞസാരികളും
എന്തൊരു അഴകാണ് നിന്നുടെ മേനിക്ക്

# സമാധാനമാർഗ്ഗം സ്വീകരിക്കാൻ മാർപാപ്പയുടെ ആഹ്വാനം

വത്തിക്കാൻ സിറ്റി: യുദ്ധക്കൊതിയുള്ള ലോകനേതാക്കൾ ആയുധം വെടിഞ്ഞ് സമാധാനത്തിന്റെ പാത തെരഞ്ഞെടുക്കണമെന്ന് ഈസ്റ്റർ സന്ദേശത്തിൽ ലെയോ പതിനാലാമൻ മാർപാപ്പയുടെ അഭ്യർത്ഥന.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ഈസ്റ്റർദിനത്തിൽ നടന്ന തടിച്ചുകൂടിയ വിശ്വാസികൾക്കു മുമ്പാകെയാണ് യുദ്ധം നടത്തുന്നവർക്കുള്ള പ്രത്യേക സന്ദേശമായി മാർപാപ്പയുടെ വാക്കുകൾ.

അക്രമം വളരെ സാധാരണമായ ഒന്നായി മാറിയിരിക്കുന്നു. അതൊരു വലിയ കാര്യമായി തോന്നാത്ത അവസ്ഥയിലേക്ക് എല്ലാവരും പൊരുത്തപ്പെട്ടു. ആയുധം കൈയിലുള്ളവർ അത് താഴെയിടട്ടെ. യുദ്ധം നടത്തുന്നവർ സമാധാനം തെരഞ്ഞെടുക്കട്ടെ. നേതാക്കളെയോ യുദ്ധങ്ങളെയോ പേരെടുത്തു സൂചിപ്പിക്കാതെ യുഎസുകാരനായ മാർപാപ്പ പറഞ്ഞു.

ക്രിസ്തു കുരിശുമരണത്തെ ചെറുത്തില്ല. അത് ഏറ്റുവാങ്ങി. മൂന്നു ദിനം കഴിഞ്ഞ് ഉയിർത്തെഴുന്നേറ്റു. ക്രിസ്തുവിന്റേത് അഹിംസയുടെ പാതയായിരുന്നു. ഈസ്റ്ററിന്റെ ഈ ആഘോഷവേളയിൽ ഏറ്റുമുട്ടലിനും അധികാരത്തിനും വേണ്ടിയുള്ള എല്ലാ ആഗ്രഹങ്ങളെയും ഉപേക്ഷിക്കാനും മാർപാപ്പ ആഹ്വാനം ചെയ്തു.

ലാറ്റിൻ, അറബിക്, ചൈനീസ് ഉൾപ്പെടെ പത്ത് ഭാഷകളിലായിരുന്നു മാർപാപ്പയുടെ ഈസ്റ്റർ സന്ദേശം. മാർപാപ്പ ആയ ശേഷമുള്ള ആദ്യ ഈസ്റ്ററാണിത്.



# കൃഷ്ണലാൽ ഇനി അരുണിലൂടെ ജീവിക്കും

കോട്ടയം: മസ്തിഷ്കമരണം സംഭവിച്ച തിരുവനന്തപുരം സ്വദേശി കൃഷ്ണലാലിന്റെ ഹൃദയം കോട്ടയം കുമരകം സ്വദേശിയായ അരുണിൽ തുടിക്കും. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലാണ് ഹൃദയമാറ്റ ശസ്ത്രക്രിയ നടന്നത്.



കൃഷ്ണലാലിന്റെ ഹൃദയം ഹെലികോപ്റ്ററിൽ കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽ എത്തിച്ചപ്പോൾ.

ഹൃദയ വാൽവിനു ഗുരുതര തകരാർ സംഭവിച്ച കുമരകം കുന്നത്തുകളത്തിൽ അരുൺ ഷാജിയെ രക്ഷിക്കാൻ ഹൃദയമാറ്റ ശസ്ത്രക്രിയ അല്ലാതെ മറ്റ് വഴിയില്ലെന്നു ഡോക്ടർമാർ നിർദേശിച്ചിരുന്നു.

1987-ലാണ് അരുണിന് ഹൃദയവാൽവുകൾ തകരാറിലാക്കുന്ന റുമാറ്റിക് ഹാർട്ട് ഡിസീസ് കണ്ടെത്തിയത്. 2006-ൽ അസുഖം മൂർഛിച്ചതിനെത്തുടർന്ന് മൈട്രൽ വാൽവ് റിപ്പയർ ശസ്ത്രക്രിയ വേണ്ടിവന്നു. 2012-ൽ വീണ്ടും ശസ്ത്രക്രിയയിലൂടെ മൈട്രൽ വാൽവ് മാറ്റി കൃത്രിമ വാൽവ് ഘടിപ്പിച്ചു. രണ്ട് ശസ്ത്രക്രിയകൾക്കുശേഷവും ഹൃദയഭിത്തിയുടെ വലിപ്പം കൂടുകയും ആരോഗ്യനില അതീവഗുരുതരമാവുകയും ചെയ്തു. ഇതോടെയാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നിർദേശിക്കപ്പെട്ടത്.

അരുണിനുവേണ്ടി നാട് ഒന്നിച്ചാണ് ശസ്ത്രക്രിയയ്ക്കു പണം കണ്ടെത്തിയത്. വാഹനാപകടത്തിൽ മസ്തിഷ്കമരണം സംഭവിച്ച തിരുവനന്തപുരം സ്വദേശി കൃഷ്ണലാലിന്റെ കുടുംബം അവയവദാനത്തിനു തയാറായപ്പോൾ അത് അരുണിന് അനുഗ്രഹമായി.

എയർ ആംബുലൻസിൽ ഹൃദയം ഏപ്രിൽ അഞ്ചിന് ഉച്ചകഴിഞ്ഞ് 2.56-ന് കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽ എത്തിച്ചശേഷം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു കൊണ്ടുപോയി.

ഗതാഗത തടസമുണ്ടാകാതിരിക്കാൻ ഗ്രീൻ ചാനൽ ഒരുക്കി ഹൃദ്രോഗ വിദഗ്ധൻ ഡോ. ടി.കെ. ജയകുമാറിന്റെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.

# തോല്പിക്കാൻ അഭ്യർഥിച്ചു സ്ഥാനാർത്ഥിയുടെ പോസ്റ്റർ

കോട്ടയം: നിയമസഭാ തെരഞ്ഞെടുപ്പിൽ തന്നെ തോല്പിക്കാൻ വോട്ടർമാരോട് അഭ്യർത്ഥിച്ച് ഒരു സ്വതന്ത്ര സ്ഥാനാർത്ഥി. പാലാ നിയമസഭാ മണ്ഡലത്തിൽ മത്സരിക്കുന്ന സന്തോഷ് പുളിക്കനാണ് തന്നെ തോല്പിക്കണമെന്ന് അഭ്യർത്ഥിച്ച് പാലാ മണ്ഡലത്തിലുടനീളം ഫ്ളക്സുകൾ സ്ഥാപിച്ചിരിക്കുന്നത്.

പാലാ സിവിൽ സ്റ്റേഷനു മുന്നിലെ ഓട്ടോറിക്ഷാ ഡ്രൈവറും കരൂർ സ്വദേശിയുമായ സന്തോഷ് പുളിക്ക (38) ന്റെ ഒൻപതാം മത്സരമാണ് പാലായിലേത്. ലോക്സഭ, നിയമസഭ, തദ്ദേശ തെരഞ്ഞെടുപ്പ്, ബാങ്ക് തെരഞ്ഞെടുപ്പുകളിലായി എട്ടു തവണ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. തന്നെ അംഗീകരിക്കാത്ത വോട്ടർമാരോടുള്ള പ്രതിഷേധത്തിന്റെ ഭാഗമായിട്ടാണ് തോല്പിക്കണമെന്ന് അഭ്യർത്ഥിച്ച് ഫ്ളക്സ് സ്ഥാപിച്ചതെന്ന് സന്തോഷ് പുളിക്കൻ പറയുന്നു.

ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ വയനാട്ടിൽ പ്രിയങ്കാ ഗാന്ധിക്കെതിരെ മത്സരിച്ച് 1400 വോട്ടുകൾ നേടിയിരുന്നു. ഇതു സ്വതന്ത്ര സ്ഥാനാർത്ഥികളിൽ ഒന്നാം സ്ഥാനവും ദേശീയതലത്തിൽ നാലാം സ്ഥാനവുമാണ്. കോവിഡ് കാലത്ത് 118 ദിവസം വോളണ്ടിയറായി സേവനം ചെയ്തിട്ടും തന്റെ പ്രവൃത്തികൾ അംഗീകരിക്കാൻ ആരും തയ്യാറായിട്ടില്ലെന്നും സന്തോഷ് പറഞ്ഞു.

# ആശുപത്രിക്കിടക്കയിൽനിന്ന് കതിർമണ്ഡപത്തിലേക്ക്

കൊച്ചി: ശസ്ത്രക്രിയക്ക് ശേഷം ചികിത്സയിലിരിക്കുന്ന യുവതിക്ക് വരൻ ആശുപത്രിയിൽ താലിചാർത്തി. ഗ്യാസ്ട്രോ സംബന്ധമായ ശസ്ത്രക്രിയ കഴിഞ്ഞ് ചികിത്സയിലിരുന്ന ഓച്ചിറ സൗത്ത് കൊച്ചുമുറി എടയത്ത് പ്രഹ്ളാദന്റെയും രമാദേവിയുടെയും മകൾ ദിയ ജി. പ്രഹ്ലാദിന് (26) കായംകുളം ഗോവിന്ദമുട്ടം പുത്തൻകണ്ടത്തിൽ പരേതനായ ഡി. ജയൻ, അനിത ദമ്പതികളുടെ മകൻ ജിതിൻ ജയനാണ് താലിചാർത്തിയത്.



വിപിഎസ് ലേക്ക് ഷോർ ആശുപത്രിയിലെ ക്ഷേത്രത്തിൽ ഏപ്രിൽ രണ്ടിന് രാവിലെ 10.30-നും 11-നും ഇടയിലുള്ള മുഹൂർത്തത്തിലായിരുന്നു വിവാഹം. ഇരുവരുടെയും വിവാഹം മാസങ്ങൾക്ക് മുമ്പേ നിശ്ചയിച്ചതായിരുന്നു. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് വയറുവേദന അനുഭവപ്പെട്ട് ദിയ ചികിത്സ തേടിയത്. തുടർന്ന് അടിയന്തര ശസ്ത്രക്രിയ ആവശ്യമായി വന്നു. ഇതിനോടകം വിവാഹത്തിനുള്ള ഒരുക്കങ്ങൾ ബന്ധുക്കൾ പൂർത്തീകരിച്ചിരുന്നു.

അതിനാൽ നിശ്ചയിച്ച ദിവസംതന്നെ വിവാഹം നടത്താൻ കുടുംബം തീരുമാനിച്ചു. യാത്രയ്ക്ക് ദിയയുടെ നിലവിലെ ആരോഗ്യസ്ഥിതി അനുവദിക്കാത്ത സാഹചര്യത്തിൽ ആശുപത്രിയിൽതന്നെ വിവാഹം നടത്തുകയായിരുന്നു. ആശുപത്രി എംഡി എസ്.കെ. അബ്ദുള്ള, സിഇഒ ജയേഷ് വി. നായർ, ഗ്രൂപ്പ് സിഇഒ ലക്ഷ്മൺ സേതുരാമൻ എന്നിവരും സന്നിഹിതരായിരുന്നു. അതേസമയം, കായംകുളം ദേവികുളങ്ങര ഓഡിറ്റോറിയത്തിൽ മറ്റ് ബന്ധുക്കളും നാട്ടുകാരും സുഹൃത്തുക്കളും ചേർന്ന് വിവാഹ സൽക്കാര പരിപാടികളും നടത്തി.

സൗദി അറേബ്യയിൽ ഹെൽത്ത് ആൻഡ് സേഫ്റ്റി ഓഫീസറാണ് ജിതിൻ. എം.എ. ഇംഗ്ലീഷ് കഴിഞ്ഞ് തുടർപഠനത്തിനായി തയ്യാറെടുക്കുകയാണ് ദിയ.

വിവാഹ ദിനത്തിൽ അപകടത്തിൽപെട്ട ആലപ്പുഴ സ്വദേശി ആവണിയെ വരൻ ഷാരോൺ ലേക്ഷോറിലെ അത്യാഹിത വിഭാഗത്തിൽ താലിചാർത്തിയത് കഴിഞ്ഞ നവംബറിലായിരുന്നു.

# ആന്ധ്രാപ്രദേശിന്റെ പുനഃസംഘടനാ ഭേദഗതി ബിൽ പാസാക്കി

ന്യൂഡൽഹി: ആന്ധ്രാപ്രദേശിന്റെ തലസ്ഥാനമായി അമരാവതിയെ അംഗീകരിച്ചുകൊണ്ടുള്ള ആന്ധ്രാപ്രദേശ് പുനഃസംഘടനാ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. കോൺഗ്രസും ഭരണപക്ഷവും ബില്ലിനെ പിന്തുണച്ചതോടെ ശബ്ദവോട്ടോടെയാണു ബിൽ പാസാക്കിയത്. രണ്ടു മണിക്കൂറാണ് ബില്ലിന്മേലുള്ള ചർച്ചയ്ക്കു സ്പീക്കർ അനുമതി നൽകിയത്. 2024 ജൂൺ രണ്ടുമുതൽ മുൻകാലപ്രാബല്യത്തോടെയാണ് അമരാവതിയെ തലസ്ഥാനമായി നിയമപരമായി അംഗീകരിച്ചിരിക്കുന്നത്. നിയമ ഭേദഗതി അമരാവതിയെ തലസ്ഥാനമായി വികസിപ്പിക്കുന്നതിന് കൃത്യമായ രൂപം നൽകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു വ്യക്തമാക്കി.

ഏകതലസ്ഥാനമെന്ന തീരുമാനം ഭരണപരമായും സാമ്പത്തികമായും ഗുണംചെയ്യുമെന്നും നിരവധി നിക്ഷേപങ്ങൾക്ക് അവസരമൊരുക്കുമെന്നും കോൺഗ്രസ് അംഗം മാണിക്കം ടാഗോർ വ്യക്തമാക്കി. ബില്ലിനെ പിന്തുണച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. അതേസമയം, വൈഎസ്ആർ കോൺഗ്രസ് ബില്ലിനെ ശക്തമായി എതിർത്തു. അമരാവതിക്കായി ഭൂമി നൽകിയ കർഷകർക്കു നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ചും പദ്ധതിക്കാവശ്യമായ ഫണ്ടിനെക്കുറിച്ചും ബില്ലിൽ വ്യക്തതയില്ലെന്ന് പാർട്ടി അംഗം പി.വി. മിഥുൻ റെഡ്ഡി ചൂണ്ടിക്കാട്ടി.

# ഇന്ത്യക്ക് പ്രതിരോധ കയറ്റുമതിയിൽ നേട്ടം

ന്യൂഡൽഹി: കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യം 38,424 കോടി രൂപയുടെ പ്രതിരോധ കയറ്റുമതി നടത്തിയതായി കേന്ദ്ര പ്രതിരോധ മന്ത്രാലയം. മുൻ വർഷത്തെ അപേക്ഷിച്ച് 62.66 ശതമാനം വർധന പ്രതിരോധ കയറ്റുമതിയിൽ നേടിയതായും മന്ത്രാലയം അവകാശപ്പെട്ടു.

2024–25 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 14802 കോടി രൂപയുടെ പ്രതിരോധ കയറ്റുമതിയാണ് കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയത്.

പ്രതിരോധ കയറ്റുമതിയിൽ സർവകാല നേട്ടമാണിത്. ആകെ കയറ്റുമതിയുടെ 54.84 ശതമാനം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 45.16 ശതമാനം സ്വകാര്യ മേഖലയിൽനിന്നുമാണെന്ന് സർക്കാർ വ്യക്തമാക്കി.

മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പ്രതിരോധ വസ്തുക്കൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം 128-ൽ നിന്ന് 145 ആയി ഉയർന്നു. 2024-ൽ 35,000 കോടി രൂപയുടെ പ്രതിരോധ കയറ്റുമതി ലക്ഷ്യമിട്ടിരുന്ന സ്ഥാനത്താണ് 38424 കോടി രൂപയുടെ കയറ്റുമതി സാധ്യമായതെന്നും പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി.

അതേസമയം, ഈ അവകാശവാദങ്ങൾക്കിടയിലും പ്രതിരോധ മേഖലയിൽ ഏറ്റവുമധികം ഇറക്കുമതി നടത്തുന്ന രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്.

2021 മുതൽ 2025 വരെയുള്ള കണക്കുകൾ പ്രകാരം ആഗോള ഇറക്കുമതിയുടെ 8.3 ശതമാനവും ഇന്ത്യയാണു നടത്തുന്നത്.

# മകന്റെ അസുഖം മാറാൻ മകളെ നരബലി നല്കി അമ്മ

ഹസാരബാഗ്: മകന്റെ അസുഖം മാറാൻ പതിമൂന്നു വയസ്സുള്ള മകളെ നരബലി നല്കി അമ്മ. ഝാർഖണ്ഡിലെ ഹസാരിബാഗിലാണ് ഞെട്ടിക്കുന്ന ഈ സംഭവം അരങ്ങേറിയത്. കുട്ടിയുടെ അമ്മ രേഷ്മി ദേവി (35), മന്ത്രവാദിനി ശാന്തി ദേവി (55), ഭീംറാം (40) എന്നിവർ അറസ്റ്റിലായി. ഇവർ എല്ലാവരും ഒരേ ഗ്രാമക്കാരാണ്.

ഇളയ ആൺകുട്ടിക്ക് മാനസികവും ശാരീരികവുമായ രോഗമുണ്ടായിരുന്നു. ഇതു മാറാൻ കന്യകയെ ബലി കൊടുക്കണമെന്ന് മന്ത്രവാദിനി നിർദേശിച്ചു.

മാർച്ച് 24-ന് അഷ്ടമി ദിനത്തിൽ ഗ്രാമമൊന്നാകെ ആഘോഷത്തിലായിരിക്കെയാണ് ശാന്തി ദേവിയുടെ വീട്ടിൽ വെച്ച് പെൺകുട്ടിയെ അമ്മയും ഭീം റാമും കഴുത്തു ഞെരിച്ചു കൊന്നത്.

പെൺകുട്ടിയുടെ സ്വകാര്യ ഭാഗത്ത് മന്ത്രവാദിനി വടി കയറ്റി. ഭീം റാം പെൺകുട്ടിയുടെ തല തകർത്ത് രക്തം ശേഖരിച്ചു. മൂവരും ചേർന്ന് മൃതദേഹം തോട്ടത്തിൽ സംസ്കരിച്ചു.

## പരസ്യപ്രചാരണം കഴിഞ്ഞ് 48 മണിക്കൂറിൽ ടിവി പ്രചാരണം പാടില്ല

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പു നടക്കുന്ന ഇടങ്ങളിൽ പരസ്യപ്രചാരണം അവസാനിച്ചശേഷമുള്ള 48 മണിക്കൂറിൽ ടിവി, റേഡിയോ, കേബിൾ നെറ്റ്‌വർക്ക് വഴി പ്രചാരണങ്ങൾ പാടില്ലെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.

ഏപ്രിൽ 29-ന് പശ്ചിമബംഗാളിൽ അവസാനഘട്ട വോട്ടെടുപ്പ് പൂർത്തിയായശേഷമേ കേരളമുൾപ്പെടെ എല്ലായിടത്തെയും എക്സിറ്റ് പോളുകൾ പുറത്തുവിടാൻ പാടുള്ളൂവെന്നും കമ്മീഷൻ ഉത്തരവിട്ടു.

ഇലക്ട്രോണിക്, അച്ചടി മാധ്യമങ്ങൾക്ക് ഉത്തരവ് ബാധകമാണ്.

കേരളത്തിൽ പരസ്യപ്രചാരണം അവസാനിക്കുന്നത് ഏഴിന് വൈകിട്ട് ആറുമണിക്കാണ്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 92.94 |
| യൂറോ | 107.29 |
| സ്റ്റെർലിംഗ്പൗണ്ട് | 123.19 |
| സ്വിസ് ഫ്രാങ്ക് | 116.28 |
| സിംഗപ്പൂർ ഡോളർ | 72.33 |
| കനേഡിയൻ ഡോളർ | 66.84 |
| ഒമാൻ റിയാൽ | 241.61 |
| ബഹ്റൈൻ ദിനാർ | 246.05 |
| സൗദി റിയാൽ | 24.75 |
| യു.എ.ഇ. ദിർഹം | 25.29 |
| കുവൈത്ത് ദിനാർ | 300.37 |

# മൾവൻ ഇന്ത്യൻ നാവികസേനയ്ക്കു സ്വന്തം



കൊച്ചി കപ്പൽശാല രൂപകൽപന ചെയ്തു നിർമിച്ച അന്തർവാഹിനി വേധ കപ്പലായ മൾവൻ ഇന്ത്യൻ നാവികസേനയ്ക്കു കൈമാറിയപ്പോൾ.

കൊച്ചി: കൊച്ചി കപ്പൽശാല തദ്ദേശീയമായി രൂപകൽപന ചെയ്തു നിർമിക്കുന്ന എട്ട് അന്തർവാഹിനി വേധ കപ്പലുകളിൽ രണ്ടാമത്തേതായ മൾവൻ ഇന്ത്യൻ നാവിക സേനയ്ക്കു കൈമാറി. 80 മീറ്റർ നീളവും 1100 ടൺ ഭാരവുമുള്ള കപ്പൽ വാട്ടർജെറ്റ് സാങ്കേതികവിദ്യയിലാണു പ്രവർത്തിക്കുന്നത്.

ടോർപ്പിഡോകൾ, മൾട്ടി ഫംഗ്ഷണൽ ആന്റി സബ് മറൈൻ റോക്കറ്റുകൾ എന്നി ഇതിലുണ്ട്. അത്യാധുനിക സോണാർ സിസ്റ്റം, റഡാറുകൾ, സെൻസറുകൾ, കടലിനടിയിലുള്ള നിരീക്ഷണം, കുറഞ്ഞ തീവ്രതയുള്ള സമുദ്ര പ്രവർത്തനങ്ങൾ, മൈൻ വാർഫെയർ ദൈത്യങ്ങൾ എന്നിവയും മൾവന്റെ പ്രത്യേകതയാണ്. ഡെലിവർ പ്രോട്ടോകോൾ ഡയറക്ടർ ഡോ. എസ്. ഹരികൃഷ്ണൻ , മൽവൻ കമാൻഡിങ് ഓഫീസർ കമാൻഡർ പ്രവീൺ കുമാർ തിവാരി, സിഎസ്എൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.ജെ. ജോസ്, സിഎസ്എൽ ഡയറക്ടർ രാജേഷ് ഗോപാലകൃഷ്ണൻ, കൊച്ചിയിലെ യുദ്ധക്കപ്പൽ പ്രൊഡക്ഷൻ സൂപ്രണ്ട് അനൂപ് മേനോൻ, വെസ്റ്റേൺ നേവൽ കമാൻഡിലെ സിഎസ്ഒ കമ്മഡോർ ഡി. സെൻഗുപ്ത, ഐഎഫ്എസ്, ചീഫ് വിജിലൻസ് ഓഫീസർ ഡോ. സി. പാണ്ടി സെൽവ ദുരൈ ഇന്ത്യൻ നാവികസേനയുടെയും സിഎസ്എല്ലിന്റെയും മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

മഹാരാഷ്ട്രയിലെ ചരിത്ര പ്രാധാന്യമുള്ള തീരദേശ പട്ടണത്തിന്റെ പേരാണു മൾവൻ. 2003 വരെ നാവികസേനയുടെ ഭാഗമായിരുന്ന ഐഎൻഎസ് മൾവൻ എന്ന മൈൻ സ്വീപ്പറിന്റെ സ്മരണ നിലനിർത്താൻ കൂടിയാണ് ഈ പേരു നൽകിയതെന്നു അധികൃതർ പറയുന്നു.



# അൽസ്ഹൈമേഴ്സിനെ ചെറുക്കുന്ന രാസസംയുക്തം കണ്ടെത്തി

കോഴിക്കോട്: മനുഷ്യശരീരത്തിൽ സ്വാഭാവികമായുള്ള ഒരു രാസസംയുക്തം, അൽസ്ഹൈമേഴ്സ് രോഗം ചെറുക്കുന്നതിൽ പുതിയ പ്രതീക്ഷയാകുന്നു. 'ആൽഫാ-കീറ്റോഗ്ലൂട്ടറേറ്റ്' (എ.കെ.ജി) ആണ് മറവിരോഗമായ അൽസ്ഹൈമേഴ്സിനെ പ്രതിരോധിക്കുന്നതിൽ നിർണായകമെന്ന് കണ്ടെത്തിയിട്ടുള്ളത്.

സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിലെ ശാസ്ത്രജ്ഞയും പാലക്കാട് സ്വദേശിയുമായ ഡോ. ഷീജ നവക്കോടാണ് ഈ കണ്ടെത്തലിനുപിന്നിൽ. പ്രൊഫ. ബ്രയൻ കെ. കെന്നഡിയുമായി ചേർന്നായിരുന്നു പഠനം. 'ഏജിങ് സെൽ' ജേണലിലാണ് പഠനം പ്രസിദ്ധീകരിച്ചത്.

മനുഷ്യകോശങ്ങളിലെ ജീവൽപ്രക്രിയ നിയന്ത്രിക്കുകവഴി, ശരീരത്തിന്റെ പ്രായമാകൽ എട്ടുവർഷത്തോളം കുറയ്ക്കാൻ എ.കെ.ജിക്ക് കഴിയുമെന്ന് പഠനം തെളിയിച്ചിട്ടുണ്ട്. എ.കെ.ജി. ശരീരത്തിൽ സ്വാഭാവികമായി കാണുന്ന സംയുക്തമായതിനാൽ പാർശ്വഫലമൊന്നുമുണ്ടാകുന്നുമില്ല.

ആയുസ്സ് വർധിപ്പിക്കുകമാത്രമല്ല, അൽസ്ഹൈമേഴ്സിനെ ചെറുത്ത് ഓർമ്മയുമായി ബന്ധപ്പെട്ട മസ്തിഷ്ക പ്രവർത്തനം പുനഃസ്ഥാപിക്കാനും എ.കെ.ജിയുടെ ഒരു വകഭേദത്തിന് കഴിയുമെന്നാണ്, എലികളിലെ പരീക്ഷണങ്ങളിൽ ഡോ. ഷീജയും പ്രൊഫ. ബ്രയാനും കണ്ടത്. കാൽസ്യം ആൽഫാ-കീറ്റോഗ്ലൂട്ടറേറ്റിനാണ് (കാൽസ്യം എ.കെ.ജി) ഈ ഗുണമുള്ളതെന്ന് പരീക്ഷണങ്ങളിൽ വ്യക്തമായി.

മസ്തിഷ്കത്തിലെ നാഡീകോശങ്ങൾ കൂടിച്ചേരുന്ന ഇടങ്ങളിലെ സിനാപ്സുകളെന്ന ചെറുഭാഗങ്ങളിലാണ് ഓർമ്മ രൂപപ്പെടുകയും ദീർഘകാലം സംരക്ഷിച്ച് സൂക്ഷിക്കുകയും ചെയ്യുന്നത്. ഈ ഭാഗത്തെ രാസ-വൈദ്യുത സ്പന്ദനം ഓർമ്മ സംഭരിച്ചുവെക്കാൻപാകത്തിൽ മാറ്റപ്പെടുന്നു. 'സിനാപ്റ്റിക് പ്ലാസ്റ്റിസിറ്റി' എന്നാണ് ഈ പ്രക്രിയയെ വിശേഷിപ്പിക്കുന്നത്.



അൽഹ്ഹൈമേഴ്സ് ബാധിച്ചവരിൽ 'കാൽസ്യം എ.കെ.ജി'യുടെ സഹായത്തോടെ സിനാപ്റ്റിക് പ്ലാസ്റ്റിസിറ്റി മെച്ചപ്പെടുത്താനാകുമോ എന്നറിയാനായിരുന്നു ഗവേഷകരുടെ ശ്രമം. കാൽസ്യം എ.കെ.ജി. നൽകിയ മസ്തിഷ്കകോശങ്ങളിൽ ഓർമ രൂപവത്കരണത്തിന് കാരണമാകുന്ന 'ലോങ് ടേം പൊട്ടൻസിയേഷൻ' എന്ന പ്രതിഭാസം തിരികെയെത്തുന്നതായി കണ്ടു. കൂടാതെ ഓർമ്മയുടെ വിവിധ രാസപ്രവർത്തനങ്ങൾ തിരിച്ചുകൊണ്ടുവരാനും സാധിച്ചു.

"ഇന്നത്തെ ചികിത്സ പ്രധാനമായും അൽസ്ഹൈമേഴ്സിന്റെ ലക്ഷണങ്ങൾ നിയന്ത്രിക്കുന്നതിലേക്കുമാത്രം പരിമിതപ്പെടുത്തുകയാണ്. ഈ സാഹചര്യത്തിൽ, പുതിയ സാധ്യത തുറക്കുകയാണ് കാൽസ്യം എ.കെ.ജി പോലുള്ള സംയുക്തങ്ങൾ"- ഡോ. ഷീജ പറഞ്ഞു. "ഇപ്പോഴത്തേത് പ്രാഥമികപഠനമാണ്. മനുഷ്യരിൽ ഇത് എത്രത്തോളം പ്രായോഗികമാണെന്ന് വ്യക്തമാകാൻ കൂടുതൽ പഠനം ആവശ്യമാണ്"- അവർ അറിയിച്ചു.

പാലക്കാട് ചിതലി നവക്കോട് ഗംഗാധരന്റെയും ദ്രൗപദിയുടെയും മകളാണ് ഷീജ. സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിൽ രണ്ടു പതിറ്റാണ്ടായി ഓർമ്മയുടെ ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നു. അവിടെത്തന്നെ മസ്തിഷ്ക ശാസ്ത്രജ്ഞനായ പ്രൊഫ. സജികുമാർ ശ്രീധരനാണ് ജീവിതപങ്കാളി.

# വീട്ടിൽ വോട്ട് ചെയ്തത് 15,681 പേർ

കോട്ടയം: അസന്നിഹിത വോട്ടർമാർക്കുള്ള വീട്ടിലെ വോട്ട് സൗകര്യം ജില്ലയിൽ പ്രയോജനപ്പെടുത്തിയത് 15,681 പേർ. ഒൻപത് നിയമസഭാ മണ്ഡലങ്ങളിലായി മുതിർന്ന പൗരന്മാരും 40 ശതമാനത്തിനു മുകളിൽ ശാരീരിക വെല്ലുവിളി നേരിടുന്നവരും ഉൾപ്പെടെ 16,210 പേരാണ് ഈ വിഭാഗത്തിൽ വോട്ടുചെയ്യാൻ അപേക്ഷ നൽകിയിരിക്കുന്നത്.

മൈക്രോ ഒബ്സർവർ, പ്രിസൈഡിങ് ഓഫീസർ, പോളിങ് ഓഫീസർ, വീഡിയോഗ്രാഫർ, പോലീസ് ഓഫീസർ എന്നിങ്ങനെ അഞ്ചുപേരടങ്ങുന്ന 200 പ്രത്യേക പോളിങ് സംഘങ്ങളെയാണ് അസന്നിഹിത വോട്ടിങ്ങിനായി സജ്ജീകരിച്ചത്. ഇവർ ബിഎൽഒമാരുടെ സഹായത്തോടെ വോട്ടറുടെ വീട്ടിലെത്തി രഹസ്യ സ്വഭാവം നിലനിർത്തി വോട്ടു രേഖപ്പെടുത്തുന്നതിന് സംവിധാനമൊരുക്കുകയായിരുന്നു.

വോട്ടു രേഖപ്പെടുത്തി പോളിങ് സംഘത്തിന്റെ പക്കലുള്ള പെട്ടിയിൽ നിക്ഷേപിച്ച ബാലറ്റുകൾ അതതുദിവസംതന്നെ റിട്ടേണിങ് ഓഫീസർമാർക്ക് കൈമാറി സ്ട്രോങ് റൂമിലേക്കുമാറ്റി.

# എഫ്സിആർഎ ഭേദഗതി ന്യൂനപക്ഷങ്ങളെ ആക്രമിക്കാൻ: മല്ലികാർജുൻ ഖാർഗെ

കൊട്ടാരക്കര: വിദേശ സംഭാവനാ നിയന്ത്രണ നിയമഭേദഗതി രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള ആക്രമണമാണെന്ന് ഐസിസി പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ. യുഡിഎഫ് സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം കൊട്ടാരക്കരയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.




രാജ്യത്തെ പൊതുസമൂഹത്തിനും ദരിദ്രരായ മനുഷ്യർക്കുമായി പ്രവർത്തിക്കുന്നവർക്കും സർക്കാരിതര സംഘടനകൾക്കും എതിരായ ആക്രമണമാണ് നിയമ ഭേദഗതി എന്ന് അദ്ദേഹം കുറ്റപ്പെടുത്തി, തെരഞ്ഞുപിടിച്ചു കുറച്ചുപേരെ ആക്രമിക്കാനാണ് നിയമഭേദഗതി കൊണ്ടുവന്നത്. ന്യൂനപക്ഷ സ്ഥാപനങ്ങൾക്കെതിരായ ആക്രമണങ്ങൾ ഭരണഘടനയ്ക്ക് എതിരാണ്.

നരേന്ദ്രമോദിയും പിണറായി വിജയനും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. കഴിഞ്ഞ പത്ത് വർഷമായി കേന്ദ്രത്തിൽ നരേന്ദ്ര മോദിയുടെ കീഴിലും കേരളത്തിൽ പിണറായി വിജയന്റെ കീഴിലും അധികാര കേന്ദ്രീകരണത്തിന്റെ അപകടകരമായ മാതൃക കാണാൻ കഴിയും. വിയോജിപ്പുകളെ അടിച്ചമർത്തുകയും വ്യവസ്ഥാപിത ജനാധിപത്യ സംവിധാനങ്ങളെ തകർക്കുകയും ദുർബലമാക്കുകയുമാണ് അവരുടെ രീതി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ 600 കോടി രൂപ വരുന്ന വിഹിതം സംസ്ഥാന സർക്കാർ ഇല്ലാതാക്കി. ഇതാണോ ഇടതുപക്ഷ പ്രത്യയശാസ്ത്രമെന്നും അദ്ദേഹം ചോദിച്ചു. ഭരണപരാജയത്തിനു പുറമേ വലിയ സാമ്പത്തിക തകർച്ചയും കേരളം നേരിടുന്നു. ധനവകുപ്പിനെ കടമെടുക്കുന്ന യന്ത്രമാക്കി കേരളത്തിന്റെ ധനമന്ത്രി മാറ്റി. സാമ്പത്തിക അച്ചടക്കവും ഇല്ലാതായി. കേരളത്തിലെ ബജറ്റ് പ്രസംഗങ്ങൾ ശരിക്കും സാമ്പത്തിക പദ്ധതികളല്ല. രാഷ്ട്രീയ പ്രസംഗങ്ങൾ മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.

# ഇറാൻ ആക്രമണം: യുഎഇയിൽ അഞ്ച് ഇന്ത്യക്കാർക്ക് പരുക്ക്

ദുബായ്: ഗൾഫ് രാജ്യങ്ങളിലെ എണ്ണ ശുദ്ധീകരണശാലയിലും പ്രകൃതി വാതക ഉൽപാദന കേന്ദ്രങ്ങളിലും കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ ഇറാൻ നടത്തിയത് കനത്ത വ്യോമാക്രമണം. യുഎഇയിൽ ഏപ്രിൽ മൂന്നിന് വെള്ളിയാഴ്ചയുണ്ടായ ആക്രമണത്തിൽ ഒരാൾ മരിച്ചു. അഞ്ച് ഇന്ത്യക്കാർ ഉൾപ്പെടെ 16 പേർക്ക് പരുക്കേറ്റു. ഇതോടെ യുഎഇയിൽ മരിച്ചവരുടെ എണ്ണം 13 ആയി. പരുക്കേറ്റവർ 217.

മൂന്നിന് നടന്ന വ്യോമാക്രമണത്തിൽ അബുദാബിയിലെ ഹബ്ഷൻ വാതകകേന്ദ്രത്തിൽ വീണ്ടും തീപിടുത്തമുണ്ടായി. ഇവിടെ രക്ഷാപ്രവർത്തനത്തിനിടെയാണ് ഈജിപ്ഷ്യൻ പൗരൻ മരിച്ചത്. അബുദാബി അജ്ബാൻ മേഖലയിൽ മിസൈൽ ഭാഗങ്ങൾ വീണു പരുക്കേറ്റ 12 പേരിലാണ് അഞ്ച് ഇന്ത്യക്കാരുള്ളത്. ദുബായ് ഇന്റർനെറ്റ് സിറ്റിയിൽ അമേരിക്കൻ സോഫ്റ്റ്വെയർ ഭീമൻ ഒറാക്കിളിന്റെ ആസ്ഥാന മന്ദിരത്തിനു നേരെയും ദുബായ് മറീനയിലും വ്യോമാക്രമണമുണ്ടായി. ഏപ്രിൽ അഞ്ചിന് മാത്രം 23 ബാലിസ്റ്റിക് മിസൈലുകളും 56 ഡ്രോണുകളുമാണ് യുഎഇ നേരിട്ടത്.

തുടർആക്രമണങ്ങൾ ഉണ്ടാകുമെന്ന മുന്നറിയിപ്പിനെ തുടർന്നു ദുബായിലെ പള്ളികളിൽ ദുഃഖവെള്ളി, ഈസ്റ്റർ ശുശ്രൂഷകൾ ഓൺലൈൻ വഴിയാക്കിയിരുന്നു. ജബൽഅലി ഹിന്ദു ക്ഷേത്രവും ഗുരുദ്വാരയും ബർദുബായ് ഹിന്ദു ക്ഷേത്രവും അനിശ്ചിത കാലത്തേക്ക് അടച്ചു. ബഹ്റൈനിൽ ഇറാൻ വ്യോമാക്രമണത്തിൽ സിത്‌റാ മേഖലയിൽ ഒട്ടേറെ വീടുകൾക്ക് കേടുപാടുകളുണ്ടായി. നാല് പേർക്കു പരുക്കേറ്റു.

കുവൈത്തിലെ ഏറ്റവും പ്രധാന എണ്ണശുദ്ധീകരണശാലയായ മീന അൽ അഹമ്മദിയിൽ ആക്രമണത്തിൽ തീ പടർന്നു. കുവൈത്തിലെ ഒരു ശുദ്ധജല പ്ലാന്റിനും ഊർജ ഉൽപാദന പ്ലാന്റിനും ആക്രമണത്തിൽ നാശം നേരിട്ടു.

# ഐഎൻഎസ് അരിദമൻ കമ്മീഷൻ ചെയ്തു

ന്യൂഡൽഹി: ആണവ പോർമുനയുള്ള ബാലിസ്റ്റിക് മിസൈൽ വിക്ഷേപിക്കാൻ ശേഷിയുള്ള ഐഎൻഎസ് അരിദമൻ മുങ്ങിക്കപ്പൽ നാവികസേനയുടെ ഭാഗമായി. ഈയിടെ വിശാഖപട്ടണത്തു നടന്ന ചടങ്ങിൽ പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് മുഖ്യാതിഥിയായിരുന്നു. അരിഹന്ത് ക്ലാസ് എസ്എസ്ബിഎന്നിലെ (സബ്മേഴ്സിബിൾ ഷിപ്പ് ബാലിസ്റ്റിക് ന്യൂക്ലിയർ) മൂന്നാമത്തെ ആണവ മുങ്ങിക്കപ്പലാണിത്.

കേന്ദ്രമന്ത്രിയുടെ സമൂഹമാധ്യമ പോസ്റ്റിലൂടെയാണു അരിദമൻ സേനയുടെ ഭാഗമായ വിവരം ലോകമറിഞ്ഞത്. 'അതൊരു വാക്കല്ല, ശക്തിയാണ്-അരിദമൻ' അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. യുദ്ധക്കപ്പൽ ഐഎൻഎസ് താരാഗിരിയുടെ കമ്മീഷനിങ് ചടങ്ങുകളിൽ പങ്കെടുക്കാനാണു കേന്ദ്രമന്ത്രി വിശാഖപട്ടണത്ത് എത്തിയത്.

ഐഎൻഎസ് അരിഹന്ത്, ഐഎൻഎസ് അരിഘാത് എന്നിവയാണു മറ്റ് രണ്ട് ആണവമുങ്ങിക്കപ്പലുകൾ. വിശാഖപട്ടണത്തെ എൽ ആൻഡ് ടിയുടെ കേന്ദ്രത്തിൽ നിർമാണം പൂർത്തിയാക്കിയ അരിദമൻ ഏതാനും മാസങ്ങളായി കടൽ പരീക്ഷണത്തിലായിരുന്നു. ശ്രേണിയിലെ നാലാമത്തെ മുങ്ങിക്കപ്പലിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്.

3500 കിലോമീറ്റർ വരെ ലക്ഷ്യമിടാൻ സാധിക്കുന്ന കെ-4 ബാലിസ്റ്റിക് മിസൈലാണു മുങ്ങിക്കപ്പലിന്റെ കരുത്ത്. ആണവായുധം വഹിക്കാൻ ശേഷിയുള്ള മിസൈലാണിത്. 750 കിലോമീറ്റർ വരെ ലക്ഷ്യമിടാൻ സാധിക്കുന്ന കെ-15 മിസൈലുകളും ഇതിലുണ്ട്.

# SEEKING BRIDEGROOM

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

# SEEKING BRIDE

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS **നിര്യാതരായി**

## കോശി പണിക്കർ

**കോട്ടയം:** പുത്തനങ്ങാടി പണിക്കേഴ്സ് ബംഗ്ലാവിൽ കോശി പണിക്കർ (സണ്ണിക്കുട്ടി-90) അന്തരിച്ചു. ഭാര്യ കലഞ്ഞൂർ വയലിറക്കത്ത് രമണി കോശി. മക്കൾ: സൈറ ജോർജ് (ഖത്തർ), സെറിനിറ്റി പണിക്കർ (യുഎസ്). മരുമക്കൾ: ജോർജ് ജേക്കബ് കൊശമറ്റം (ഖത്തർ), ലത പണിക്കർ മറ്റപ്പള്ളി (യുഎസ്).

**തിരുവനന്തപുരം:** കേശവദാസപുരം കിളിയിലേത്തു വീട്ടിൽ പരേതനായ വർഗീസ് തോമസിന്റെ മകൻ ഗീവർഗീസ് കെ. വർഗീസ് (52) അന്തരിച്ചു.

**തൃക്കൊടിത്താനം:** ആരമല താഴ്ചയിൽ അമ്മിണി ജനാർദ്ദനൻ (90) അന്തരിച്ചു.

**പ്രക്കാനം:** ചീങ്കൽത്തടം ദേവമാതാ എൽപിഎസ് റിട്ട. അദ്ധ്യാപകൻ ഇടത്തിൽ അയിരൂക്കുഴിയിൽ ഏലിയാമ്മ ജോൺ (തങ്കമ്മ-80) അന്തരിച്ചു.

## ഇന്ദിര കവിരാജൻ



**ലോസാഞ്ചലസ്:** ലോസാഞ്ചലസിൽ താമസമാക്കിയിരുന്ന ഡോ. കവിരാജന്റെ ഭാര്യ ഇന്ദിര കവിരാജൻ (88) അന്തരിച്ചു. മക്കൾ: സതീഷ്, ഡോ. ഹരീഷ്, സുമ. സഹോദരങ്ങൾ: വിജയൻ മേനോൻ (താര ആർട്സ്), സുകു (ഹൂസ്റ്റൺ).

**വാരിശേരി:** ചാങ്ങടീസ് ലാവെൻഡർ ഗാർഡൻസ് ഗാബിൻ മാർക്കറ്റിങ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ റോൺ പി. ഏബ്രഹാം (53) അന്തരിച്ചു.

## ജോൺ വർഗീസ്

**പള്ളം:** പാറേക്കടവിൽ ആയ തകടിയേൽ ജോൺ വർഗീസ് (കുഞ്ഞുമോൻ-83) യുഎസിൽ അന്തരിച്ചു. ഭാര്യ പള്ളം നാട്ടുവായിൽ അമ്മിണി. മക്കൾ: ബിജു, ജെയ്സൺ. മരുമക്കൾ: വിജി, സിന്ധു (എല്ലാവരും യുഎസ്).


**തിരുവനന്തപുരം:** പേരൂർക്കട (ഡിഎൻആർഎ-13) ബേർശേബയിൽ ലീലാമ്മ മാത്യൂസ് (78) അന്തരിച്ചു.

**അതിരമ്പുഴ:** പുന്നക്കാട് കിഴക്കേവീട്ടിൽ ലീലാമ്മ ജോർജ് (81) അന്തരിച്ചു.

**കിഴപറയാർ:** പുളിക്കത്തടത്തിൽ ലില്ലിക്കുട്ടി സെബാസ്റ്റ്യൻ (90) അന്തരിച്ചു.

**രാമപുരം:** അറയ്ക്കൽ (തോണിക്കൽ)തോമസ് ഏബ്രഹാം (93) അന്തരിച്ചു.

## മത്തായി തോമസ്



**റാന്നി:** ഈട്ടിച്ചുവട് എബനേസർ എസ് എച്ച് റിട്ട. അദ്ധ്യാപകൻ ഈട്ടിച്ചുവട് ചേകോട്ട് ഇലഞ്ഞാന്ത്രമണ്ണിൽ (പേരങ്ങാട്ട് കുടുംബം) മത്തായി തോമസ് (ബേബിസാർ-91) അന്തരിച്ചു. ഭാര്യ ചെല്ലമ്മ മത്തായി (റാന്നി കടവുപുഴ എം.ടി എൽപി സ്കൂൾ റിട്ട. ഹെഡ്മിസ്ട്രസ്) കായംകുളം കൈതോലിൽ കുടുംബാംഗമാണ്. മക്കൾ: ഷേർലി (ന്യൂയോർക്ക്), ഷൈനി (ന്യൂയോർക്ക്), സ്റ്റാൻലി മാത്യു (ഹൂസ്റ്റൺ), ആശ (ന്യൂയോർക്ക്). മരുമക്കൾ: ബിജി (ന്യൂയോർക്ക്), അജു (ന്യൂയോർക്ക്), ഷൈനി (ഹൂസ്റ്റൺ), ബിനിൽ (ന്യൂയോർക്ക്). സഹോദരികൾ: പരേതയായ ഏലിയാമ്മ വർഗീസ് (തെലിഞ്ഞേലിൽ, മാരാമൺ), മറിയാമ്മ ഏബ്രഹാം (കാനഡ).

**തിരുവഞ്ചൂർ:** തൂത്തൂട്ടി പാറാങ്കൽ തടത്തിൽ വീട്ടിൽ ഏലിയാമ്മ വർഗീസ് (കുഞ്ഞുമോൾ-85) അന്തരിച്ചു.

**ഏറ്റുമാനൂർ:** അതിരമ്പുഴ ഞരളക്കോട്ടിൽ (മുത്തോലിക്കുഴി) അമ്മിണി (73) അന്തരിച്ചു.

## വി.സി. ജോൺ

**കാഞ്ഞിരത്താനം:** തുണ്ടത്തിൽ വി.സി. ജോൺ (പാപ്പച്ചൻ-94) അന്തരിച്ചു. ഭാര്യ പരേതയായ അന്നമ്മ. മക്കൾ: സഖറിയാസ്, ആനി (ഇരുവരും യുഎസ്), മേരിക്കുട്ടി (യുകെ), എൽസമ്മ (അയർലൻഡ്), ട്രീസ (യുകെ), തോമാച്ചൻ (സൗദി), സെൻ (യുഎസ്). മരുമക്കൾ: മേരിക്കുഞ്ഞ്, ജോർജ്, സെബാസ്റ്റ്യൻ, പരേതനായ ജോസ്, ടോമി, ജിജ്ജു, സനു.

## ശോഭാ മേനോൻ

**തൃശൂർ:** പൂങ്കുന്നം ഹരിനഗർ സ്ട്രീറ്റിൽ കൗസ്തുഭത്തിൽ ശോഭ മേനോൻ (74) അന്തരിച്ചു. ബാങ്ക് ഓഫ് ബറോഡ റിട്ട. ഉദ്യോഗസ്ഥയും കോട്ടയ്ക്കൽ തൃക്കണ്ടിയൂർ കളത്തിൽ കുടുംബാംഗവുമാണ്. ഭർത്താവ് താവഴി നടുവത്ത് പരേതനായ ടി.എൻ. രാധാകൃഷ്ണൻ. മക്കൾ: അയജ് കൃഷ്ണൻ (ബെംഗ്ളൂരു), അഞ്ജലി (യുഎസ്). മരുമക്കൾ: അനുപമ, ഗോവിന്ദ് (യുഎസ്).

**റാന്നി:** റിട്ട. ഹെഡ്മിസ്ട്രസ് കണ്ണാടിക്കൽ സൂസമ്മ തോമസ് (96) അന്തരിച്ചു.

**കാതമംഗലം:** മുത്തംകുഴി അവരാപ്പാട്ട് മേരി സണ്ണി (66) അന്തരിച്ചു.

## ജോണി ഉമ്മൻ

**ഓമല്ലൂർ:** പായിക്കാട്ട് പുത്തൻവീട്ടിൽ ജോണി ഉമ്മൻ (89) യുഎസിൽ അന്തരിച്ചു. ഭാര്യ മല്ലശേരി മരുതേത്ത് കുഞ്ഞമ്മ. മക്കൾ: ബിജു, മിനു, ബിഞ്ചു. (എല്ലാവരും യുഎസ്).

## എം.യു. വർക്കി

**കടവൂർ:** കടവൂർ വി.എച്ച് എസ്എസ് റിട്ട. അദ്ധ്യാപകൻ പനങ്കര മാതേയ്ക്കൽ എം.യു. വർക്കി (87) അന്തരിച്ചു. ഭാര്യ കൊടുവേലി കരിന്തോളിൽ കെ.യു. ഏലി (റിട്ട. അദ്ധ്യാപിക). മക്കൾ: മിനി എം. ജോർജ് (അദ്ധ്യാപിക), ബിനോയ് എം. ജോർജ് (യുഎസ്), ജനീഷ് എം. ജോർജ് (കസ്റ്റംസ്), സോണിയ ജോർജ് (അദ്ധ്യാപിക), മരുമക്കൾ: തിരുവാലത്തൂർ കാഞ്ഞിരത്തിങ്കൽ തോമസ് ജോൺ (ലക്ചറർ, പാലക്കാട്), വഴുതല മുഞ്ഞപ്പിള്ളിൽ ഷേർലി ബിനോയി (യുഎസ്), പയസ്മൗണ്ട് ഇളപ്പാശേരിൽ ദീപ ജനീഷ് (അദ്ധ്യാപിക), തൊടുപുഴ കുന്നേൽ ഡോ. ജെന്നി കെ. അലക്സ് (പ്രിൻസിപ്പൽ (ന്യൂമാൻ കോളജ് തൊടുപുഴ).

**കിടങ്ങൂർ:** ക്നാനായ യാക്കോബായ സഭാംഗം പുതുവീട്ടിൽ ഫാ.ഏലിയാസ് കുരുവിള (80) അന്തരിച്ചു.

## ശോശാമ്മ ജോൺ



**കങ്ങഴ:** ഇടവട്ടാൽ കാളങ്ങാടത്തു വീട്ടിൽ കെ.വി. ജോണിന്റെ സഹധർമ്മിണി ശോശാമ്മ ജോൺ (പൊടിയമ്മ-84) ഫിലാഡൽഫിയയിൽ അന്തരിച്ചു. പരേതരായ പാസ്റ്റർ പി.ജെ. സക്കറിയ (ഇടവെട്ടാൽ കൊച്ചായൻ)- മറിയാമ്മ സക്കറിയാ ദമ്പതികളുടെ മകളാണ്.

**കളത്തുകടവ്:** മണ്ണംപ്ലാക്കൽ റിട്ട. പഞ്ചായത്ത് സ്പെഷൽ ഓഫീസർ എം.ഡി. അലക്സ് (97) അന്തരിച്ചു.

## കെ.കെ. തോമസ്

**ആനക്കല്ല്:** കൊട്ടാരത്തിൽ കെ.കെ. തോമസ് (68) അന്തരിച്ചു. ഭാര്യ മണലുങ്കൽ കൊച്ചുപുരയ്ക്കൽ എത്സമ്മ തോമസ്. മക്കൾ: ഷെറിൻ (സൗത്ത് ഇന്ത്യൻ ബാങ്ക്), ഷോൺ (യുഎസ്). മരുമക്കൾ: എബി കുര്യൻ കുരീക്കാട്ട് (പൊൻകുന്നം), റിനുമോൾ തോമസ് വാട്ടപ്പള്ളിൽ (ഏന്തയാർ).

**മണർകാട്:** കുറ്റിയക്കുന്ന് ചാലിൽ പരേതനായ ജോസഫിന്റെയും അന്നമ്മയുടെയും മകൻ ജോമോൻ ജോസഫ് (53) അന്തരിച്ചു.

## ഏലിയാമ്മ വിളങ്ങാട്ടുശേരിൽ



**കണ്ണങ്കര:** വിളങ്ങാട്ടുശേരിൽ ജോർജ്കുട്ടി സാറിന്റെ ഭാര്യ ഏലിയാമ്മ ടീച്ചർ (94) അന്തരിച്ചു. പരേത അറുനൂറ്റിമംഗലം തച്ചേട്ട് കുടുംബാംഗമാണ്. മകൾ: സിബി പൂഴിക്കുന്നേൽ (ഫ്ളോറിഡ). മരുമകൻ: മാത്യു പൂഴിക്കുന്നേൽ. കൊച്ചുമക്കൾ: അലീന, സൈമൺ, നിത്യ, ജോർജ്. ചിക്കാഗോ കെസിഎസ് വൈസ് പ്രസിഡണ്ട് മാറ്റ് വിലങ്ങാട്ടുശേരിലിന്റെ പേരമ്മയാണ് ഏലിയാമ്മ ടീച്ചർ.

**മേപ്രാൽ:** നെടുംപറമ്പിൽ പുരയ്ക്കൽ പരേതനായ വി. ഈപ്പന്റെ മകൻ ജേക്കബ് ഈപ്പൻ (ജിക്കു-65) മൈസൂരുവിൽ അന്തരിച്ചു.

**മണിമല:** വിമുക്തഭടൻ ഏറത്തുവടകര വെച്ചൂർ വീട്ടിൽ ഡി. സുകുമാരൻ നായർ (85) അന്തരിച്ചു.

## അന്നമ്മ ചാക്കോ

**ചിങ്ങവനം:** കേളച്ചന്ദ്ര അന്നമ്മ ചാക്കോ (97) അന്തരിച്ചു. വെളിയനാട് വലിയപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.കെ. ചാക്കോ (റിട്ട. സെയിൽസ് ടാക്സ് ഡെപ്യൂട്ടി കമ്മീഷണർ). മക്കൾ: സുമോൾ വെൽക്കം (റാന്നി), കുരുവിള ജേക്കബ് (റിട്ട. മറൈൻ ചീഫ് എൻജിനീയർ), പുന്നൂസ് ജേക്കബ് (യുഎസ്, പരേതനായ സോമി ജെയിംസ്, ജോബോയി. മരുമക്കൾ: എം.ജെ. വെൽക്കം മുണ്ടുകോട്ടയ്ക്കൽ (റാന്നി), മോളി കുരുവിള മുണ്ടുകോട്ടയ്ക്കൽ, പമേല പുന്നൂസ് വാഴയിൽ, ജെയിംസ് തോമസ് വടശ്ശേരിക്കുന്നേൽ (ഇരുവരും യുഎസ്), മറിയാമ്മ ജോബോയ് മുണ്ടുകോട്ടയ്ക്കൽ.

## ഡെന്നിസ് സേവ്യർ

**മുംബൈ:** ദേവനാർ ശക്തി യൂനിക്കസിൽ കെ.പി. സേവ്യറിന്റെയും (ആലപ്പുഴ) മേരിയുടെയും (വായിത്തറ, പ്രക്കാനം) മകൻ ഡെന്നിസ് സേവ്യർ (45) പ്രൊജക്ട് മാനേജർ യുഎസിൽ അന്തരിച്ചു. ഭാര്യ റൂച്ച. മക്കൾ: നെയിൽ, നൈറ, മത്തായി തോമസ്.

**അതിരമ്പുഴ:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ പനയത്തിൽ പി.എ. ജോസഫ് (86) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** വിഴിക്കത്തോട് മണ്ണംപ്ലാക്കൽ അലക്സാണ്ടർ ജേക്കബ് (കല്ലറക്കാവിൽ ഉണ്ണിയച്ചൻ-91) അന്തരിച്ചു.

## എ.സി. ജോസഫ്

**പാലാ:** എസ്ബിഐ റിട്ട. ഉദ്യോഗസ്ഥൻ പന്ത്രണ്ടാംമൈൽ അഞ്ചേരിൽ എ.സി. ജോസഫ് (ജോസ്-77) അന്തരിച്ചു. ഭാര്യ കൊരട്ടി വെളിയത്ത് മോളി ജോസഫ്. മക്കൾ: ടീന (യുഎസ്), ടിജോ (യുകെ). മരുമക്കൾ: ജോർജ് പീറ്റർ ഇരട്ടയാനിക്കൽ (കൂത്താട്ടുകുളം), റോജ പനയ്ക്കപറമ്പിൽ (എടത്വ).

**റാന്നി:** കളമ്പാല വെട്ടിമല അരുവിക്കൽ ജെയിംസിന്റെ മകൻ ജോർജ് വർഗീസ് (ജിനോ-34) അന്തരിച്ചു.

**കോഴഞ്ചേരി:** സെന്റ് തോമസ് കോളജ് റിട്ട. ജീവനക്കാരൻ കോഴഞ്ചേരി ഈസ്റ്റ് പേരങ്ങാട്ട് മേലെ കിഴക്കേതിൽ എം.ജെ. വർഗീസ് (ബേബികുട്ടി-88) അന്തരിച്ചു.

## ജയമ്മ മാത്യു



**തൊടുപുഴ:** മറ്റപ്പിള്ളിൽ ഉല്ലാസ് ഗ്രൂപ്പ് ചെയർമാൻ മത്തച്ചന്റെ ഭാര്യ ജയമ്മ മാത്യു(70) അന്തരിച്ചു. പരേത കോട്ടയം എസ്.എച്ച് മൗണ്ട് കൊല്ലന്തറ കുടുംബാംഗമാണ്. ഉല്ലാസ് ബ്യൂട്ടി പാർലർ, ഉല്ലാസ് ബ്യൂട്ടി കോളജ് എന്നീ സ്ഥാപനങ്ങളുടെ ഉടമയുമാണ്. മക്കൾ: ഉല്ലാസ് മാത്യു (ഉല്ലാസ് ഗ്രൂപ്പ്, തൊടുപുഴ), ഡോ. ഉഷസ് മാത്യു (മുൻ പ്രിൻസിപ്പൽ സെന്റ് തോമസ് കോളജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ഇടമുറി റാന്നി), ഉമേഷ് മാത്യു (ഓസ്ട്രേലിയ). മരുമക്കൾ: സുനിത പടപ്പന്മാക്കിൽ ഉഴവൂർ, സച്ചിൻ വയലാ (മുൻ മെംബർ റാന്നി ഗ്രാമ പഞ്ചായത്ത്), അമൃത പാതിരിക്കര മാറിക (ഓസ്ട്രേലിയ).

**തിരുവനന്തപുരം:** കേരള സർവകലാശാല റിട്ട. സെക്ഷൻ ഓഫീസർ കുടപ്പനക്കുന്ന് പ്രിയദർശിനി നഗറിൽ പുത്തൻപുരയിൽ നൂപുരയിൽ ജോളി ഏബ്രഹാം (76) അന്തരിച്ചു.

**ചമ്പക്കുളം:** വിമുക്തഭടൻ മുളമൂട്ടിൽ ചക്കൻകരി വീട്ടിൽ വർഗീസ് ചാക്കോ (87) അന്തരിച്ചു.

**വെള്ളാരംകുന്ന്:** കുരീക്കാട്ടുകുന്നേൽ റോസമ്മ ഐസക് (81) അന്തരിച്ചു.

**കോഴഞ്ചേരി:** പുന്നക്കാട്ടുമലയിൽ തേവർകാട്ടിൽ ഡോ. തങ്കമ്മ മാത്യു (95) അന്തരിച്ചു.

**തിരുവല്ല:** സിഡബ്ല്യുസി റിട്ട. സിവിൽ എൻജിനീയർ കാവുംഭാഗം കിഴക്കുമുറി കൊട്ടുവിരുത്തിയിൽ കെ.എം. തോമസ് (75) അന്തരിച്ചു.

## തോമസ് കെ. സെബാസ്റ്റ്യൻ

**കൊച്ചി:** ഓച്ചൻതുരുത്ത് കുഴിവേലി തോമസ് കെ. സെബാസ്റ്റ്യൻ (82) അന്തരിച്ചു. ഭാര്യ കരിമണ്ണൂർ നാറാണത്ത് വീട്ടിൽ ഗ്രേസി. മക്കൾ: പ്യാരി, പ്രീതി (ഇരുവരും യുഎസ്). മരുമകൻ: ബിജോയ്.

## തോമസ് ഈപ്പൻ

**മല്ലപ്പള്ളി:** കൊച്ചിക്കുഴിയിൽ തോമസ് ഈപ്പൻ (75) ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ ആലീസ് തോമസ്. മക്കൾ: അനിൽ, ഷൈനി. മരുമക്കൾ: ലീന, വിജയ്.

**മുളന്തുരുത്തി:** പെരുമ്പിള്ളി പള്ളത്ത് മലമേൽ പുത്തൻപുരയ്ക്കൽ ശോശാമ്മ കുര്യാക്കോസ് (83) അന്തരിച്ചു.

**മൂവാറ്റുപുഴ:** മീങ്കുന്നം കച്ചിറയിൽ (ചിറാകുളങ്ങര) കെ.എം. പൗലോസ് (92 അന്തരിച്ചു.

**കവിയൂർ:** റിട്ട. അദ്ധ്യാപിക മാവേലിൽ കുര്യൻസ് കോട്ടേജിൽ മേരി കുര്യൻ (തങ്കമ്മ-93) അന്തരിച്ചു.

## സി.എ. അന്നമ്മ ലൂക്കോസ്

**ഓണംതുരുത്ത്:** റിട്ട. അദ്ധ്യാപിക കാഞ്ഞിരംപറമ്പിൽ സി.എ. അന്നമ്മ ലൂക്കോസ് (ചിന്നമ്മ-75) അന്തരിച്ചു. ഓണംതുരുത്ത് ചക്കാല കുടുംബാംഗമാണ്. ഭർത്താവ് കെ.ടി. ലൂക്കോസ് (റിട്ട. ബിഎസ്എൻഎൽ). മക്കൾ: ബൈജു ലൂക്കോസ് (യുഎസ്), ബിനു ലൂക്കോസ് (കാനഡ), ബിജി ലൂക്കോസ് (സ്കോട്ലൻഡ്). മരുമക്കൾ: മഞ്ജു ബൈജു തോട്ടുങ്കൽ ചുങ്കം (യുഎസ്), ജോസ് മാത്യു കുഴിപറമ്പിൽ നീണ്ടൂർ (കാനഡ), ചാക്കോ തോമസ് പാറേട്ട് ചാമക്കാല (സ്കോട്ലൻഡ്).

## ടി.ജെ. ജേക്കബ്

**അടിച്ചിറ:** റിട്ട. സീനിയർ റിസർച്ച് അസിസ്റ്റന്റ് കുമരംകരി തറയിൽ ടി.ജെ. ജേക്കബ് (മാത്തുക്കുട്ടി-86) അന്തരിച്ചു. ഭാര്യ പൊൻകുന്നം വട്ടയ്ക്കാട്ട് ഗ്രേസി. മക്കൾ: രേണു ജേക്കബ്, രഞ്ജിത്ത് ജേക്കബ്. മരുമക്കൾ: ജെൻസൺ കൊല്ലംപറമ്പിൽ (അരീക്കര), നിഷ ചാമക്കാല കൈപ്പുഴ (എല്ലാവരും യുഎസ്).

**കുളനട:** ഉള്ളന്നൂർ പുത്തൻപറമ്പിൽ തങ്കമ്മ മാത്യു (72) അന്തരിച്ചു.

**കോന്നി:** പൂവൻപാറ കൊച്ചുപുരയിടത്തിൽ കെ.എസ്. ചാക്കോ (74) അന്തരിച്ചു.

**തിരുവനന്തപുരം:** മെഡിക്കൽ കോളജ് പ്ലാസ്റ്റിക് സർജറി വിഭാഗം മുൻ മേധാവിയും മെഡിക്കൽ എഡ്യൂക്കേഷൻ മുൻ ജോയിന്റ് ഡയറക്ടറുമായ ഡോ. കെ. രാമകൃഷ്ണൻ നായർ (82) അന്തരിച്ചു.

**കോഞ്ഞിരത്താനം:** തെക്കേക്കുറ്റ് ടി. മാത്യു ജോർജിന്റെയും റോസമ്മയുടെയും മകൾ റിയ മാത്യു (30) അന്തരിച്ചു.

## MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)

Live-in arrangement/ Accommodation provided

Primary focus on childcare

Light household duties (e.g., tidying, basic help)

Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact: 703-907-9132**

### *Favors Received*



*Inserted by: Firm Believer, Atlanta*

### *Favors Received*



*Inserted by: Firm Believer, Atlanta*

## CAREGIVER NEEDED – OKLAHOMA CITY

**(Malayalee Christian Preferred)**

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background

• Ability to drive (strongly preferred)

• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

## BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

## PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**


**Alex at +1 914-471-7454 (WhatsApp USA) or**

**email at alexkalarickal@gmail.com**

**Visit Our Website:** www.keralaexpress.com for Classified Advt.




# 'സിബിഐ 6' ഉറപ്പിച്ച് സംവിധായകൻ കെ. മധു




മലയാളത്തിലെ പ്രശസ്ത കുറ്റാന്വേഷണ സിനിമയായ സിബിഐയുടെ ആറാം ഭാഗം ഉടൻ വരുമെന്ന് സംവിധായകൻ കെ. മധു സ്ഥിരീകരിച്ചു. എസ്.എൻ. സ്വാമിയുടെ തിരക്കഥയിലുള്ള ഈ പരമ്പരയ്ക്ക് ആരാധകർ ഏറെയാണ്.

മലയാള സിനിമയുടെ സ്വന്തം ജയിംസ് ബോണ്ട് ആരെന്ന് ചോദിച്ചാൽ ഒരുത്തരമേ കാണാൻ സാധ്യതയുള്ളൂ. സേതുരാമയ്യർ. സിബിഐ ഫ്രാഞ്ചൈസികളിലൂടെ മലയാളത്തിന്റെ മഹാനടൻ നിറഞ്ഞാടിയ ഈ വേഷത്തിന് ഇന്നും ആരാധകർ ഏറെയാണ്. അയ്യരുടെ മുഖ്യ ആയുധം കൂർമ ബുദ്ധിയാണ്. ആ ബുദ്ധി ഉപയോഗിച്ച് ഏറെ രസകരമായി അണിയിച്ചൊരുക്കിയത് അഞ്ച് സിനിമകളാണ്. മലയാളത്തിൽ കുറ്റാന്വേഷണ സിനിമകളുടെ തലവര തന്നെ മാറ്റിമറിച്ച സിനിമയുടെ ആറാം ഭാഗം വരുന്നുവെന്ന വിവരം കഴിഞ്ഞ ഏതാനും ദിവസങ്ങളായി സോഷ്യൽ മീഡിയയിൽ നിറയുന്നുണ്ട്. ഇപ്പോഴിതാ ഊഹാപോഹങ്ങൾക്ക് അറുതി വരുത്തിയിരിക്കുകയാണ് സംവിധായകൻ കെ. മധു.

സിബിഐ 6 ഉടൻ വരുമെന്നാണ് കെ. മധു ഒരു പൊതുപരിപാടിയിൽ പങ്കെടുത്ത് കൊണ്ട് പറഞ്ഞിരിക്കുന്നത്. 'സിബിഐയുടെ അഞ്ച് ഭാഗങ്ങളും കണ്ടവരാണോ നിങ്ങൾ. ഉറപ്പാണേ. നാളെ മാറ്റി പറയരുത്. അഞ്ച് ഭാഗവും ഇഷ്ടപ്പെട്ടോ. ആറാം ഭാഗം കാണണമോ. എന്നാൽ, ഉടനെ വരും. സിനിമ ഉടനെ പ്രതീക്ഷിക്കാം' എന്നായിരുന്നു കെ. മധുവിന്റെ വാക്കുകൾ. പിന്നാലെ ഏറെ ആവേശത്തിലാണ് സിനിമാ ആസ്വാദകർ.


ഏതാനും ദിവസങ്ങൾക്കു മുമ്പാണ് സിബിഐ 6 വരുന്നുവെന്ന വാർത്തകൾ പുറത്തുവന്നത്. എന്നാൽ, ഔദ്യോഗിക വിവരങ്ങൾ ഒന്നുംതന്നെ വന്നിരുന്നില്ല. 'ദി പ്രീസ്റ്റ്', 'രേഖാചിത്രം' എന്നീ സിനിമകളിലൂടെ ശ്രദ്ധനേടിയ ജോഫിൻ ടി. ചാക്കോ ആകും സംവിധായകനാകുക എന്നും അഭ്യൂഹങ്ങളുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുംദിവസങ്ങളിൽ പുറത്തുവരുമെന്നാണു കരുതപ്പെടുന്നത്.

എസ്.എൻ. സ്വാമിയുടെ തിരക്കഥയിൽ കെ. മധു സംവിധാനം ചെയ്ത സിനിമകളാണ് സിബിഐ സീരീസുകൾ. 1988-ൽ ആയിരുന്നു ആദ്യ സിനിമ റിലീസ് ചെയ്തത്. കോളിളക്കം ഉണ്ടാക്കിയ ഓമന കൊലക്കേസുമായെത്തിയ സിനിമ കണ്ട് മലയാളി ഞെട്ടി. തൊട്ടടുത്ത വർഷം സിനിമാനടിയുടെ കൊലപാതക കഥ പറഞ്ഞ് ജാഗ്രത എത്തി. അഞ്ചു കൊലപാതകങ്ങളിൽ ഒന്ന് ചെയ്തത് താനല്ലെന്ന പ്രതിയുടെ വെളിപ്പെടുത്തലായിരുന്നു 2004-ലെ സേതുരാമയ്യർ സിബിഐക്ക് ആധാരം. 2005-ൽ നേരറിയാൻ സിബിഐ. ഒരു സ്ത്രീയെ പ്രതിസ്ഥാനത്ത് നിർത്തിയ നാലാം കഥയും പ്രേക്ഷകർ കൈയടിയോടെ വരവേറ്റു.

17 വർഷത്തെ ഇടവേളക്ക് ശേഷം അയ്യർ അഞ്ചാം വരവും നടത്തി. വൻ പ്രതീക്ഷയോടെയാണ് ഈ ചിത്രം റിലീസ് ചെയ്തതെങ്കിലും വേണ്ടത്ര പ്രകടനം കാഴ്ചവെക്കാൻ സാധിച്ചിരുന്നില്ല.

# 'ദൃശ്യം 3' മേയ് 21-ന് എത്തും

മലയാള സിനിമയിലെ ആദ്യ ഫാമിലി ത്രില്ലർ എന്നു വിശേഷിപ്പിക്കാവുന്ന ദൃശ്യം സിനിമയുടെ മൂന്നാം ഭാഗമായ ദൃശ്യം 3 മോഹൻലാലിന്റെ ജന്മദിനമായ മേയ് 21-ന് തീയറ്ററുകളിലെത്തും. ജിത്തു ജോസഫ് രചനയും സംവിധാനവും നിർവഹിക്കുന്ന ചിത്രം ആശീർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി




പെരുമ്പാവൂർ നിർമിക്കുന്നു. ഭൂതകാലം ഒരിക്കലും നിശബ്ദമായിരിക്കില്ല, അത് കാത്തിരിക്കുക മാത്രമേ ചെയ്യൂ... എന്ന ടാഗ്‌ലൈനോടെയാണ് മോഹൻലാൽ തന്റെ ഒഫീഷ്യൽ പേജിലൂടെ റിലീസ് ഡേറ്റ് പ്രഖ്യാപിച്ചത്.

അവധിക്കാലം, ഈസ്റ്റർ, വിഷു ആഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ ഏപ്രിൽ ആദ്യവാരത്തിൽ റിലീസ് ചെയ്യാനുള്ള ഒരുക്കത്തിലായിരുന്നു ചിത്രത്തിന്റെ അണിയറ പ്രവർത്തകർ. എന്നാൽ സാങ്കേതിക കാരണങ്ങളാലും ഒപ്പം മോഹൻലാലിന്റെ ജന്മദിനാഘോഷം കണക്കിലെടുത്തും റിലീസ് മേയിലേക്കു മാറ്റുകയായിരുന്നു. ജോർജുകുട്ടിയേയും കുടുംബത്തേയും വരവേൽക്കാനുള്ള ആവേശത്തിലാണ് ആരാധകരും പ്രേക്ഷകരും.

# 'ആന്റപ്പന്റെ അത്ഭുത പ്രവർത്തികൾ' ഒരുങ്ങുന്നു

വിപിൻ ആറ്റ്‌ലീ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ആന്റപ്പന്റെ അത്ഭുത പ്രവർത്തികൾ ഉടൻ പ്രദർശനത്തിനെത്തുന്നു. കേരള സെൻസർ ബോർഡ് നിരസിച്ച ഈ ചിത്രത്തിന് മുംബൈ റിവ്യൂ കമ്മിറ്റിയിൽനിന്നു എ സർട്ടിഫിക്കറ്റോടെയാണ് പ്രദർശനാനുമതി ലഭിച്ചിട്ടുള്ളത്. വിപിൻ ആറ്റ്‌ലി, സാജിദി യാഹിയ, ഡോമിനിക് ഡോം, കലേഷ് കണ്ണാട്ട്, ജെറി ജേക്കബ്, സൂരജ് ടോം, രഞ്ജിനി മേനോൻ, ശർമാജി, ജോസ് മുനമ്പം, മോസപ്പൻ, ഡിക്സൺ പൊടുത്താസ്, ഷാഫി ചെമ്മാട്, ഉണ്ണി ശിവപാൽ, സെബാൻ അഗസ്റ്റിൻ, മഞ്ജുശ്രീ തുടങ്ങിയവരാണ് പ്രധാന അഭിനേതാക്കൾ. മാക്രോം പിക്ചേഴ്സ് അവതരിപ്പിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സന്തോഷ് അണിമ നിർവഹിക്കുന്നു.

സംഗീതം-ഗോപി സുന്ദർ, ഗാനരചന-വിപിൻ ആറ്റ്‌ലീ, സെന്തിൽകുമാർ ഗോവിന്ദ് രാജ്, ദീപക് ശങ്കർ, എഡിറ്റർ-രാജേഷ് കോടോത്ത്, മേക്കപ്പ്-രാജേഷ് നെടുങ്കണ്ടം, പരസ്യകല-ആർട്ടോ കാർപ്പസ്.




# ടൊവിനോ ചിത്രം 'പള്ളിച്ചട്ടമ്പി' ഏപ്രിൽ പത്തിന്

ടൊവിനോ തോമസ് കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ബിഗ് ബജറ്റ് ചിത്രം 'പള്ളിച്ചട്ടമ്പി' ഏപ്രിൽ പത്തിന് പ്രദർശനത്തിനെത്തും. വൻ താരനിരയാണ് ചിത്രത്തിലുള്ളത്. ഡിനോ ജോസ് ആന്റണി സംവിധാനംചെയ്യുന്ന ചിത്രം വേൾഡ് വൈഡ് ഫിലിംസിന്റെ ബാനറിൽ നൗഫൽ, ബ്രജോഷ് എന്നിവരും സീ ക്യൂബ് ബ്രോസ് എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ചാണക്യ, ചരൺ, ചൈതന്യ എന്നിവരുമാണ് നിർമിക്കുന്നത്. 1957-58 കാലഘട്ടത്തിൽ കേരളത്തിൽ നിലനിന്നിരുന്ന രാഷ്ട്രീയ-സാമൂഹ്യ പശ്ചാത്തലത്തിൽ ഒരു മലയോര ഗ്രാമത്തിന്റെ കഥയാണ് ചിത്രം പറയുന്നത്.

അഞ്ചു ഭാഷകളിലാണ് ചിത്രമൊരുക്കുന്നത്. കയാദു ലോഹറാണ് നായിക. വിജയരാഘവൻ, ബാബുരാജ്, സുധീർ കരമന, തെലുങ്കു നടൻ ശിവകുമാർ, അജയ് (കന്നഡ), ജോണി ആന്റണി, ടി.ജി. രവി, പ്രശാന്ത് അലക്സാണ്ടർ, അലക്സ് ഇ. കുര്യൻ, വിനോദ് കെടാമംഗലം, ജോസുകുട്ടി, അർജുൻ രാജേഷ്, ആർച്ചിത്, ഗോപകുമാർ അടൂർ തുടങ്ങിയവരും നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിൽ അണിനിരക്കുന്നു.




# 'വാഴ' ഫ്രാഞ്ചൈസിയിലെ പുതുചിത്രത്തിന്റെ മേക്കിംഗ് വഴികളിലൂടെ സംവിധായകൻ

സിനിമയുടെ ഉത്സവകാലമാണു വേനലവധി. പുത്തൻപടങ്ങളുടെ പൂരാവേശത്തിലേക്ക് പുതുതലമുറ മനസുചേർക്കുന്ന നാളുകൾ. ഏപ്രിൽ രണ്ടിനു വാഴ ഫ്രാഞ്ചൈസിയിലെ പുതുചിത്രം, 'വാഴ 2' റിലീസായതോടെ തീയറ്ററുകളിൽ അവധിക്കാലത്തിന്റെ ആവേശമുണർന്നു. വിപിൻദാസിന്റെ തിരക്കഥയിൽ സവിൻസ് സ സംവിധാനം ചെയ്ത 'വാഴ 2' ഡാർക് കോമഡി ഡ്രാമയാണ്.

'വാഴ 1-ലെ പ്രധാന കഥാപാത്രങ്ങളുടെ കഥയല്ലിത്. വാഴ 1-ൽ ചെറിയ കഥാപാത്രങ്ങളെ അവതരിപ്പിച്ച ഹാഷിർ, അലൻ ബിൻ സിറാജ്, അജിൻ ജോയി, വിനായക് എന്നിവരുടെ ജീവിതത്തിലുണ്ടാകുന്ന സംഭവങ്ങളാണു വാഴ 2. ഈ നാലുപേരുടെ വളർച്ചയുടെ കഥകളുമായി, അത്തരം മൂഡിലുള്ള ഒരു സിനിമ'- സവിൻ സ പറയുന്നു.

വാഴ 1-ന്റെ അതേ പാറ്റേണിൽ പോകുന്ന പരിപാടികളാണ് ഇതിലും. കഥയിലെ സന്ദർഭങ്ങൾക്കും സ്ഥലങ്ങൾക്കും കഥാപാത്രങ്ങൾക്കും ആംബിയൻസിലുമൊക്കെയാണു മാറ്റം. ആദ്യത്തേതിൽ ബയോപിക് ഓഫ് എ ബില്യൺ ബോയ്സ്. ആൺകുട്ടികൾക്ക് അച്ഛന്മാരുമായുള്ള ബന്ധം മുൻനിർത്തി ചെയ്ത പടമാണത്. വാഴ 2, ബയോപിക് ഓഫ് എ ബില്യൺ ബ്രോസാണ്. സഹോദരീസഹോദരന്മാരിലേക്കു ബന്ധിപ്പിക്കുന്ന കഥയാണിത്. വീടും അതിനെ ചുറ്റിപ്പറ്റിയുള്ള സാഹചര്യങ്ങളുമായി ബന്ധമുള്ള കഥാസഞ്ചാരം. ഈ കാലഘട്ടത്തിൽ സംഭവിക്കുന്ന കഥ. ഇതിൽ രണ്ടു നായികമാർ -എയ്ഞ്ചൽ, ആരാധ്യ. ലക്ഷ്മിധന്യ കാരക്ടർ വേഷത്തിലാണ്. ഈ സിനിമയ്ക്കു വാഴ 1-മായുള്ള ബന്ധം തിയറ്ററിൽ കണ്ടുതന്നെയറിയാം.


സിനിമയിലേക്കുള്ള തുടക്കം ചെറുപ്പത്തിലേ സിനിമയോട് ഇഷ്ടമായതുകൊണ്ടാണ്. തിരുവല്ല പെരിങ്ങരയെന്ന നാട്ടിൻപുറത്തുനിന്ന് അതിലേക്ക് എങ്ങനെ എത്തുമെന്നൊന്നും അറിയാത്ത കാലം. സിനിമയിൽ അസോസിയേറ്റായിരുന്ന, എന്റെ വീടിനു തൊട്ടടുത്തുള്ള സാം ചേട്ടൻ വഴിയാണ് ആദ്യമായി അസിസ്റ്റ് ചെയ്യാൻ അവസരമുണ്ടായത്. ഷൂട്ടിംഗ് ഞാൻ ഉദ്ദേശിക്കുന്ന പരിപാടിയൊന്നുമല്ലെന്ന് ആദ്യദിവസം തന്നെ ബോധ്യമായി. എന്നെക്കൊണ്ടാവില്ലെന്നു തോന്നി. പക്ഷേ, സാം ചേട്ടൻ ധൈര്യംപകർന്ന് കൂടെനിർത്തി. പുസ്തകങ്ങൾ തന്നു. ഫിലിം ഫെസ്റ്റിവലുകൾക്കു കൊണ്ടുപോയി. ഒപ്പം പ്രവർത്തിച്ച ടെക്നീഷന്മാരെ പരിചയപ്പെടുത്തി. ക്രമേണ സിനിമയോടുള്ള കാഴ്ചപ്പാടുകൾ മാറി.

അക്കാലത്താണു 'പ്രേമം' റിലീസായത്. പുതിയ സംവിധായകരുടെ പടങ്ങൾ കാണാൻ തുടങ്ങി. വേറിട്ട സിനിമകളാണ് എല്ലാവരും ചിന്തിക്കുന്നതെന്നു ബോധ്യമായി. പിന്നീടാണു ഞാൻ വിപിൻചേട്ടന്റെയടുത്ത് എത്തിയത്. 'ജയ ജയ ജയ ഹേ'യിൽ അസോസിയേറ്റായി. അഭിനയം അന്നും ഇപ്പോഴും ചിന്തയിലില്ല. എഴുത്തും സംവിധാനവുമായിരുന്നു ആഗ്രഹം. തുടർന്നു 'ഗുരുവായൂരമ്പല നടയിൽ', 'വാഴ' തുടങ്ങിയ സിനിമകളിൽ. 'വ്യസനസമേതം ബന്ധുമിത്രാദികളി'ൽ സെക്കൻഡ് യൂണിറ്റ് ഡയറക്ടറായി ഏതാനും ദിവസം ഷൂട്ട് ചെയ്യാനും അവസരമുണ്ടായി.

വാഴ 2-ന്റെ സംവിധായകനായത് വാഴ 1-ൽ ഞാൻ അസോസിയേറ്റ് ഡയറക്ടറായിരുന്നു. അതിന്റെ പോസ്റ്റ് പ്രൊഡക്ഷനിലും കൂടെയുണ്ടായിരുന്നു. ഹാഷിറിനെയൊക്കെ മുൻനിർത്തി വാഴ 2 ആലോചനയിലാണെന്നും ആ സിനിമ സംവിധാനം ചെയ്യാമോ എന്നും ഒരുദിവസം വിപിൻചേട്ടൻ എന്നോടു ചോദിച്ചു. സ്വതന്ത്ര സംവിധായകനാവണമെന്ന ചിന്ത വന്നുതുടങ്ങിയിരുന്നതിനാൽ കേട്ടമാത്രയിൽതന്നെ ഞാൻ സമ്മതമറിയിച്ചു. അപ്പോൾ വാഴ 2-ന്റെ കഥയിലേക്ക് എത്തിയിരുന്നില്ല. പക്ഷേ, വിപിൻ ചേട്ടൻ എന്നെ കൃത്യമായി ലാൻഡ് ചെയ്യിപ്പിക്കുമെന്ന വിശ്വാസം അന്നേ ഉണ്ടായിരുന്നു. സാധാരണ സിനിമകൾ ചെയ്യണമെന്ന് ആഗ്രഹിച്ചു വന്നയാളാണു ഞാൻ. പക്ഷേ, സ്വപ്നത്തിൽപോലും വിചാരിക്കാത്ത കാര്യങ്ങളാണു പിന്നീടു നടന്നത്.

എന്നെ വിശ്വസിച്ച് ആദ്യമായി ഒരാൾ 'ഒരു പടം ഡയറക്ട് ചെയ്യൂ' എന്നു പറഞ്ഞ ആ നിമിഷം. അതായിരുന്നു എനിക്ക് ആത്മവിശ്വാസം നൽകിയത്. കാമുകിയോ അമ്മയോ പോലും എന്നെ അത്ര വിശ്വസിച്ചതായി ഓർക്കുന്നില്ല. വിപിൻ ചേട്ടന്റെ വാക്കുകൾ എന്നെ മാറ്റിമറിച്ചു. അതിനു മുമ്പും എനിക്ക് ആത്മവിശ്വാസമുണ്ടായിരിക്കാം. പക്ഷേ, ഒരു സിനിമ ചെയ്യും എന്നു തീരുമാനത്തിൽ എത്തിയിരുന്നില്ല. വാഴ 1 നല്ല രീതിയിൽ ഹിറ്റാണ്. അതിലെ അഭിനേതാക്കളെല്ലാം പെട്ടെന്നു പ്രശസ്തരായി. ഈ പടം പ്രഖ്യാപിച്ചു പോസ്റ്റർ വന്നതോടെ എവിടെച്ചെന്നാലും വാഴ 2 എന്തായി എന്ന ചോദ്യങ്ങൾ, വർത്തമാനങ്ങൾ. എന്റെ ടെൻഷൻ കൂടിവന്നു. ടെൻഷനുള്ളതുകൊണ്ടാവാം ഞാൻ ഇപ്പോഴും പിടിച്ചുനിൽക്കുന്നത്.




ഇങ്ങനെയൊക്കെ സിനിമ ചെയ്യാൻ പറ്റുമോ എന്നു ചിന്തിപ്പിച്ച ചിത്രമാണല്ലോ 'പ്രേമം'. അതിന്റെ സംവിധായകൻ അൽഫോൺസ് പുത്രൻ ഇതിൽ അഭിനയിക്കാൻ വന്നു എന്നത് ആവേശകരമായ അനുഭവമായി. അടിപൊളി മനുഷ്യനാണ്. സഹകരണ മനോഭാവമുള്ളയാളാണ്. നടനെന്ന രീതിയിൽ തന്റെ കഥാപാത്രത്തിന്റെ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാണ് അദ്ദേഹം സെറ്റിൽ നിന്നിരുന്നത്.

അങ്കിത് മേനോനാണ് മ്യൂസിക് ഏകോപനം. അദ്ദേഹത്തിനൊപ്പം പ്രവർത്തിച്ചവർ, ഞങ്ങളുടെ ഓഡീഷനിൽ വിജയിച്ചവർ തുടങ്ങി ഒമ്പതു സംഗീത സംവിധായകർ ഇതിൽ 10-11 പാട്ടുകളൊരുക്കി. രജത് പ്രകാശ് (ഹാറ്റ്സ്മിത്ത്) സംഗീതം നല്കിയ വാനിലച്ചെടിയേ, മലയാളി മങ്കീസിന്റെ കൊച്ചു കേരളം എന്നിവയാണ് റിലീസായത്.

ഇലക്ട്രോണിക് കിളി, പാർവതീഷ് പ്രദീപ്, അർകാഡോ, ജാസിർ മുഹമ്മദ്, അശ്വിൻ ആര്യൻ, ആർസി, മുത്തു തുടങ്ങിയവർ ചെയ്ത പാട്ടുകളും സിനിമയിലുണ്ട്. എല്ലാം കഥയ്ക്കുവേണ്ടിയുള്ളതും കഥയുടെ കൂടെ പോകുന്നതുമായ സിറ്റ്വേഷണൽ പാട്ടുകളാണ്.

'ജയ ജയ ജയ ഹേ'യിൽ അസോസിയേറ്റ് കാമറാമാൻ ആയിരുന്ന അഖിൽ ലൈലാസുരനാണ് ഇതിന്റെ ഛായാഗ്രാഹകൻ. ഞങ്ങൾ ഒരുമിച്ച് മൂന്നാലു പടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. വാഴ 1-ന്റെ എഡിറ്ററായിരുന്ന കണ്ണൻ മോഹനാണ് ഇതിലും എഡിറ്റർ. എന്റെ എടുത്തുചാട്ടങ്ങളൊക്കെ നിയന്ത്രിച്ച്, തെറ്റുകൾ തിരുത്തി... അത്തരത്തിൽ സഹോദരതുല്യമായ ബന്ധം. വിപിൻചേട്ടൻ ഉൾപ്പെടെ എല്ലാവരിൽ നിന്നും നല്ല രീതിയിലുള്ള കരുതൽ ഉണ്ടായി. അദ്ദേഹം കൂടെയുള്ളത് എപ്പോഴും വലിയ ബലമാണ്.

എല്ലാത്തരം ആളുകൾക്കും ആസ്വദിക്കാനാകുംവിധമാണ് ഈ സിനിമ ഒരുക്കിയത്. സഹോദരിയും സഹോദരനുമൊക്കെയുള്ളവർക്ക് ഈ സിനിമ കൂടുതൽ കണക്ടാകും. തിരികെ വീട്ടിലേക്ക് എത്തുന്ന അനുഭവമായിരിക്കും വാഴ 2. ഹാഷിർ ഉൾപ്പെടെയുള്ളവരെ ഇഷ്ടപ്പെടുന്നവർ ധാരാളമുണ്ട്. പ്ലസ്ടു ജീവിതത്തിന്റെ മൂഡിലുള്ള ഇതിന്റെ പോസ്റ്ററുകളും ഹിറ്റാണ്. 80 ശതമാനം കേരളത്തിലും 20 ശതമാനം ജോർജിയയിലുമായിരുന്നു ഷൂട്ടിംഗ്. കഥാപരമായ ആവശ്യമായിരുന്നു വിദേശത്തെ ചിത്രീകരണം.

വാഴയുടെ ചിത്രമുള്ള 'ദൃശ്യം 3' പോസ്റ്റർ വലിയ അദ്ഭുതമായി. നമുക്ക് ആ സമയത്തു കിട്ടാവുന്നതിൽ ഏറ്റവും നല്ല പ്രമോഷൻ. 50 ലക്ഷം കൊടുത്താലും കിട്ടാത്ത പ്രമോഷൻ! 'വാഴ' ഫ്രാഞ്ചൈസി ആണെങ്കിൽ പോലും പുതിയ പിള്ളേരുടെ പടം എന്ന നിലയിൽ ആളുകളിലേക്ക് എത്തേണ്ട ഒരു സമയം. പിന്നെ, വേറെ റിലീസ് ഡേറ്റുകൾ കിട്ടാനുമില്ല. അങ്ങനെയാണ് ഏപ്രിൽ രണ്ട് ഉറപ്പിച്ചത്. പിന്നീടു 'ദൃശ്യ'ത്തിന്റെ റിലീസ് മേയ് 21-ലേക്കു മാറ്റി.

ഇതു വിജയിച്ചാൽ മുന്നോട്ട് ഇതേ പാറ്റേണിലുള്ള സിനിമകളൊരുക്കാൻ പ്രചോദനമാകും.

'വാഴ 3' വന്നാൽ അതിലും പുതിയ സംവിധായകനും അഭിനേതാക്കളും തന്നെയായിരിക്കും.

# അസോസിയേഷൻ രൂപീകരിക്കാൻ ഗുണ്ടകൾ; ഓഫീസ് തുറക്കുംമുമ്പ് പോലീസ് പൊക്കി

കൊല്ലം: നഗരത്തിൽ ഗുണ്ടകൾ അസോസിയേഷൻ രൂപീകരിച്ച് ഓഫീസ് തുറക്കാൻ പദ്ധതിയിട്ടു. തോക്ക് ഉൾപ്പെടെയുള്ള ആയുധങ്ങളുമായി ഇവർ യോഗം ചേരുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നതോടെ ഈസ്റ്റ് പോലീസ് ആറ് പേരെ അറസ്റ്റ് ചെയ്തു.

കൊല്ലം ജോനകപുറം സ്വദേശി നൗഫൽ (40), ഇരട്ടക്കുളങ്ങര സ്വദേശി മണികണ്ഠൻ (50), ശക്തുകുളങ്ങര സ്വദേശി സക്കറിയ (37), മുണ്ടക്കൽ സ്വദേശി ഷെറിൻ (39), പള്ളിത്തോട്ടം സ്വദേശി ഷാനു (28), കടപ്പാക്കട സ്വദേശി നിസാമുദ്ദീൻ (53) അറസ്റ്റ് ചെയ്തത്. ഇവരെ പിന്നീട് ജാമ്യത്തിൽ വിട്ടു.

കൊടും ക്രിമിനലുകളാണ് യോഗത്തിൽ പങ്കെടുത്തതെന്ന് പോലീസ് പറഞ്ഞു. ബിഎൻഎസ് സെക്ഷൻ 192 വകുപ്പ് പ്രകാരമാണ് പ്രതികൾക്കെതിരെ കേസെടുത്തത്. കഴിഞ്ഞ ജനുവരിയിൽ വ്യത്യസ്ത ദിവസങ്ങളിലായി മുണ്ടയ്ക്കൽ ഭാഗത്തുവെച്ചാണ് കേസിനാസ്പദമായ സംഭവങ്ങൾ നടന്നത്. ഒന്നാം പ്രതിയുടെ സുഹൃത്തിന്റെ വീട്ടിൽ പിസ്റ്റൾ പിടിച്ചുനിൽക്കുന്ന ചിത്രങ്ങൾ പ്രതികൾ പകർത്തിയിരുന്നു.

കൂടാതെ, കൊല്ലം ശാരദാ മഠത്തിന് സമീപം 'ഗുണ്ടാ അസോസിയേഷൻ' ഓഫീസ് തുറക്കുന്നുവെന്ന വ്യാജേന വീഡിയോകൾ ചിത്രീകരിക്കുകയും റോഡിൽ ഉച്ചത്തിൽ പാട്ട് വെച്ച് നൃത്തം ചെയ്യുകയും ചെയ്തു. സമൂഹത്തിൽ പ്രകോപനവും ഭീതിയും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ദൃശ്യങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ചതെന്ന് എഫ്ഐആറിൽ പറയുന്നു.

സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്വമേധയയാണ് കേസെടുത്തത്. തോക്ക് ഉൾപ്പെടെയുള്ള മാരകായുധങ്ങളുമായാണ് ഗുണ്ടകൾ യോഗത്തിന് എത്തിയത്. ഇതിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങൾവഴി ഗുണ്ടകൾ തന്നെയാണ് പുറത്തുവിട്ടത്. ഇത് ശ്രദ്ധയിൽപെട്ടതിന് പിന്നാലെയാണ് പോലീസിന്റെ നടപടി. കൊല്ലത്ത് ഗുണ്ടകൾ നടത്തിയ പിറന്നാൾ ആഘോഷവും വടിവാൾകൊണ്ട് കേക്ക് മുറിച്ചതുമെല്ലാം നേരത്തെ വിവാദമായിരുന്നു. കൊല്ലത്ത് ഗുണ്ടാ അസോസിയേഷൻ രൂപീകരിച്ച് വിവിധ പ്രദേശങ്ങളിലെ ഗുണ്ടകളെ അംഗങ്ങളാക്കാനായിരുന്നു ലക്ഷ്യം.

# പൊന്നിൻ തിളക്കമുള്ള വിശ്വസ്തത

കട്ടപ്പന: ഒരു പതിറ്റാണ്ട് മുമ്പ് നഷ്ടപ്പെട്ട സ്വർണ്ണവും പണവും ഉടമയെ തിരികെ ഏല്പിച്ചു മാതൃകയാവുകയാണ് കട്ടപ്പന വെള്ളയാംകുടി സ്വദേശി മരോട്ടിശേരിൽ ബാബു. എട്ടുവർഷം മുമ്പാണ് വെള്ളയാംകുടി കൈനിക്കുന്നേൽ ജിജോ എന്ന അദ്ധ്യാപകൻ സമീപവാസിയായ മരോട്ടിശേരിയിൽ ബാബുവിന് സ്റ്റീൽ അലമാര സൗജന്യമായി നല്കിയത്.

പതിനൊന്നു വർഷം മുമ്പ് അപകടത്തെത്തുടർന്ന് മരണമടഞ്ഞ ജിജോയുടെ അമ്മ ഉപയോഗിച്ചുകൊണ്ടിരുന്ന അലമാരയാണ് സമീപവാസിയായ ബാബുവിന് സൗജന്യമായി നല്കിയത്. അലമാര പഴക്കം ചെന്നതിനെത്തുടർന്ന് ഇതിനുള്ളിലെ ഡ്രോ അടയ്ക്കാനും തുറക്കാനും ബുദ്ധിമുട്ടായി. ഇതേത്തുടർന്ന് ബാബു അലമാരയുടെ ഡ്രോ അഴിച്ചെടുത്തപ്പോഴാണ് പേഴ്സിനുള്ളിലായി സൂക്ഷിച്ചിരുന്ന സ്വർണ്ണവും പണവും കണ്ടത്. സ്വർണ്ണക്കൊന്തയും മാലയും വളയും കമ്മലും ഉൾപ്പെടെ ഏകദേശം ഏഴു പവനോളം സ്വർണ്ണവും നിരോധിച്ച 7,500 രൂപയുമാണ് അലമാരയിലുണ്ടായിരുന്നത്.

ഇക്കാര്യം ബിജോയെ അറിയിക്കുകയും വാർഡ് കൗൺസിൽ ബീനാ സിബിയുടെ സാന്നിദ്ധ്യത്തിൽ മുതൽ കൈമാറുകയും ചെയ്തു. സാമ്പത്തിക ബാദ്ധ്യത മൂലം കിടപ്പാടം വിറ്റ് വാടകവീട്ടിൽ കഴിയുന്ന ബാബുവിന്റെ മനസ്സ് സ്വർണ്ണത്തേക്കാൾ വിലയേറിയതാണെന്ന് തെളിയിച്ചിരിക്കുകയാണ്.

# എൽഡിഎഫിന് ആർഎസ്എസിന്റെയും ബിജെപിയുടെയും പിന്തുണയെന്ന് രാഹുൽഗാന്ധി

കട്ടപ്പന: കേരളത്തിൽ ഇടതുപക്ഷം തീവ്ര വലതുപക്ഷത്തിന്റെ സഹായം വാങ്ങുന്നുവെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. എൽഡിഎഫ് ബിജെപിയുടെയും ആർഎസ്എസിന്റെയും പിന്തുണയാണ് വാങ്ങുന്നത്. ഇടുക്കി ജില്ലയിലെ യുഡിഎഫ് സ്ഥാനാർത്ഥികളായ റോയി കെ. പൗലോസ്, അഡ്വ. സേനാപതി വേണു, അഡ്വ. സിറിയക് തോമസ് എന്നിവരുടെ പ്രചാരണയോഗം കട്ടപ്പന നഗരസഭാ മൈതാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മോദി പോകുന്നിടത്തെല്ലാം ക്ഷേത്രത്തെക്കുറിച്ചു പറയും. എന്നാൽ, കേരളത്തിൽ വന്നാൽ അയ്യപ്പന്റെ സ്വർണം കട്ടതിനെക്കുറിച്ചു പറയില്ല. ഇത് അവർ പങ്കാളികളാണെന്നു തെളിയിക്കുന്നു. മണിപ്പൂരിൽ പള്ളി തകർക്കുന്ന ബിജെപിയാണ് കേരളത്തിൽ എൽഡിഎഫിനെ പിന്തുണയ്ക്കുന്നത്.

എൽഡിഎഫ് സർക്കാർ കർഷകർക്ക് പട്ടയം നല്കാത്തതിനാൽ സ്വന്തം ഭൂമിയിൽ അവകാശമില്ലാത്തവരായി അവർ മാറി. ഇടുക്കിയിൽ സൂപ്പർ സ്പെഷാലിറ്റി ആശുപത്രി ഇല്ലാത്തതിനാൽ ആരോഗ്യമേഖല പരിപൂർണ്ണമായി തകർന്നു.

ഏത് ഇടതുപക്ഷത്തിനാണ് ഇങ്ങനെ ചെയ്യാൻ സാധിക്കുക. ഇവർ പരിപൂർണ്ണ കുത്തകകളാണ്. യുവാക്കൾക്ക് ഇവിടെ ജോലി ലഭിക്കണമെങ്കിൽ ഇടതുപക്ഷത്തിനൊപ്പം നിൽക്കേണ്ടിവരുന്നു. ഇടതിനെ എതിർത്താൽ തൊഴിലിനായി കടൽ കടക്കേണ്ടിയും വരുന്നു. കേരളം ലഹരിയുടെ പിടിയിലായത് ഇടതുപക്ഷത്തിന്റെ ഭരണപരാജയമാണ്.

ഡൽഹിയിൽ മോദി ട്രംപ് പറയുന്നത് കേൾക്കും. കേരളത്തിൽ മുഖ്യമന്ത്രി മോദി പറയുന്നത് കേൾക്കും. കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ താൻ സംസാരിക്കാൻ തുടങ്ങിയപ്പോൾ മോദി ഓടിക്കളഞ്ഞുവെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

# പ്രിയയ്ക്ക് 1.5 കോടിയുടെ ഫെലോഷിപ്പ്

ബത്തേരി: ഇക്കണോമിക്സിൽ പിഎച്ച്.ഡി. ഗവേഷണം നടത്തുന്നതിന് ബത്തേരി സ്വദേശി പ്രിയ ബെന്നിക്ക് മേരി ക്യൂറി ഫെലോഷിപ്പ് (1.5 കോടി രൂപ) ലഭിച്ചു. പോർച്ചുഗൽ ലേ സാന്ത കാസ ദ മിസെ റിക്കോർഡിയ ദ അമഡോറയിലാണ് ഗവേഷണം. തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇക്കണോമിക്സ് ബിരുദവും മദ്രാസ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. ബത്തേരി മൂലങ്കാവ് ചിറ്റയമാലിൽ ബെന്നി പോളിന്റെയും കെ.പി. ഷാലിയുടെയും മകളാണ്.

# ഡോ. ടി.ആർ. ശങ്കുണ്ണി അന്തരിച്ചു

തൃശൂർ: നോവലിസ്റ്റും ശാസ്ത്രസാഹിത്യകാരനും ബാലസാഹിത്യകാരനും കേരള കാർഷിക സർവകലാശാലാ അക്കാദമിക് വിഭാഗം മുൻ സീനിയർ ഡെപ്യൂട്ടി രജിസ്ട്രാറുമായ ഡോ. ടി.ആർ. ശങ്കുണ്ണി (91) അന്തരിച്ചു. ആലുവ പാലത്തിങ്കൽ ശങ്കരൻകുട്ടിയുടെ മകൾ രാധമ്മയാണ് ഭാര്യ. മക്കൾ: ജയശങ്കർ (ഡയറക്ടർ, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ), പ്രഫ. ഡോ.എസ്. മായ (വെറ്ററിനറി കോളജ് മണ്ണുത്തി), എസ്. പ്രിയ.

1983 മുതൽ അഞ്ചുവർഷം കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമായിരുന്നു. ഉയർന്ന മാനദണ്ഡങ്ങൾ ദീക്ഷിക്കുന്ന ഗ്രന്ഥങ്ങൾക്ക് കേരള സർക്കാർ നല്കുന്ന പാരിതോഷികം നേടിയ 'ശാസ്ത്രഗോപുരത്തിന്റെ രാജശില്പികൾ' അടക്കം ആറ് പ്രസിദ്ധ സയൻസ് ഗ്രന്ഥങ്ങൾ, കേരള സാഹിത്യ അക്കാദമി അവാർഡും ദേശീയ അവാർഡും നേടിയ 'വായുവിന്റെ കഥ', സംസ്ഥാന ബാലസാഹിത്യ പുരസ്കാരം നേടിയ 'ഹിതോപദേശകഥകൾ' എന്നിവയടക്കം 15 ബാലസാഹിത്യ ഗ്രന്ഥങ്ങളും ഉറൂബ് അവാർഡ് കരസ്ഥമാക്കിയ 'വേദസാക്ഷി' അടക്കം 15 നോവലുകളും പ്രധാന രചനകളായുണ്ട്. യുറീക്കാ മാസികയുടെ സ്ഥാപക പത്രാധിപരായിരുന്നു.

# അഞ്ച് കിലോ സിലിണ്ടർ

(ഒന്നാം പേജിൽ നിന്നും)

സാധാരണ കണക്ഷൻ എടുക്കാൻ വേണ്ട അഡ്രസ് പ്രൂഫിന് പകരം ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ മാത്രം നൽകിയാൽ അടുത്തുള്ള ഇൻഡേൻ ഏജൻസികളിൽ നിന്ന് സിലിണ്ടർ നേരിട്ട് വാങ്ങാം. ഇൻഡേൻ വിതരണക്കാരിൽനിന്ന് മാത്രമല്ല, അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നും തെരഞ്ഞെടുത്ത പലചരക്ക് കടകളിൽനിന്നും ഇത് ലഭ്യമാകും. സിലിണ്ടർ തീർന്നാൽ ഉടൻ തന്നെ കടകളിൽ ചെന്ന് റീഫിൽ ചെയ്ത സിലിണ്ടർ വാങ്ങി മടങ്ങാമെന്നത് വീട്ടമ്മമാർക്കും വലിയ ആശ്വാസമാകും.

ഇന്ത്യയുടെ എൽപിജി ആവശ്യകതയുടെ 60 ശതമാനവും ഇറക്കുമതിയെയാണ് ആശ്രയിക്കുന്നത്.

വിതരണ ശൃംഖലയിൽ തടസങ്ങൾ നേരിടുമ്പോൾ, പാചകവാതകം പെട്ടെന്ന് ആവശ്യമുള്ളവർക്കും വിതരണ കേന്ദ്രങ്ങളിൽ കാത്തുനിൽക്കാൻ ബുദ്ധിമുട്ടുള്ളവർക്കും 'ചോട്ടു' മികച്ചൊരു ബദലായിരിക്കുമെന്ന് ഇന്ത്യൻ ഓയിൽ കോർപറേഷൻ വ്യക്തമാക്കി.

എൽപിജി വിതരണം കൂടുതൽ ലളിതമാക്കുന്നതിന്റെ ഭാഗമായാണ് ഈ ചെറിയ സിലിണ്ടറുകളുടെ ലഭ്യത വർധിപ്പിച്ചിരിക്കുന്നത്.

# പരസ്യപ്രചാരണം അവസാനഘട്ടത്തിൽ

(ഒന്നാം പേജിൽ നിന്നും)

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ പ്രചാരണരംഗത്ത് ഇടതുമുന്നണി ആയുധമാക്കുമ്പോൾ, മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി രാഷ്ട്രീയം ഇത്തവണ സിപിഎം കാര്യമായ ചർച്ചയാക്കുന്നില്ല. യുഡിഎഫ് രാഷ്ട്രീയം വിവാദമാക്കുമ്പോൾ ഭരണനേട്ടങ്ങൾ എടുത്തുപറഞ്ഞാണ് സിപിഎമ്മിന്റെ പ്രതിരോധം. ജനങ്ങൾ നേരിട്ടറിഞ്ഞ കാര്യങ്ങളാണ് പ്രധാന ചർച്ചാവിഷയമെന്നും ഇതാണ് വോട്ടായി മാറുന്നതെന്നുമാണ് സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി പറയുന്നത്. ഇതിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണ് തെരഞ്ഞെടുപ്പിലെ പ്രധാന പ്രചാരണ വിഷയമെന്നാണ് ബേബി പേരെടുത്തു പറയാതെ പറയുന്നത്. ജയിച്ചാലും തോറ്റാലും ക്രെഡിറ്റ് പിണറായി വിജയനു തന്നെയാകും. ബിജെപി അടക്കമുള്ളവരുമായുള്ള എല്ലാ ഡീലുകളും കോൺഗ്രസുമായിട്ടാണെന്നാണ് സിപിഎം നേതൃത്വം ആരോപിക്കുന്നത്. എന്നാൽ, ഇതിന് എത്രത്തോളം വിശ്വാസ്യത കൈവരിക്കാനാകുമെന്നത് തെരഞ്ഞെടുപ്പു ഫലം വരുമ്പോൾ മാത്രമാകും വ്യക്തമാകുക. ഏതാനും സീറ്റുകളിൽ പ്രതീക്ഷയർപ്പിച്ചാണ് ബിജെപിയുടെ അവസാനഘട്ട പ്രചാരണം. അവസരം തന്നാൽ മറ്റു സംസ്ഥാനങ്ങളിലേതു പോലുള്ള വികസനം കേരളത്തിലേക്ക് കൊണ്ടുവരാമെന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കം പ്രഖ്യാപിക്കുന്നത്. എൽഡിഎഫ്- യുഡിഎഫ് ഒത്തുകളിയും വികസനവുമൊക്കെ ബിജെപി പ്രചാരണ വിഷയങ്ങളാക്കുന്നു. മൂന്നു മുതൽ ഏഴു വരെ സീറ്റുകൾ നേടുമെന്നാണ് എൻഡിഎ പ്രതീക്ഷ.

ന്യൂനപക്ഷങ്ങളെ വേട്ടയാടാനുള്ള എഫ്സിആർഎ ബില്ലിനൊപ്പം തൃശൂരിലെ സൈജന്യ കിറ്റ് വിവാദവും സിപിഎം- ബിജെപി വോട്ട് കച്ചവടവുമൊക്കെ ബിജെപിയുടെ പ്രതീക്ഷകൾക്ക് ഏറെ തിരിച്ചടിയായെന്നാണ് നേതാക്കളുടെ വിലയിരുത്തൽ.

# ആർട്ടെമിസ് 2

(ഒന്നാം പേജിൽ നിന്നും)

യാത്രയ്ക്കിടയിൽ ചന്ദ്രോപരിതലത്തിലെ മുപ്പതു പ്രധാന സ്ഥലങ്ങളെക്കുറിച്ച് സംഘം പഠനം നടത്തും.

ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഓറിയന്റൽ ബേസിൻ ആണ്. ഏകദേശം 600 മൈൽ വീതിയുള്ള ഈ ഗർത്തം ചന്ദ്രന്റെ വശങ്ങളിലായിട്ടാണു സ്ഥിതി ചെയ്യുന്നത്. കൂടാതെ, ചന്ദ്രന്റെ മറുവശത്തുള്ള ഹെർട്സ്സ്പ്രംഗ്ബേസിൻ എന്ന ഗർത്തവും ഇവർ നിരീക്ഷിക്കും.

ഈ രണ്ട് ഗർത്തങ്ങളെയും താരതമ്യം ചെയ്യുന്നത് വഴി ചന്ദ്രന്റെ ഭൂമിശാസ്ത്രപരമായ മാറ്റങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കും.

തിരികെയുള്ള യാത്രയ്ക്കുശേഷം ഏപ്രിൽ 10-ന് രാത്രി ഒൻപതോടെ പേടകം പസിഫിക് സമുദ്രത്തിൽ പതിക്കും. തുടർന്ന് യുഎസ് നേവിയുടെ കപ്പലുകളും ഹെലികോപ്റ്ററുകളും പേടകത്തെയും യാത്രികരെയും വീണ്ടെടുക്കും.

ക്രിസ്റ്റീന കോച്ച് ചന്ദ്രനിലേക്കുള്ള യാത്രയിൽ പങ്കാളിയാകുന്ന ആദ്യ വനിതയാണ്. പത്തുദിവസം നീണ്ടുനിൽക്കുന്ന ദൗത്യമാണ് ആർട്ടെമിസ് 2. ഈ ദൗത്യത്തിൽ യാത്രക്കാർ ചന്ദ്രനിൽ ഇറങ്ങില്ല. ജീവൻരക്ഷാ സംവിധാനങ്ങളടക്കം പരീക്ഷിക്കുന്നതിനായി ചന്ദ്രനെ വലംവെച്ചശേഷം സുരക്ഷിതമായി അവർ ഭൂമിയിലേക്ക് മടങ്ങും. ഏകദേശം 22 ലക്ഷം കിലോമീറ്റർ സംഘം യാത്ര ചെയ്യും.

ആർട്ടെമിസ് 3 ദൗത്യത്തിലടക്കം ഭാവിയിൽ ചന്ദ്രനിൽ ഇറങ്ങാൻ ആവശ്യമായ സാങ്കേതിക വിദ്യകളും സുരക്ഷാ സംവിധാനങ്ങളും പരീക്ഷിച്ച് ഉറപ്പുവരുത്തുക എന്നതാണ് ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. ഇതുവരെ ഏകദേശം 9300 കോടി യുഎസ് ഡോളറാണ് ആർട്ടെമിസിനായി യുഎസ് ചെലവഴിച്ചത്.


നേരത്തെ ഫെബ്രുവരിയിലായിരുന്നു വിക്ഷേപണം തീരുമാനിച്ചിരുന്നത്. എന്നാൽ, സാങ്കേതികത്തകരാറിനെ തുടർന്നാണ് ഈ മാസത്തേക്ക് മാറ്റിയത്. 1972-ൽ അപ്പോളോ 17 ദൗത്യത്തിലാണ് ആദ്യമായി മനുഷ്യൻ ചന്ദ്രനിൽ പോയത്. അതിനുശേഷം ആദ്യമായാണ് ചന്ദ്രനെ സന്ദർശിക്കാൻ മനുഷ്യരെത്തുന്നത്.

# ചർച്ചകൾ പുരോഗമിക്കുന്നു

(ഒന്നാം പേജിൽ നിന്നും)

അതേസമയം, യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ്, ഇറാനു മുന്നിൽവെച്ച സമയപരിധി അവസാനിക്കുന്നതിനു മുൻപ് ഭാഗികമായ കരാറിലെങ്കിലും എത്തിച്ചേരാനുള്ള സാധ്യത നന്നേ കുറവാണെന്നാണ് നിരീക്ഷിക്കപ്പെടുന്നത്. ഏപ്രിൽ ഏഴിന് രാത്രി എട്ടുമണിക്കകം ഇറാൻ സമാധാനക്കരാറിൽ എത്തിച്ചേരണമെന്നാണ് ട്രംപ് മുന്നറിയിപ്പ് നല്കിയിരിക്കുന്നത്. ഇല്ലെങ്കിൽ കനത്ത പ്രത്യാഘാതം നേരിടേണ്ടിവരുമെന്നും ട്രംപ് ഭീഷണി മുഴക്കിയിരുന്നു. ഈ പശ്ചാത്തലത്തിൽ, വെടിനിർത്തൽ കരാറിന്റെ വ്യവസ്ഥകളിലേക്ക് എത്തിച്ചേരാനുള്ള തിരക്കുപിടിച്ച ചർച്ചകളാണ് നയതന്ത്രതലത്തിൽ നടക്കുന്നത്. അല്ലാത്തപക്ഷം മേഖലയിലെ സാഹചര്യം കൂടുതൽ വഷളാകാനിടയുണ്ട്. അതൊഴിവാക്കാനുള്ള അവസാന ശ്രമമായാണ് ഈ ചർച്ചകൾ.


THE INDIAN KNANAYA CATHOLIC COMMUNITY OF GREATER NEW YORK
IKCC celebrating
50th Anniversary
on SAT April 18th, 2026
at Rockland Knanaya Center
Inviting you all for
GOLDEN JUBILEE CELEBRATIONS
Stephen Kidarathil
President
Mini Thayil
Vice-President
Salby Makil
Secretary
Sabu Thadipuzha
Joint Secretary
Renji Manalel
Treasurer
Regional Area Coordinators
Laly Veluparambil
Marykutty Kandarapallil
Nishy Kodianthara
Justin Vattakalam
Tintu Pattarkuzhy
Sibi Manackaparambil
Kavitha Chemmacheril
Saji Kannankara Puthenpurayil
National Council Members
Berny Mullapallil
Chacko Manimala
Jacob Kusumalayam
Joy Paradiyil
Sajan Bhagavathikunnel
Saji Orapankal
Siju Cheruvankalayil
Ajish Thamarathul
Ex-Officio
KCCNA Secretary
Abraham Perumanisseril
Ex-Officio
Renchu Perumpalath
Women's Forum President
Gabriel Nedumpillil
KCYL President




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**